# നോമ്പിനെക്കുറിച്ചുള്ള സത്യം 1

ആമുഖം:-

ഇന്ന ലോകമതങ്ങൾ ഒക്കെ തന്നെയും പൊതുവായി ചില അനുഷ്ഠാനങ്ങളിലും(നാട്ടു നടപ്പ്)വിശ്വാസങ്ങളിലും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയാണ്.ഒന്നാമതായി, ഓരോ മതസ്ഥർക്കും അവരുടെ മതത്തിന്റെ നെടും തൂണുകളായി കണക്കാക്കപ്പെടുന്ന ആരാധനാ രീതികളുണ്ട്.രണ്ടാമതായി ഇവരിൽ കാണുന്ന ഒരു പാരമ്പര്യം, സ്വന്തത്തെ തന്നെ ശിക്ഷിക്കുകയും,പട്ടിണികിടന്നും സ്വന്തം ശരീരത്തെ പീഡിപ്പിച്ചും ദൈവത്തെ സന്തോഷിപ്പിക്കുന്ന കാഴ്ചയുമാണ്.മൂന്നാമതായി, പരിശുദ്ധരായവരുടെ അടുത്തേക്കോ അത്തരം സ്ഥലങ്ങളിലേക്കോ ,ആചാരമെന്നോണം തീർത്ഥയാത്രകൾ നടത്തുകയും ചെയ്യുന്നു.പരിശുദ്ധരുടെ ശവകുടീരങ്ങളിലേക്കോ അതിനോടു ബന്ധപ്പെട്ട കെട്ടിടങ്ങളിലേക്കോ പുണ്ണ്യം തേടിയുള്ള തീർത്ഥയാത്രകളും ഇതിൽ ഉൾപ്പെടുന്നു.അവസാനമായി എല്ലാ മതങ്ങളിലും ദൈവത്തിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ദാനം നൽകുക എന്ന ഒരു പരിപാടിയുമുണ്ട്.

കൂടാതെ മതത്തിന്റെ അടിസ്ഥാന ഭാഗമായി പരിഗണിക്കപ്പെടുന്ന വേറെയും ചില വിശ്വാസങ്ങളുണ്ട്.ഈ വിശ്വാസത്തിൽ ദൈവത്തിനു ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം ഇവർ നൽകുന്നു.ദൈവത്തെക്കുറിച്ച് ഒന്നുകിൽ ബഹുദൈവമെന്നോ, അല്ലെങ്കിൽ അദ്വൈതമെന്നോ ഒക്കെയുള്ള വിശ്വാസം ഏതൊരു മതത്തിലും ഉണ്ട്. ദൈവവുമായി ബന്ധപ്പെട്ട് ധാരാളം വിശ്വാസങ്ങളുണ്ട്.വിശ്വാസികൾ അവ വിശ്വസിക്കലും അതു പ്രകടിപ്പിക്കലും നിർബന്ധമാണ്.

എല്ലാ മതത്തിന്റയും പ്രധാനപ്പെട്ട ഒരു ഭാഗമാണ് പ്രവാചകനെക്കുറിച്ചുള്ള ധാരണ. ദൈവത്തിന്റെ സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉന്നതരാണ് പ്രവാചകന്മാരും ദൂതന്മാരും എന്ന് കണക്കാക്കുകയും ചെയ്യുന്നു.അവരുടെ സവിശേഷമായ സ്വഭാവങ്ങളും ഗുണങ്ങളും അതിശയോക്തിയോടുകൂടി അവതരിപ്പിക്കുകയും മനുഷ്യരിലാർക്കും അല്പംപോലും അവരോടു സദൃശരാകാൻ കഴിയില്ല എന്നും വിശ്വസിക്കുന്നു.അവരുടെ ഉന്നതമായ ഗുണങ്ങൾ വാഴ്ത്താൻ വേണ്ടി മാത്രം ഉപയോഗിക്കുന്നു.ഒരു മനുഷ്യജീവിക്കും അവ പിന്തുടരാനോ അവരെപ്പോലെ ആകാനോ കഴിയുക എന്നത് അസാധ്യമാണ് എന്നും വിശ്വസിക്കുന്നു.ദൈവീക കൽപനകളുടെ അടിസ്ഥാനത്തിൽ ജീവിച്ചുകൊണ്ട് ഈ പ്രവാചകന്മാർ ധാർമ്മികമായ സ്വഭാവത്തിന്റെ കൊടുമുടിയിൽ എത്തിച്ചേർന്നിരിക്കുന്നു,പക്ഷെ പ്രവാചകന്മാരെക്കുറിച്ച് അതിശയോക്തിയിലൂടെ അവതരിപ്പിച്ച മുഴുവൻ കാര്യങ്ങളും നാം വിശ്വസിക്കണം എന്നു പറയുന്നത് നമ്മുടെ സാമാന്യ ബുദ്ധിയെ മരവിപ്പിക്കുന്നതിനു തുല്ല്യമാണ്. അതെല്ലെങ്കിൽ നമ്മെ ദൈവ നിന്ദകരും മതത്തിനു പുറത്തുള്ളവരുമാണെന്ന് മുദ്ര കുത്തുന്നു.

പ്രവാചകന്റെ, ബന്ധുക്കളും, സുഹൃത്തുക്കളും അവരുടെ അമാനുഷിക സ്വഭവങ്ങളും, ശക്തികളും മുഖേന പ്രവാചകനെ വരെ അതിശയിപ്പിച്ചിരുന്നു എന്നാണ് ഇവർ പറയുന്നത്.നമ്മുടെ ബുദ്ധിയെ മരവിപ്പിക്കുകയും ഇത്തരം മനുഷ്യ നിർമ്മിത പാര

മ്പര്യ വിശ്വാസങ്ങൾ നാം സ്വീകരിക്കുകയും ചെയ്യേണ്ടി വരുന്നു.ഇതിനെതിരെ ചിന്തിക്കാനോ ചോദ്യം ചെയ്യാനോ പാടില്ല.അങ്ങിനെ ചെയ്താൽ മതപുരോഹിതരുടെ ക്രോധത്തിനു നാം ഇരയാകും.പ്രവാചകന്റെ അനുയായികൾ അമാനുഷിക വ്യക്തിത്ത്വത്തിന്റെ ഉടമകളായിരുന്നു എന്നാണ് ഇവർ അവകാശപ്പെടുന്നത്. ചുരുക്കത്തിൽ മതത്തിന് വിശ്വാസങ്ങളാലും, ആചാരങ്ങളാലും,നാട്ടു നടപ്പുകൊൾ കൊണ്ടും സത്യം കണ്ടെത്താൻ കഴിയാത്ത വിധം ഇരുളടഞ്ഞ അവസ്ഥയാണ്. നമുക്കു ഒരിക്കലും ഒരു വിശ്വാസത്തെയോ ആചാരത്തേയോ ചെദ്യം ചെയ്യാൻ പാടില്ല. അങ്ങിനെയെങ്ങാനും നാം ചെയ്താൽ ഫത് വകൾക്കൊണ്ടുള്ള മരണം നാം ക്ഷണിച്ചു വരുത്തലാകും ഫലം.

ഇന്നത്തെ ഇസ്ലാം മതത്തിനു മറ്റു മതങ്ങളിൽ നിന്നും യാതൊരു വ്യത്യാസവും ഇല്ല.മറ്റു മതങ്ങളിലുള്ള വിശ്വാസങ്ങളും ആചാരങ്ങളും വ്യത്യസ്ഥ പേരുകളിൽ നമ്മളും സ്വീകരിച്ചിരിക്കുകയാണ്.ഏതൊരു അന്വേഷണാത്മകമായതും യുക്തിഭദ്രവുമായതുമായ ചിന്തകളെയും ഇവിടെ നിരോധിക്കുകയും തടഞ്ഞുവെച്ചിരിക്കുകയുമാണ്.

മറ്റു മതങ്ങളെ നിരൂപണം നടത്താൻ നമുക്കു ഒരവകാശവും ഉള്ളതായി ഞാൻ കണക്കാക്കുന്നില്ല. ആദ്യമായി നമുക്കു നമ്മുടെ സ്വന്തം മതത്തെ നിരൂപണാത്മകമായി നോക്കാം.മറ്റു മതസ്ഥരുടെ അതേ വിശ്വാസങ്ങളും ആചാരങ്ങളും വ്യത്യസ്ഥ പേരുകളിൽ നാം സ്വീകരിക്കുകയും എന്നിട്ടു മറ്റുള്ളവരുടെ വിശ്വാസങ്ങളെയും നാട്ടു നടപ്പുകളെയും നാം ചോദ്യം ചെയ്യുകയും ചെയ്യുന്നു.?അതുകൊണ്ട് നമുക്ക് ഖുർആനിന്റെ വെളിച്ചത്തിൽ നമ്മുടെ വിശ്വാസങ്ങളും ആചാരങ്ങളും, നാട്ടു നടപ്പുകളും ഒന്നു നിരൂപണാത്മകമായി പരിശോധിക്കാം.

പ്രിയപ്പെട്ട സഹോദരങ്ങളെ ,ഞാൻ നിങ്ങളെ ഇസ്ലാമിനെക്കുറിച്ചു മാത്രമുള്ള മാർഗ്ഗ നിർദ്ദേശം സ്വീകരിക്കാനും,മനസ്സിലാക്കാനും വിളിക്കുകയാണ്,അത് നിങ്ങൾ ചെയ്യുന്നത് ഖുർആനിൽ നിന്ന് മാത്രമായിരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.എന്റെ വീക്ഷണത്തിൽ ഇസ്ലാം ഒരുപാട് ആചാര ആരാധനകളുടെയും വിശ്വാസങ്ങളുടെയും തടവറക്കുള്ളിൽ ഒരാളെ തളച്ചിടുന്ന മതമല്ല.ഈ ഭൂമുഖത്ത് ജീവിക്കുന്ന എല്ലാ ജനങ്ങൾക്കുമുള്ള ജീവിത മാർഗ്ഗദർശങ്ങളുടെ നിയമസംഹിതയാണ്. ഈ ജീവിത പദ്ധതിയെക്കുറിച്ച് ഖുർആനിൽ നിന്നു മാത്രം മനസ്സിലാക്കാൻ ഞാൻ ശ്രമിക്കുകയാണ്.നമ്മുടെ മഹാന്മാരായ പല പണ്ഡിതന്മാരും ഒരുപാട് തെറ്റായതും യുക്തിരഹിതവുമായ കാര്യങ്ങൾ പ്രവാചകനിലേക്ക് ചേർത്തു പറയുന്നു. ഇത്തരം വിലകുറഞ്ഞതും,യുക്തിരഹിതവുമായ കാര്യങ്ങൾ പ്രവാചകനിലേക്ക് ചേർക്കുക വഴി നമ്മുടെ പ്രവാചകനെ കളിയാക്കലല്ലേ അത്?.യാതൊരു വിലയും ഇല്ലാത്ത ഇത്തരം കാര്യങ്ങൾ ഖുർആൻ മനസ്സിലാക്കാൻ നാം എങ്ങിനെ ഉപയോഗിക്കും.?

ഇത്തരം യുക്തിരഹിതമായ ആചാരങ്ങൾ വിശദീകരിച്ച ശേഷം അതിനെ "അല്ലെങ്കിൽ ദൂതൻ പറഞ്ഞതു പോലെ" (أَوْ كَمَا قَال رَسُول اللّٰهِ) എന്ന പറഞ്ഞു ദൂതനിലേക്ക ചേർക്കുകയും ചെയ്യും.ഇതുവഴി പ്രവാചകൻ അതു പറഞ്ഞിരിക്കുന്നു എന്നതിന ഒരു രേഖയുമില്ല എന്നത് ഇവർ തന്നെ തെളിയിക്കുകയാണ്.ഈ പ്രസ്ഥാവന യുക്തിരഹിതവും നമ്മുടെ സാമാന്യ ബുദ്ധിയെ കളിയാക്കുന്നതുമാണ്.ഇതൊരു അസത്യവാക്ക് മാത്രമല്ല,ഒരുപാട് ആചാരങ്ങളും,നാട്ടു നടപ്പുകളും കണ്ടു പിടിച്ച് അതെല്ലാം പ്രവാചകനികനിലേക്ക് ചേർക്കുക എന്ന കുറ്റകരമായ കാര്യവും കൂടിയാണ് ഇവർ ഇവിടെ ചെയ്യുന്നത്.

ഹദീസ് (حَدِيث)എന്ന പേരിലുള്ള എന്തു നമുക്ക ലഭിച്ചാലും അതൊന്നും തന്നെ ദീൻ"دِين"(ദൈവത്തിനുള്ള സമ്പൂർണ്ണ സമർപ്പണം,അല്ലെങ്കിൽ ദൈവീക കൽപനകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ള ജീവിക്കൽ)മനസ്സിലാക്കാൻ ആവശ്യമേ ഇല്ല.യഥാർത്ഥത്തിൽ അവയൊക്കെ ദീനിന് വളരെ വലിയ ഉപദ്രവമാണ്.നമ്മുടെ ദീനിനെ വികൃതമാക്കി കളയുന്ന അറ്റമില്ലാത്ത ഇത്തരം ഹദീസുകളെയും ഫിഖ് ഹുകളെയും ബുദ്ധിയുള്ള ഏതെങ്കിലും വ്യക്തിക്ക് അംഗീകരിക്കാൻ കഴിയുമോ?നമുക്ക ദീൻ മനസ്സിലാക്കണോ,ദയവു ചെയ്ത് നാം ഖുർആനിൽ നിന്നു പഠിക്കുക!ഖുർആനിൽ നിന്നും ദൈവീക സന്ദേശം നാം വായിക്കുകയും മനസ്സിലാക്കുകയും ചെയ്താൽ ദൈവീക കൽപനകൾ(നീതിയുടെ അളവുകോൽ.മൂല്ല്യങ്ങൾ,ധർമ്മങ്ങൾ) മനസ്സിലാക്കാൻ കഴിഞ്ഞതിൽ നാം ആശ്ചര്യപ്പെടും.ദൈവീക കല്പനകൾ പിന്തുടർന്നാൽ നമുക്ക വിജയം വരിക്കാം.അതായത് ഐശ്വര്യവും,സമാധാനവും നേടാം.

ദൈവത്തിന്റെ കൽപനകൾ (ധർമ്മങ്ങൾ,മൂല്ല്യങ്ങൾ,നീതിയുടെ അളവുകോൽ)എന്നിവക്ക് യാതൊരു മാറ്റവും വന്നിട്ടില്ല.ഇനി മാറ്റം വരികയും ഇല്ല.സൃഷ്ടാവിനാൽ നമുക്ക നൽകപ്പെട്ട കൽപനകളുടെ മേൽ  സാഹചര്യങ്ങളുടെ മാറ്റങ്ങൾക്ക്  ഒരു സ്വാധീനവും ചെലുത്താൻ കഴിയില്ല . ഈ കൽപനകൾ നാം പിന്തുടർന്നാൽ ഒരിക്കലും നാം പരാജയപ്പെടില്ല.ദൈവീക കൽപനകൾക്ക് സ്ഥലകാല സമയ പരിധികളില്ല.ഏത് കാലത്തും സമയത്തും അവ പ്രായോഗികമാണ്. കാലവ്യത്യാസമില്ലാതെ തന്നെ അവന്റെ കൽപനകൾ പരമവും,അന്തിമവുമാണ്.സമയവും ,കാലവും, സ്ഥലവും മാറിക്കൊണ്ടിരിക്കും.പക്ഷെ ദൈവത്തിന്റെ കൽപനകൾ അവന്റെ ധർമ്മങ്ങൾ ,മൂല്ല്യങ്ങൾ, നീതിയുടെ അളവുകോൽ എന്നിവക്ക ഒരു മാറ്റവും വരില്ല.

ഇനി നമുക്ക ഖുർആനിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ സൗമ്(صَوم) എന്ന വിഷയത്തെക്കുറിച്ചു പഠിക്കാം.സൗമിനെക്കുറിച്ച് പറഞ്ഞ വചനങ്ങൾ എല്ലാം. നമുക്കൊന്നു പഠിക്കുകയും,ചർച്ച ചെയ്യുകയും ചെയ്യാം.

# സൗമിനെ സംബന്ധിച്ച സത്യം 4

"സൗമ് " (صَوم) എന്ന അറബി പദത്തിന്റെ മൂല അക്ഷരങ്ങളാണ് സ്വാദ്,വാവ് മീമ് (ص و م )എന്നിവ. സൗമ് صوم എന്ന പദത്തിന്റെ അടിസ്ഥാന അർത്ഥങ്ങളാണ് നിറുത്തുക,(to stop).അവസാനിപ്പിക്കുക,നിറുത്തി വെക്കുക എന്നിവയെല്ലാം ചില ഉദാഹരണങ്ങൾ താഴെ പറയുന്നു:-

സ്വാമ അൽ-ഫർസു صَام الْفرسُ കുതിരയെ ജോലിക്ക് ഉപയോഗിച്ചപ്പോൾ അത് തീറ്റ നിറുത്തി

സ്വാമ അൽമാഅ صَام الْمَاء വെള്ളത്തിന് ഉപയോഗിച്ചപ്പോൾ വെള്ളം ഒഴുകൽ നിന്നു.

സ്വാമ അ ര് രീഹ صَام الريح വായുവിനുവേണ്ടി ഉപയോഗിച്ചപ്പോൾ കാറ്റു വീശൽ നിർത്തി.

സ്വാമ അനി അത്തആം صَام عنِ الطعام ഭക്ഷണത്തിനു ഉപയോഗിച്ചപ്പോൾ മനുഷ്യൻ തീറ്റ നിർത്തി.

ഖാമ എന്ന ക്രിയയിൽ (فعل)നിന്നും ഖൗമ്(قوم)എന്ന പദം ഉണ്ടായതുപോലെ തന്നെയാണ് സൗമ്(صوم)എന്ന പദവും ഉണ്ടായിട്ടുള്ളത്.അതായത് ഖാമ,യഖൂമു ഖൗമു ഖിയാമ് എന്നു പറയുന്നതുപോലെ .ഇതിന്റെ മൂല അക്ഷരങ്ങളാണ് സ്വാദ്, വാവാ, മീമ് എന്നിവ.സ്വാമ,യസൂമു,സ്വൗമ്,സ്വിയാമ് (صام,يصوم,صوم,صيام) എന്നിവയെല്ലാം ഈ മൂല അക്ഷരങ്ങളിൽ നിന്നും ഉണ്ടായവയാണ്. ഇതിന്റെയെല്ലാം അർത്ഥം എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്ന ഒന്നിനെ നിർത്തുക എന്നാണ്."الْقَامُوس الْوحيد" എന്ന അറബി നിഘണ്ടുവിൽ 953ാമത്തെ പേജിൽ "അസ്സൗമ് "എന്ന പദത്തിന്റെ അർത്ഥം ഉദ്ധരിച്ചിട്ടുണ്ട്.അവിടെ ഒരു സംസാരമോ,പ്രവർത്തിയോ നിറുത്തുക എന്ന അർത്ഥത്തിനാണ് ഈ പദം ഉപയോഗിച്ചിട്ടുള്ളത്.പക്ഷെ ഇസ്ലാം മതത്തിൽ തിന്നലും,കുടിക്കലും,ഭാര്യമാരുമായി ബന്ധപ്പെടലും നിറുത്തുക എന്ന അർത്ഥത്തിനാണ് ഉപയോഗിക്കുന്നത്.

സൂറത്തു അൽ-ബഖറ 183-188 വരെയുള്ള വചനങ്ങളിലാണ് സ്വിയാം (صِيَام)എന്നത് വ്യക്തമാക്കിയിട്ടുള്ളത്.ഈ വചനങ്ങളിൽ നിന്നാണ് നോമ്പ് വന്നിട്ടുള്ളത്. ഖുർആനിൽ നിന്നും നേരിട്ട് നമുക്ക് ഈ വചനങ്ങൾ പഠിക്കാം. പരമ കാരുണികൻ പറയുന്നു.:

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى
الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿١٨٣﴾
أَيَّامًا مَّعْدُودَاتٍ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ
مِّنْ أَيَّامٍ أُخَرَ ۚ وَعَلَى الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن
تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُ ۚ وَأَن تَصُومُوا خَيْرٌ لَّكُمْ ۖ إِن كُنتُمْ
تَعْلَمُونَ ﴿١٨٤﴾

“ഹേ വിശ്വസിച്ചവരേ,നിങ്ങൾ സൂക്ഷ്മാലുക്കളാകേണ്ടതിലേക്കു നിങ്ങളുടെ മുമ്പുണ്ടായിരുന്നവരുടെ മേൽ വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടതുപോലെ നിങ്ങളുടെ മേൽ വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു.എണ്ണപ്പെടുന്ന ദിനങ്ങളിൽ.അപ്പോൾ നിങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലും രോഗിയോ,യാത്രയിലോ ആയാൽ അത്രയും മറ്റു ദിനങ്ങളിൽ.അതിന്നു ആവതുള്ളവരുടെ മേൽ ഒരു അഗതിക്കുള്ള പ്രായശ്ചിത്തവും.അപ്പോൾ നല്ലതായി വഴങ്ങിയാൽ അത് അവർക്ക് നല്ലതാണ്.നിങ്ങൾ അറിയുന്നവരാണെങ്കിൽ നിങ്ങൾ വ്രതം അനുഷ്ഠിക്കുന്നതും നിങ്ങൾക്ക് നല്ലതാണ്"(പാരമ്പര്യ വ്യഖ്യാനങ്ങളിൽ വെച്ച് നല്ലത്)

നമുക്ക് സൗമ്(صوم) എന്നതിന് പട്ടിണി കിടക്കുന്ന വ്രതം എന്ന അർത്ഥത്തിലെടുക്കാം.അങ്ങിനെയെങ്കിൽ അഞ്ചോ,ആറോ സ്ഥലങ്ങളിൽ ശിക്ഷയായിക്കൊണ്ട് ഈ "സ്വിയാം" വന്നിട്ടുണ്ട്.എന്നാൽ ഈ വചനങ്ങളുടെ തുടക്കത്തിൽ നിർബന്ധ കൽപനയായിക്കൊണ്ടാണ് വന്നിട്ടുള്ളത്.ഇവിടെ പട്ടിണി കിടക്കുന്നു കൊണ്ടുള്ള വ്രതത്തിനു കാരണം പറഞ്ഞത് നിങ്ങൾ "മുത്തഖി “(مُتَّقِى) ആയിത്തീരുന്നതിനുവേണ്ടി എന്നതാണ്.ഇവിടെ ഒരു ആശ്ചര്യമായി തോന്നുന്നത് ഒരേ പ്രവർത്തി ഒരു സ്ഥലത്ത് ശിക്ഷയായും, മറ്റൊരു സ്ഥലത്ത് അനുഗ്രഹമായും എങ്ങിനെ വിശദീകരിക്കുന്നു? എന്നതാണ്.ഒരുപാട് സ്ഥലങ്ങളിൽ ശിക്ഷയായി വിശദീകരിച്ച ഒരു ശാരീരിക പരിശീലനം പെട്ടെന്ന് എങ്ങിനെ "മുത്തഖി" ആയിത്തീരാനുള്ള ഒരു അനുഗ്രഹമായി മാറുന്നു?ഇത് ഒരു ശിക്ഷയായി മാത്രം എടുത്താൽ ലോക മുസ്ലിംകളെ ഒന്നിച്ച് ഒരേ ദിവസങ്ങളിൽ എന്തിനു ശിക്ഷിക്കുന്നു.?മുസ്ലിം സമൂഹത്തെ ഈ രൂപത്തിലുള്ള ഒരു ശിക്ഷക്ക് അർഹരാക്കേണ്ടതുണ്ടോ?അല്ലെങ്കിൽ അവർ വിശക്കുന്നവരായും ദാഹിക്കുന്നവരായും കഴിയേണ്ടതുണ്ടോ?.

മുസ്ലിംകൾക്കിടയിലെ ആഭ്യന്തരയുദ്ധങ്ങളുടെയും,തർക്കങ്ങളുടെയും ഫലമായിഅവരിലുണ്ടായിത്തീർന്നിരിക്കുന്ന ദയനീയമായ അവസ്ഥ നാം ഒന്നു മനസ്സിലാക്കുകയാണെങ്കിൽ ഒരു മാസം നീണ്ടു നിൽക്കുന്ന ശിക്ഷയേക്കാൾ ഭീകരമായ ഒരു ശിക്ഷ ഇപ്പോൾ തന്നെ അവർ അനുഭവിക്കുന്നുണ്ട്.ഇനി റമളാനിലെ നോമ്പിനെ ശിക്ഷ എന്ന അർത്ഥത്തിൽ എടുക്കുകയാണെങ്കിൽ സംശയില്ലാത്ത വിധം നമുക്കു പറയാൻ കഴിയും ഇന്നത്തെ മുസ്ലിംകളുടെ അവസ്ഥ ആ രൂപത്തിലുള്ള ഒരു ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ് എന്ന്.അതല്ല പട്ടിണി കൊണ്ട് "മുത്തഖി"യെ ഉണ്ടാക്കിത്തീർക്കലാണ് ലക്ഷ്യമെങ്കിൽ ഒരു നൂറായിരം ചോദ്യങ്ങൾ നമുക്കു ചോദിക്കാനുണ്ട്.റമളാനിലെ പട്ടിണികൊണ്ട് മുസ്ലിംകൾ മുത്തഖിയായിത്തീർന്നത് മുസ്ലിം ചരിത്രത്തിൽ എവിടെ നോക്കിയാലും ഇന്നേവരെ നമുക്കു കാണാൻ കഴിഞ്ഞിട്ടില്ല.യഥാർത്ഥത്തിൽ റമളാനിൽ മുസ്ലിംകളെ നമുക്ക് കാണാൻ കഴിയുന്നത് അച്ചടക്കമില്ലാത്ത ഒരു സമൂഹമായിട്ടാണ്.ട്രാഫിക് വ്യവസ്ഥ ആകെ തകർന്നതിന്റെ ഫലമായി തെരുവുകളിൽ എല്ലാ അരാജകത്വവും,ക്രമമില്ലാത്ത ജീവിതവും ഈ കാലത്ത് നമുക്കു കാണാൻ കഴിയും.കടകളിൽ നിന്ന് പലചരക്കു സാധന

ങ്ങളും മറ്റു ഉൽപന്നങ്ങളും അപ്രത്യക്ഷമാകുന്നു.അവശ്യ സാധനങ്ങളുടെ വിലകൾ റോക്കറ്റു കണക്കേ ഉയരുന്നു.റമളാൻ തീർച്ചയായും,പൂഴ്ത്തിവെപ്പുകാർക്കും,കൊള്ള ലാഭമെടുക്കുന്നവർക്കും ഒരു അനുഗ്രഹമായി മാറുന്നു.ജോലിക്കാർ അലസരും,കർത്തവ്യങ്ങൾ അവഗണിക്കുന്നവരും ഓഫീസുകളിൽ ഓഫീസ് സമയങ്ങളിൽ പോലും വരാത്തവരുമാകുന്നു.പട്ടിണി കൊണ്ട് "മുത്തഖി"യെ ഉണ്ടാക്കി തീർക്കുന്നില്ല എന്നതിന് ഇതിൽ കൂടുതൽതെളിവുകൾ,ആവശ്യമുണ്ടോ?ജനങ്ങളെ "മുത്തഖി" ആക്കേണ്ടതിനു പകരം അതിന്റെ വിപരീതം ആക്കിത്തീർക്കുകയാണ് ചെയ്യുന്നത്.

ഇവിടെ നമുക്കു സൂറത്ത് അൽ-ബഖറയിലെ 177ാം വചനം ഒന്നു പഠിക്കാം.ഈ വചനത്തിൽ ഒരു മുത്തഖിയുടെ സ്വഭാവങ്ങളും ഗുണങ്ങളുമാണ് വ്യക്തമാക്കുന്നത്.

۞ لَّيْسَ ٱلْبِرَّ أَن تُوَلُّوا۟ وُجُوهَكُمْ قِبَلَ ٱلْمَشْرِقِ وَٱلْمَغْرِبِ وَلَٰكِنَّ ٱلْبِرَّ مَنْ
ءَامَنَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ وَٱلْمَلَٰٓئِكَةِ وَٱلْكِتَٰبِ وَٱلنَّبِيِّۦنَ وَءَاتَى
ٱلْمَالَ عَلَىٰ حُبِّهِۦ ذَوِى ٱلْقُرْبَىٰ وَٱلْيَتَٰمَىٰ وَٱلْمَسَٰكِينَ وَٱبْنَ
ٱلسَّبِيلِ وَٱلسَّآئِلِينَ وَفِى ٱلرِّقَابِ وَأَقَامَ ٱلصَّلَوٰةَ وَءَاتَى ٱلزَّكَوٰةَ
وَٱلْمُوفُونَ بِعَهْدِهِمْ إِذَا عَٰهَدُوا۟ ۖ وَٱلصَّٰبِرِينَ فِى ٱلْبَأْسَآءِ
وَٱلضَّرَّآءِ وَحِينَ ٱلْبَأْسِ ۗ أُو۟لَٰٓئِكَ ٱلَّذِينَ صَدَقُوا۟ ۖ وَأُو۟لَٰٓئِكَ هُمُ
ٱلْمُتَّقُونَ ﴿١٧٧﴾

“നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ,പടിഞ്ഞാറോട്ടോ തിരിക്കുന്നതിൽ അല്ല പുണ്യം.മറിച്ച് പുണ്യം അല്ലാഹുവിന്റെ കൽപനകളെക്കൊണ്ട് സമാധാനവും,സുരക്ഷയുംഉണ്ടാക്കുന്നവനും,അന്ത്യദിനത്തെക്കൊണ്ടും,മലക്കുകളെക്കൊണ്ടും, വേദങ്ങളെക്കൊണ്ടും,പ്രവാചകന്മാരെക്കൊണ്ടും.തന്റെ ധനം ബന്ധുക്കൾക്കും,അനാഥർക്കും,അഗതികൾക്കും,മാർഗ്ഗപുത്രനും,ആവശ്യക്കാർക്കും,പീഡിതർക്കുംനൽകുകയും സ്വലാത്ത് സ്ഥാപിച്ച് സമൂഹത്തിൽ സംസ്കാരം കൊണ്ടുവരികയും,തന്റെ കരാറുകൾ പൂർത്തിയാക്കുകയും. പ്രതിസന്ധിഘട്ടത്തെയും ദുരിതത്തെയും അതിജീവിച്ച് മുന്നേറുകയും ചെയ്യുവർ ആരോ അവരാണ് സത്യസന്ധന്മാർ.അവർ തന്നെയാണ് മുത്തഖികൾ"

ദയവു ചെയ്ത് ഈ വചനത്തിന്റെ അവസാന ഭാഗം ഒന്നു ശ്രദ്ധിക്കുക.ഒരുപാട് ഗുണങ്ങളും സവിശേഷസ്വഭാവമുള്ള ആളുകളാണ് മുത്തഖി എന്നാണ് ഇവിടെ വിവരിച്ചിട്ടുള്ളത്.തന്റെ മനസ്സും ചിന്തയും "തഖ് വ” تقوى)ഉൾക്കൊണ്ടതായിരിക്കണം. ഒന്നും പ്രവർത്തിക്കാതെ വിശന്നും,ദാഹിച്ചും പട്ടിണി കിടക്കുന്നവനാണോ മുത്തഖി.അതല്ല ഉന്നതമായ ഒരുപാട് സ്വഭാവ ഗുണങ്ങളുള്ളവനാണോ?

മുത്തഖി ആരാണെന്ന വിശദീകരിക്കുന്ന മുകളിലെ ആയത്തിലെ ചില കാര്യങ്ങൾ ഒന്ന ശ്രദ്ധിക്കു:-

ദൈവീക കൽപനകൾ ,അന്ത്യദിനം, മലക്കുകൾ , വേദങ്ങൾ,പ്രവാചകന്മാർ എന്നിവ ഉപയോഗിച്ച് അവൻ مُؤْمِن (സമാധാനം നൽകുന്നവൻ) ആയിത്തീരണം.

അവന്റെ ധനം ബന്ധുക്കൾക്കും, അനാഥകൾക്കും, നിസ്സഹായർക്കും,ദൈവീക കാരണങ്ങൾക്ക് ഉത്തരവാദിത്ത്വം ഏറ്റവർക്കും,പാവപ്പെട്ടവർക്കും,പീഡിതർക്കും അവൻ ചിലവഴിക്കും.

അവൻ ദൈവീക കൽപനകൾക്കനുസരിച്ച സ്വലാത്തും,സകാത്തും,സമൂഹത്തിൽ സ്ഥാപിക്കുകയും,കൊണ്ടുവരികയും ചെയ്യും.

അവൻ ജനങ്ങൾക്ക് സർവ്വ ക്ഷേമഐശ്വര്യങ്ങളും കൊണ്ടുവരാൻ പ്രവർത്തിക്കും

അവൻ അവന്റെ കരാറുകളും വാഗ്ദാനങ്ങളും പാലിക്കും.

അവൻ പ്രതിസന്ധിയുടെയും,പോരാട്ടത്തിന്റെയും ,സാഹചര്യങ്ങളെ നിരന്തരമായി തരണം ചെയ്ത് മുന്നോട്ട് പോകും.

ഒരുപാട് വിശപ്പും ദാഹവും സഹിച്ച് ചെയ്യുന്ന നോമ്പുകൊണ്ട് മുസ്ലിമിനുണ്ടായിരിക്കേണ്ട അല്ലെങ്കിൽ ഏതൊരു മനുഷ്യനും ഉണ്ടായിരിക്കേണ്ട ഇത്തരം ഗുണങ്ങൾ നേടാൻ കഴിയുമോ? ഇല്ല ഒരിക്കലും ഇല്ല എന്നായിരിക്കും അതിന്റെ ഉത്തരം.

മുകളിൽ വിവരിച്ച രൂപത്തിലുള്ള സ്വഭാവഗുണങ്ങൾ ഒരാളിൽ ഉണ്ടാക്കിത്തീർക്കണമെങ്കിൽ ഫലം കിട്ടുമെന്ന ഉറപ്പുള്ള ശക്തമായ കൽപനകളിലധിഷ്ഠിതമായ ആശയം കൊണ്ടു മാത്രമെ സാധിക്കു.ആ കൽപനകളാണ് പ്രവാചകന്മാർ മലക്കുകളുടെ സഹായത്തോടുകൂടി സമൂഹത്തിൽ സമാധാനവും സുരക്ഷിതത്ത്വവും ഉണ്ടാക്കാൻ വേണ്ടി നടപ്പാക്കിയത്.ഈ ആശയം പിന്തുടരുന്നവൻ സമൂഹത്തിലെ നിസ്സഹായരെയും,പാവപ്പെട്ടവരെയും സംരക്ഷിക്കും.ഈ ആശയം നടപ്പാക്കുന്ന ഏതൊരു സമൂഹത്തിലും ക്ഷേമവും ഐശ്വര്യവും ഉറപ്പു നൽകുന്നു.ഇതിന്റെ പിന്തുടർച്ചക്കാർ അവരുടെ ധനം ആവശ്യക്കാർക്ക് ചിലവഴിക്കുന്നു.സമൂഹത്തിലെ സാമ്പത്തികവും സാംസ്കാരികവുമായ കാര്യങ്ങൾ അവർ പരിശോധിക്കുന്നു.അവർ എപ്പോഴും സത്യമെ സംസാരിക്കു. തങ്ങളുടെ കരാറുകൾ അവർ പൂർത്തീകരിക്കും. നീതിയുടെ അളവുകോൽ എപ്പോഴും അവർ ഉയർത്തിപ്പിടിക്കും.ഏതു സാഹചര്യത്തെയും അവർ തരണം ചെയ്ത് മുന്നോട്ടു പോകും.ഇത്രയും ഉന്നതമായ സ്വഭാവഗുണങ്ങൾ ഒരാളിൽ ഉണ്ടാക്കിത്തീർക്കുന്നത് എന്തുകൊണ്ടാണ്.?സൗമ്(صوم ) കൊണ്ടാണോ? ചിന്തിക്കുക. ഇത്തരം ഗുണങ്ങൾ ഉള്ളവനാണ് മുത്തഖി.

ദൈവം പറയുന്നു.:

أَيَّامًا مَّعْدُودَاتٍ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ
مِّنْ أَيَّامٍ أُخَرَ ۚ وَعَلَى الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن
تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُ ۚ وَأَن تَصُومُوا خَيْرٌ لَّكُمْ ۖ إِن كُنتُمْ
تَعْلَمُونَ ﴿١٨٤﴾

" എണ്ണപ്പെടുന്ന ദിനങ്ങളിൽ.അപ്പോൾ നിങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലും രോഗിയോ,യാത്രയിലോ ആയാൽ അത്രയും മറ്റു ദിനങ്ങളിൽ.അതിനു ആവതുള്ളവരുടെ മേൽ ഒരു അഗതിക്കുള്ള പ്രായശ്ചിത്തവും.അപ്പോൾ നല്ലതായി വഴങ്ങിയാൽ അത് അവർക്ക് നല്ലതാണ്.നിങ്ങൾ അറിയുന്നവരാണെങ്കിൽ നിങ്ങൾ വ്രതം അനുഷ്ഠിക്കുന്നതും നിങ്ങൾക്ക് നല്ലതാണ്"(പാരമ്പര്യ വ്യഖ്യാനങ്ങളിൽ വെച്ച് നല്ലത്)

ഇവിടെ എല്ലാ വ്യഖ്യാതാക്കളും ദൈവീക വചനത്തിൽ കൃത്രിമത്വം കാണിച്ചിട്ടുണ്ട്.അത് ഈ ആയത്തിൽ കാണാത്ത ഒരു അക്ഷരമായ "അല്ല "(لا) എന്നത് "യുത്വീഖൂനഹു"(يُطِيقُونَهُ) എന്നതിന്റെ മുമ്പിൽ സങ്കൽപിച്ച് അർത്ഥം പറയണം എന്നാണ്.അങ്ങിനെ അവർ അവരുടെ പരിഭാഷകളിൽ "അല്ല" എന്ന അർത്ഥം ചേർത്തു. ഇതിനുള്ള കാരണം ഇവർ പറയുന്ന വ്രതത്തിനു സാധിക്കുന്നവർ അത് ചെയ്യുന്നില്ലെങ്കിൽ ചെയ്യേണ്ടതില്ല എന്നു വന്നാൽ ഇതിന്റെ പേരിൽ നടത്തുന്ന അവരുടെ സർവ്വ കച്ചവടങ്ങളും പൊളിഞ്ഞുപോകും.അതുകൊണ്ടാണ് "നോമ്പ് നോൽക്കാൻ സാധിക്കാത്തവർ (لا يُطِيقُونَهُ) ഒരു നിസ്സഹായന് ഭക്ഷണം കൊടുക്കണം"എന്ന അർത്ഥം ഇവർ നൽകിയത്.ഈ രൂപത്തിലുള്ള മാറ്റം ഖുർആനിക വചനത്തിൽ ഇവർ വരുത്തുക മുഖേന ജൂത, ക്രിസ്ത്യാനികൾ വേദത്തിൽ കാണിച്ച അതേ പ്രവർത്തി തന്നെയാണ് ഇവരും ചെയ്യുന്നത്.ഒരേ പ്രവർത്തി ചെയ്യുന്ന ഒരു കൂട്ടർ കുറ്റക്കാരും മറ്റൊരു കൂട്ടർ കുറ്റക്കാരുമല്ലാതാകുന്നതെങ്ങിനെ?.എന്നാൽ മറ്റു ചിലർ ഈ തിരുത്തലുകൊണ്ട് തൃപ്തരായില്ല. അവർ പറഞ്ഞത് യുത്വീഖുനഹു എന്നു പറഞ്ഞാൽ വളരെ പ്രയാസപ്പെട്ട് സാധിക്കുന്നവർ അതിനു പകരം നിസ്സഹായർക്ക് ഭക്ഷണം കൊടുക്കട്ടെ എന്നാണ്.വേറെ ചിലർ പറഞ്ഞത് സാധിക്കുന്നവർ എന്നു തന്നെയാണ് അർത്ഥം.പക്ഷെ സാധിച്ചതിന്റെ നന്ദിയായി കൊണ്ട് സാധുവിനു ഭക്ഷണം കൊടുക്കണമെന്നാണ്. എന്തായാലും ഈ രൂപത്തിലുള്ള തിരുത്തലുകൾ ഒക്കെ വരുത്താനുള്ള കാരണം പട്ടിണി കിടക്കുന്ന വ്രതം എന്ന സങ്കൽപത്തിൽ നിന്നാണ്.

فَمَنْ تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَهُ وَأَنْ تَصُومُوا خَيرُ لَكُمْ إِنْ كُنتم تعلمون

"അപ്പോൾ നല്ലതായി വഴങ്ങിയാൽ അത് അവർക്ക് നല്ലതാണ്.നിങ്ങൾ അറിയു

ന്നവരാണെങ്കിൽ നിങ്ങൾ വ്രതം അനുഷ്ഠിക്കുന്നതും നിങ്ങൾക്ക് നല്ലതാണ്" (പാരമ്പര്യ വ്യഖ്യാനങ്ങളിൽ വെച്ച് നല്ലത്)

ഇവിടെ തത്വവ്വഅ( تَطَوَّعَ) എന്ന അറബി പദത്തിന്റെ അർത്ഥം അനുസരണം എന്നാണ്.അപ്പോൾ ശരിയായ അർത്ഥം"ആര് നല്ലതിന് വഴങ്ങിയോ അത് അവർക്ക് നല്ലതാണ്."എന്നാണ്.

ഇനി 185◌ാമത്തെ വചനത്തിൽ അല്ലാഹു പറയുന്നതു നോക്കൂ.

شَهْرُ رَمَضَانَ ٱلَّذِىٓ أُنزِلَ فِيهِ ٱلْقُرْءَانُ هُدًى لِّلنَّاسِ
وَبَيِّنَٰتٍ مِّنَ ٱلْهُدَىٰ وَٱلْفُرْقَانِ ۚ فَمَن شَهِدَ مِنكُمُ ٱلشَّهْرَ
فَلْيَصُمْهُ ۖ وَمَن كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ
أُخَرَ ۗ يُرِيدُ ٱللَّهُ بِكُمُ ٱلْيُسْرَ وَلَا يُرِيدُ بِكُمُ ٱلْعُسْرَ
وَلِتُكْمِلُوا۟ ٱلْعِدَّةَ وَلِتُكَبِّرُوا۟ ٱللَّهَ عَلَىٰ مَا هَدَىٰكُمْ
وَلَعَلَّكُمْ تَشْكُرُونَ ﴿١٨٥﴾

"മനുഷ്യർക്കൊരു മാർഗ്ഗ ദർശനമായും, മാർഗ്ഗദർശനത്താലും വിവേചനത്താലുമുള്ള ,പല തെളിവുകളായും ഈ ഖുർആൻ ഇറക്കപ്പെട്ടത് റമദാൻ മാസത്തിലാണ്. ആയതിനാൽ നിങ്ങളുടെ കൂട്ടത്തിൽ നിന്നും ആരെങ്കിലും ആ മാസം ഹാജറുണ്ടായാൽ അവർ അത് അനുഷ്ഠിച്ചുകൊള്ളട്ടെ.ഇനി വല്ലവരും രോഗിയോ, യാത്രയിലോ ആയാൽ അത്രയും എണ്ണം മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കട്ടെ.ദൈവം നിങ്ങൾക്ക് എളുപ്പമാണ് ഉദ്ദേശിക്കുന്നത്.പ്രയാസം ഉദ്ദേശിക്കുന്നില്ല.നിങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകിയതിന്റെ പേരിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനും,നന്ദി കാണിക്കുന്നതിനും വേണ്ടി."(പാരമ്പര്യ വ്യഖ്യാനം)

ഇവിടെ നിലവിലുള്ള ഏതൊരു പാരമ്പര്യ വ്യഖ്യാനത്തിലും നമുക്കു കണ്ടെത്താൻ കഴിയുന്ന വ്യഖ്യാനമാണ് ഇത്.മുകളിലെ വ്യഖ്യാനത്തിൽ നിന്നും നാം എന്തു പഠിച്ചു?

ഖുർആൻ റമളാൻ മാസത്തിലാണ് അവതരിപ്പിച്ചത് എന്നതാണ് ഒരു കാര്യം.പക്ഷെ ഖുർആൻ 23 കൊല്ലം കൊണ്ടാണ് അവതരിപ്പിക്കപ്പെട്ടത് എന്നും പറയുന്നുണ്ട് ഇവ തമ്മിൽ പൊരുത്തക്കേടില്ലേ എന്നു ചോദിച്ചാൽ അവർ പറയും റമദാൻ മാസത്തിൽ ഖുർആനിന്റെ അവതരണം ആരംഭിച്ചു എന്നതാണ് അതിന്റെ അർത്ഥം എന്ന്. അതുകൊണ്ടും തൃപ്തി വന്നില്ലെങ്കിൽ മറ്റൊരു കഥയുമായി ഇതിനെ ബന്ധപ്പെടുത്തും.അതായത് ഖുർആൻ ഉയർന്ന ആകാശത്തുനിന്നും താഴത്തെ ആകാ

ശത്തിലേക്ക് ഇറക്കി വെച്ചത് റമദാൻ മാസത്തിലാണ്. അവിടെ നിന്നും അല്പാല്പമായി നബിക്കു ഇരുപത്തിമൂന്ന് കൊല്ലം കൊണ്ട് ഇറക്കി കൊടുക്കുകയാണ് ഉണ്ടായത്. അപ്പോൾ ആ ഖുർആൻ ഇറക്കി വെച്ചതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത് എന്നാണ് വേറൊരു വാദം. ചിന്തിക്കാൻ പറ്റുന്നതോ പറ്റാത്തതോ ആയ ഒരു കഥ ഇവർ മെനഞ്ഞുണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും ഈ റമദാൻ എന്ന നാമം ഖുർആൻ അവതരണവുമായി എന്താണ് ബന്ധം?റമദാൻ (رَمَضَان) എന്ന അറബി പദം റാഅ ,മീം,ളാദ് എന്നീ മൂല പദങ്ങളിൽ നിന്നുമാണ് ഉണ്ടായത്.ഇതിനർത്ഥം ശരീരത്തിലെ തൊലിയെ വരെ കരിച്ചു കളയുന്ന ചൂടിനാണ് പറയുക.അതുപോലെ വാളിന്റെ മൂർച്ചയുള്ള ഭാഗത്തിനും ഈ പദം ഉപയോഗിക്കും. കാലാവസ്ഥയിൽ ഭയങ്കര ചൂടുള്ള സമയത്തിനാണ് റമളാൻ മാസം എന്നു പറയുക എന്നു നാം സമ്മതിക്കുകയാണെങ്കിൽ നബിയുടെ കാലത്ത് സൂര്യവർഷം കണക്കാക്കുന്ന കലണ്ടർ ആണ് ഉപയോഗിച്ചിരുന്നത് എന്നു ഊഹിക്കേണ്ടി വരും.ചന്ദ്രവർഷ കലണ്ടർ ആണെങ്കിൽ ഒരിക്കലും ഒരു മാസത്തിൽ കാലാവസ്ഥ സ്ഥിരമായി നിൽക്കുകയില്ല.റബീഉൽ അവ്വൽ (رَبِيعُ الاول) റബീഉ അസ്സാനീ(رَبِيع الثانى)എന്നീ മാസങ്ങളൊക്കെ വിളവെടുക്കുന്ന കാലവുമായി ബന്ധപ്പെട്ടതാണ്.

ഈ വചനത്തിന്റെ അടുത്ത ഭാഗം ശ്രദ്ധിക്കാം.

هُدى لِّلنَّاسِ وَبَيِّنَاتٍ مِّنَ الْهُدى وَالْفُرْقَان

“മനുഷ്യർക്കൊരു മാർഗ്ഗ ദർശനമായും, മാർഗ്ഗദർശനത്താലും വിവേചനത്താലുമുള്ള ,പല തെളിവുകളായും"(പാരമ്പര്യ വ്യാഖ്യാനം)
ഖുർആനിന്റെ അനുഗ്രഹത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാതിക്കുന്നത്. അതായത ജനങ്ങൾക്ക് "ശഹർ റമദാനിൽ"(شَهر رَمَضَان)ഖുർആനിന്റെ ആവശ്യം നേരിട്ടു. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുന്നതിനുവേണ്ടി നാം ഉപയോഗിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ഗ്രന്ഥങ്ങളുടെയെല്ലാം സത്യമായതുമായ ഒരു ഖുർആനിന്റെ ആവശ്യം അന്നത്തെ ജനങ്ങൾക്കുണ്ടായി.

فَمَنْ شَهِدَ مِنْكُم الشَّهْر فَلْيَصُمهُ.

"ആയതിനാൽ നിങ്ങളുടെ കൂട്ടത്തിൽ നിന്നും ആരെങ്കിലും ആ മാസം ഹാജറുണ്ടായാൽ അവർ അത് അനുഷ്ഠിച്ചുകൊള്ളട്ടെ.”(പാരമ്പര്യ വ്യാഖ്യാനം)

തികച്ചും പൊള്ളയായ ഒരു വ്യഖ്യാനമാണ് ഇത്. “ആരെങ്കിലും ഹാജറുണ്ടെങ്കിൽ" എന്നു പറഞ്ഞാൽ ആരാണോ ജീവനോടെ ഇരിക്കുന്നത് എന്ന് അർത്ഥം. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ നോമ്പ് നിർബന്ധമുള്ളത് ജീവിച്ചിരിക്കുന്നവർക്കാണ് എന്നു സാരം.വളരെ രസകരമായ കൽപനയാണിത്. മരിച്ചവർ നോമ്പ് നോൽക്കില്ല എന്നു നമുക്ക് അറിയില്ലേ?.ജീവിച്ചിരിപ്പുണ്ടെങ്കിൽ ചെയ്യട്ടെ എന്ന കൽപന പറയുമ്പോൾ മരിച്ചവരോടും ചില കൽപനകൾ ഉണ്ടെന്നല്ലേ വരിക.തീർച്ചയായും ഇത് വഴി തെറ്റിക്കുന്ന സംസാരമാണ്.ഖുർആൻ ജീവിച്ചിരിക്കുന്നവർ

“ശഹർ റമദാൻ"(شَهر رَمَضَان)എന്നതിനെ ഒരു പ്രത്യേക മാസമായി കാണുകയും അതിന്റെ വാതിൽ നോമ്പിനായി തുറന്നിടുകയും ചെയ്തതു വഴി നാം വലിയ ഒരു തെറ്റാണ് ചെയ്തിട്ടുള്ളത്.ഈ വചനത്തിന്റെ ഈ ഭാഗം ഒന്നു കൂടി ചിന്തിക്കാം.

فَمَنْ شَهِدَ مِنْكُم الشَّهْر فَلْيَصُمهُ

“അതിനാൽ ആര് ഈ ശഹറിന് شهر (അവസ്ഥ,അല്ലെങ്കിൽ സാഹചര്യം)സാക്ഷിയാകുന്നുവോ തീർച്ചയായും നിറുത്തട്ടെ(അതിൽ പങ്കാളിയാകുന്നതിലോ, ആ അവസ്ഥക്ക് സംഭാവന ചെയ്യുന്നതോ)

സമൂഹത്തിന്റെ ആ അവസ്ഥയോ സാഹചര്യമോ ആരെങ്കിലും കണ്ടിട്ടുണ്ടോ നിരീക്ഷിച്ചോ സാക്ഷിയാകുന്നുവോ(فَمَنْ شَهِدَ) എന്നാണ് ഉദ്ദേശം. ശഹിദ( شَهِدَ) എന്നതിന്“ കണ്ടെത്തുക"അല്ലെങ്കിൽ "ഹാജറാകുക"(റമദാൻ മാസത്തെ കണ്ടെത്തുകയോ റമദാൻ മാസത്തിൽ ഹാജറാകുകയോ ചെയ്യുകയാണെങ്കിൽ)എന്ന് അർത്ഥം നൽകുക വഴി ഈ പദത്തിന്റെ അർത്ഥത്തെ നശിപ്പിച്ചിരിക്കുകയാണ്. വല്ല സാഹചര്യത്തിനോ അവസ്ഥക്കോ നാം കാണുകയാണെങ്കിൽ :

ഖുർആൻ ഇറക്കപ്പെടുന്നു.

നാം തീർച്ചയായും ഖുർആനിൽ നിന്ന് മാർഗ്ഗനിർദ്ദേശം സ്വീകരികകുകയും ആ അവസ്ഥയെ മറികടക്കാനുള്ള പരിശ്രമം നടത്തുകയും ചെയ്യണം.

وَمَنْ كَانَ مَرِيضًا أَوْ عَلَى سَفَرِ فَعِدَّة مَنْ أَيَّام

"ഇനി വല്ലവരും രോഗിയോ, യാത്രയിലോ ആയാൽ അത്രയും എണ്ണം മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കട്ടെ"(പാരമ്പര്യ വ്യഖ്യാനം)
സൗമിന്റെ പിറകിലുള്ള യുക്തിയെക്കുറിച്ച് അല്ലാഹു വിശദീകരിക്കുന്നതു ഒന്നു നമുക്ക് പഠിക്കാം.

ആയാസവും പരിപൂർണ്ണയുമാണ് ഉദ്ദേശിക്കുന്നത്. പ്രയാസമല്ല.

എണ്ണം പൂർത്തിയാക്കണം.

ദൈവീക അനുഗ്രഹത്തെ സ്ഥാപിക്കുകയും അതിലെ കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുക.

ഇവിടെ "ബിക്കും"(بِكُمْ) എന്നതിന് "നിങ്ങളിലൂടെ" അല്ലെങ്കിൽ "നിങ്ങളെയും കൊണ്ട്" എന്നാണ് അർത്ഥം. എന്നാൽ മുഫസ്സിറുകൾ "നിങ്ങൾക്ക വേണ്ടി" എന്ന് തെറ്റായിയാണ് അർത്ഥം നൽകിയിട്ടുള്ളത്.പക്ഷെ അറബിയിൽ നിങ്ങൾക്കു വേണ്ടി എന്നതിനു "ലകും"(لكُم) എന്ന പദമാണ് ഉപയോഗിക്കുക.

ഭക്ഷണ പാനീയങ്ങൾ ഒഴിവാക്കി കൊണ്ട് ചെയ്യുന്ന നോമ്പിനാണ് സൗമ് (صوم) എന്നു പറയുക എന്നു നാം അംഗീകരിച്ചാൽ നാം ആകെ ഒരാശയക്കുഴപ്പത്തിലക

പ്പെട്ടം.കാരണം ഈ പറയുന്ന സൗമിലൂടെ സമൂഹത്തിന് എളുപ്പമോ,പൂർണ്ണതയോ നേടാൻ കഴിയുന്നില്ല എന്നു മാത്രമല്ല ദൈവീക അനുഗ്രഹത്തെ സ്ഥാപിതമാക്കാനും കഴിയുന്നില്ല.നോമ്പ് ഈ പറഞ്ഞ കാര്യങ്ങളൊന്നും ഉണ്ടാക്കിത്തീർക്കുന്നില്ല. ഒരു പ്രയാസവും(ബഹളം,വിശ്രമമില്ലായ്മ,അരാജകത്വം,തീവ്രത മുതലായ) സമൂഹത്തിൽ നിന്നും നീക്കം ചെയ്യുന്നില്ല.സമൂഹത്തിൽ എളുപ്പമോ,പരിപൂർണ്ണതയോ കൊണ്ടുവരുന്നില്ല.നോമ്പെടുക്കുന്ന വ്യക്തി ദൈവീക മഹത്ത്വം സ്ഥാപിക്കാനുള്ള ഒന്നും ചെയ്യുന്നില്ല.

ചുരുക്കി പറഞ്ഞാൽ ഇന്നത്തെ നോമ്പു കൊണ്ട് വിശപ്പും ദാഹവും അനുഭവിക്കുക എന്നതിൽ കവിഞ്ഞ് ഒന്നും നേടുന്നില്ല. ദൈവീക മഹത്ത്വത്തെ സ്ഥാപിച്ചെടുക്കുന്നില്ല.നോമ്പെടുക്കുന്ന പാവപ്പെട്ട മനുഷ്യർ റമദാൻ മാസം മുഴുവൻ തീറ്റയും കുടിയും ഒഴിവാക്കുന്നതിൽ മുഴുകിയിരിക്കുകയാണ്.മറ്റൊന്നും അവർക്കു ചിന്തിക്കാൻ കഴിയുന്നില്ല. ദൈവീക മഹത്ത്വവും,അനുഗ്രഹവും പഠിച്ചുകൊണ്ട് അത് സ്ഥാപിച്ചെടുക്കുന്നതിൽ നിന്നും നടപ്പാക്കുന്നതിൽ നിന്നുമെല്ലാം അവർ വളരെ അകലത്തിലാണ് കഴിയുന്നത്.ഈ വിശന്നും,ദാഹിച്ചും നടക്കുന്ന ജനത്തിന് ബുദ്ധിപരമായോ,പ്രായോഗികമായോ ഒന്നും ചിന്തിക്കാൻ കഴിയില്ല. എന്നാൽ ദൈവീക മഹത്ത്വവും അനുഗ്രഹവും സ്ഥാപിച്ചെടുക്കാൻ,ബുദ്ധിപരവും,നടപ്പാക്കുകയുംചെയ്യാവുന്ന പദ്ധതികൾ ആവശ്യമാണ്.എങ്കിലേ ഒരു സമൂഹത്തെ പുനഃസൃഷ്ടിച്ചെടുക്കാനും നവോത്ഥാനംനടത്താനും,ദൈവത്തിന്റെ അനുഗ്രഹങ്ങളെല്ലാം നീതിപൂർവ്വവും ,തുല്ല്യമായും,ശരിയായ രൂപത്തിലും വിതരണം ചെയ്തു എന്നു ഉറപ്പു വരുത്താനും കഴിയുകയൊള്ളൂ.

"ദൈവത്തിനു നന്ദി"എന്ന വാക്ക് പറയുന്നതിലൂടെ "ലഅല്ലകും തശ്കുറൂൻ " (لَعَلَّكُمْ تَشْكُرُون) (നിങ്ങൾ നന്ദിയുള്ളവരാകാൻ)എന്നു പറഞ്ഞ കടമകൾ നാം മുഴുവനാക്കിയോ?.ഇല്ല എന്നായിരിക്കും ഉത്തരം. വെറും വാക്കിലൂടെ "നിനക്കു നന്ദി"എന്ന് പറയുന്നതിന്റെ അർത്ഥം നിനക്കു തന്ന സമ്മാനത്തെ നീ വേണ്ട വിധം ഉപയോഗിച്ചിട്ടില്ല എന്നാണ്.ഒരു വ്യക്തി നിനക്കു തന്ന സമ്മാനത്തെ നല്ല നിലക്കു ഉപയോഗിക്കാതെ അവനു ദിവസവും നന്ദി വാക്ക് പറഞ്ഞതുകൊണ്ട് ഒരു കാര്യവും ഇല്ല.അവനിൽ പ്രയാസം തന്നെയായിരിക്കും ഉണ്ടാക്കിത്തീർക്കുക.എന്നാൽ അവൻ തന്ന സമ്മാനത്തെ വേണ്ട വിധത്തിൽ ഉപയോഗിച്ചാൽ അതിന്റെ സന്തോഷം നീ നന്ദിവാക്ക് പറഞ്ഞില്ലെങ്കിലും അവനിലുടനീളമുണ്ടാകും.അതുപോലെയാണ് ദൈവം നമുക്കു നൽകിയ സമ്മാനത്തെ,അഥവാ അനുഗ്രഹത്തെ വേണ്ട വിധത്തിൽ ഉപയോഗിക്കുകയാണ് വേണ്ടത്.
അടുത്ത വചനത്തിൽ പരമകാരുണികൻ പറയുന്നു.:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا
دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

“എന്റെ അടിമകൾ എന്നെക്കുറിച്ച് എന്നെപ്പറ്റി നിന്നോട് ചോദിച്ചാൽ ഞാൻ സമീപസ്ഥൻ തന്നെയാണ് .എന്നെ വിളിച്ചാൽ വിളിക്കുന്നവന്റെ വിളിക്കു ഞാൻ ഉത്തരം നൽകുന്നു.അതിനാൽ സൻമാർഗ്ഗികളാകാൻ അവർ എനിക്കു ഉത്തരം നൽകുകയും,എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ(പാരമ്പര്യ വ്യാഖ്യാനം)

പട്ടിണി കിടക്കുന്ന നോമ്പ് എന്ന നിലക്കു ഈ വചനങ്ങൾ നമുക്കൊന്നു പരിശോധിക്കാം.
“എവിടെയാണ് നിന്റെ ദൈവം?"
നോമ്പു നോൽക്കുന്ന ഏതെങ്കിലും ഒരു വ്യക്തി 1400 വർഷത്തിനിടയിൽ ഇങ്ങിനെ ചോദിച്ചിട്ടുണ്ടാകുമോ?.ഒരു നോമ്പു നോൽക്കുന്ന വ്യക്തിയും ഈ ചോദ്യവും തമ്മിൽ എന്താണ് ബന്ധം?.

നമുക്കു നോമ്പിനെക്കുറിച്ചും,സൗമി(صوم)നെക്കുറിച്ചും നിരൂപണാത്മകമായി ഒന്നു കൂടി ചിന്തിക്കാം.സൗമ്(صوم)എന്താണ് ചെയ്യുന്നത്.

സൗമ്(صوم) മുത്തഖികളായ ജനങ്ങളെ ഉണ്ടാക്കുന്നു.മുത്തഖിയുടെ ഒന്നാമത്തെ ഗുണം ആരാധനക്കു വേണ്ടി കിഴക്കോട്ടോ,പടിഞ്ഞാറോട്ടോ മുഖം തിരിക്കുന്നവനല്ല എന്നതാണ്. പകരം തന്റെ ജീവിതം മുഴുവൻ എല്ലാ സമയത്തും ദൈവീക കൽപനകൾക്കനുസരിച്ച് ജീവിച്ചു തീർക്കുന്നവനാണ്.മുത്തഖിയുടെ മറ്റു ഗുണങ്ങൾ:

അവൻ മുഅമിൻ (مُؤْمن) (സമാധാനം നൽകുന്നവൻ)ആയിത്തീരുന്നു.

തന്റെ സമ്പത്തും,കഴിവുകളും പാവപ്പെട്ടവർക്കുവേണ്ടി ചിലവഴിക്കുന്നു.

അവൻ ദൈവീക കൽപനകളുടെ അടിസ്ഥാനത്തിലുള്ള (സാമ്പത്തിക,സാമൂഹിക) വ്യവസ്ഥിതി സ്ഥാപിച്ചെടുക്കുന്നു.

അവൻ എല്ലാവരും ഐശ്വര്യമനുഭവിക്കുന്ന ഒരു ക്ഷേമ രാജ്യം കെട്ടിപ്പടുക്കുന്നു.

അവൻ അവന്റെ വാഗ്ദത്തങ്ങൾ നിറവേറ്റുന്നു.

അവൻ ജീവിതത്തിൽ പ്രയാസങ്ങളോ ദുരിതങ്ങളോ നേരിടുമ്പോൾ അതിനെ സ്ഥിരമായി നേരിടും.

സമൂഹത്തിൽ അതിക്രമമോ,അരാജകത്വമോ കണ്ടാൽ അവൻ സ്വയം അതിൽ നിന്നും മാറി നിൽക്കുക മാത്രമല്ല,മറ്റുള്ളവർ ആ അക്രമത്തിനു അവരുടെ സംഭാവന നൽകുന്നതിനെ തടയുകയും ചെയ്യും.

ഖുർആൻ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് സമൂഹത്തിലെ ചില സാഹചര്യങ്ങൾക്ക് പരിഹാരം കണ്ടെത്താനാണ്.അതുകൊണ്ട് തന്നെ അവൻ ഖുർആനിൽ നിന്നും ജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുകയും ശരിയും തെറ്റും നിർണ്ണയിച്ചു കൊടുക്കുകയും ചെയ്യുന്നു.എന്നിട്ട് സമൂഹത്തിലെ അരാജകത്വവും ,അതിക്രമവും അവസാനിപ്പിക്കാൻ ശ്രമിക്കുകയും, ക്രമവും,സമാധാനവും സമൂഹത്തിൽ പുനഃസ്ഥാപിക്കുകയും ചെയ്യുന്നു.

മുകളിൽ വിവരിച്ച പ്രവർത്തനങ്ങൾ നടക്കുന്ന ഒരു സമൂഹത്തിൽ ദൈവത്തിന്റെ കൽപനകൾ എങ്ങിനെയാണ് സ്ഥാപിച്ചെടുത്തിരിക്കുന്നത് എന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.
ദൈവീകമായ ഈ പരമാധികാരം ഒരിക്കൽ സ്ഥാപിച്ചെടുത്താൽ ജനങ്ങൾ ആ അനുഗ്രഹത്തെ മറികടക്കാൻ പിന്നെ ശ്രമിക്കുകയില്ല.അവർ സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും നീതി പങ്കുവെക്കുകയും, നന്മ പ്രവർത്തിക്കുകയും ചെയ്യുന്നു.
ദൈവത്തിന്റ അനുഗ്രങ്ങളെ കവർന്നെടുക്കുകയോ, തർക്കിക്കുകയോ ചെയ്യുകയില്ല.
പൂഴത്തിവെപ്പോ,കൊള്ള ലാഭമോ അവിടെ അനുവദനീയമല്ല.ദൈവീക അനുഗ്രഹങ്ങളെ ചില ആളുകൾ മാത്രം കയ്യാളുന്ന അവസ്ഥയുണ്ടാകാനും പാടില്ല.

സൗമിന്റെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നവരിൽ നിന്നും  ദൈവം എവിടെ? എന്ന ഒരു ചോദ്യം ഉയരും. നമ്മുടെ സൃഷ്ടാവിന്റെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ചിന്തിക്കേണ്ട ആവശ്യം ഉണ്ട്.ദൈവം സ്വയംതാൻ ജീവിയാണെന്നു പരിചയപ്പെടുത്തുന്നില്ല.ദൈവം പറയുന്നതു കാണുക: "ദൈവത്തിനു കടം കൊടുക്കു"(أَقْرِضُوا اللَّهَ قَرْضًا حَسَنًا). പക്ഷെ നാം ദൈവത്തെ എവിടെയും കാണുന്നില്ല. അപ്പോൾ നമ്മുടെ സമ്പാദ്യത്തിന്റെ ഒരു ഭാഗം പാവപ്പെട്ടവർക്ക് നാം നൽകുകയാണ് വേണ്ടത്. നമ്മുടെ കഠിനാദ്ധ്വാനത്തിന്റെ ഒരു ഭാഗം ആവശ്യക്കാർക്കു നൽകുക എന്നതു തന്നെയല്ലേ ദൈവത്തിനു കൊടുക്കുക എന്നതിന്റെ സാരം?.തീർച്ചയായും.നമ്മുടെ സമ്പത്തിന്റെ ഒരു ഭാഗം പാവപ്പെട്ടവർക്കോ,മറ്റുള്ളവർക്കോ നൽകു എന്ന കൽപനയുടെ അർത്ഥം അതു തന്നെയാണ്.സൗമിന്റെ ജോലി ഏറ്റടുക്കുന്ന ജനങ്ങൾക്ക് ഈ ചോദ്യങ്ങൾ നേരിട്ടുകൊണ്ടേയിരിക്കും.

എവിടെയാണ് ദൈവം,അതായത് പരോപകാരമായ വ്യവസ്ഥിതി?

ഈ പരോപകാരമായ വ്യവസ്ഥിതി എങ്ങിനെ അല്ലെങ്കിൽ എപ്പോൾ നടപ്പിൽ വരുത്തും?

സൗമു(صوم)മായി ബന്ധപ്പെട്ട് പരമകാരുണികൻ പറയുന്ന 187ാമത്തെ വചനം ഒന്നു നമുക്ക് പഠിക്കാം.

أُحِلَّ لَكُمْ لَيْلَةَ ٱلصِّيَامِ ٱلرَّفَثُ إِلَىٰ نِسَآئِكُمْ ۚ هُنَّ لِبَاسٌ لَّكُمْ
وَأَنتُمْ لِبَاسٌ لَّهُنَّ ۗ عَلِمَ ٱللَّهُ أَنَّكُمْ كُنتُمْ تَخْتَانُونَ أَنفُسَكُمْ
فَتَابَ عَلَيْكُمْ وَعَفَا عَنكُمْ ۖ فَٱلْـَٔـٰنَ بَـٰشِرُوهُنَّ وَٱبْتَغُوا۟ مَا كَتَبَ
ٱللَّهُ لَكُمْ ۚ وَكُلُوا۟ وَٱشْرَبُوا۟ حَتَّىٰ يَتَبَيَّنَ لَكُمُ ٱلْخَيْطُ ٱلْأَبْيَضُ مِنَ ٱلْخَيْطِ
ٱلْأَسْوَدِ مِنَ ٱلْفَجْرِ ۖ ثُمَّ أَتِمُّوا۟ ٱلصِّيَامَ إِلَى ٱلَّيْلِ ۚ وَلَا تُبَـٰشِرُوهُنَّ وَأَنتُمْ
عَـٰكِفُونَ فِى ٱلْمَسَـٰجِدِ ۗ تِلْكَ حُدُودُ ٱللَّهِ فَلَا تَقْرَبُوهَا ۗ كَذَٰلِكَ
يُبَيِّنُ ٱللَّهُ ءَايَـٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَّقُونَ ﴿١٨٧﴾

“നോമ്പിന്റെ രാത്രിയിൽ നിങ്ങൾക്ക് നിങ്ങളുടെ സ്ത്രീകളോടുള്ള ബന്ധപ്പെടൽ അനുവദിക്കപ്പെട്ടിരിക്കുന്നു..അവർ നിങ്ങൾക്കൊരു വസ്ത്രവും നിങ്ങൾ  അവർക്കൊരു വസ്ത്രവുമാണ്.നിങ്ങൾ സ്വയം വഞ്ചിക്കുകയായിരുന്നു എന്നും അല്ലാഹു അറിഞ്ഞു. അപ്പോൾ അവൻ നിങ്ങളുടെ പശ്ചാതാപം സ്വീകരിക്കുകയും,നിങ്ങളെപ്പറ്റി മാപ്പാക്കുകയും ചെയ്തു.അതുകൊണ്ട് ഇപ്പോൾ നിങ്ങൾ പ്രഭാതത്തിലെ കറുത്ത നൂലിൽ നിന്നും വെള്ള നൂൽ വേർപിരിയും വരെ അവരുമായി ബന്ധപ്പെടുകയും നിങ്ങൾക്ക് അല്ലാഹു വിധിച്ചത് തേടുകയും,തിന്നുകയും,കുടിക്കുകയും ചെയുവീൻ.പിന്നീട് നോമ്പ് രാത്രിയാകും വരെ പൂർത്തിയാക്കുകയും ചെയ്യുവീൻ.എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅതികാഫ് ഇരിക്കുമ്പോൾ അവരുമായി ബന്ധപ്പെടുകയും ചെയ്യരുത്. അവ ദൈവത്തിന്റെ അതിരുകളാണ് അതിനാൽ അവയെ സമീപിക്കരുത്. അപ്രകാരമാണ് മനുഷ്യർക്കു അവർ മുത്തഖികളാകാൻ ദൈവം തന്റെ വചനങ്ങൾ വിവരിച്ചുകൊടുക്കുന്നത്.(പാരമ്പര്യ വ്യഖ്യാനം)

ഇവിടെ നമുക്ക് മുകളിലെ പരിഭാഷ ശരിയും,ഈ വചനങ്ങളുടെ യഥാർത്ഥ സന്ദേശവും നമുക്കു നൽകുന്നുണ്ടോ എന്നു പരിശോധിക്കാം.പാരമ്പര്യ ഖുർആൻവ്യാഖ്യാതാക്കൾ(مُفَسِّرين) വിശദീകരിക്കുന്നത്, പുരുഷന്മാർക്ക് അവരുടെ ഭാര്യമാരുമായി നോമ്പിന്റെ രാത്രികളിൽ ലൈംഗിക വേഴ്ച നടത്താൻ അനുവദിച്ചിട്ടുണ്ട് എന്നാണ്.സ്ത്രീകൾ നിങ്ങളുടെ വസ്ത്രവും,നിങ്ങൾ ആ സ്ത്രീകളുടെ വസ്ത്രവുമാണ്.നോമ്പ് നോൽകുന്ന മാസത്തിലെ രാത്രികളിൽ സ്ത്രീകളുമായി ബന്ധപ്പെടാൻ പാടില്ലായിരുന്നു എന്നാണ് ജനങ്ങൾ വിചാരിച്ചിരുന്നത്. നോമ്പിന്റെ രാത്രിയിൽ തങ്ങളുടെ ഭാര്യമാരുടെ കൂടെ ഉറങ്ങുന്നത് തെറ്റാണെന്നായിരുന്നു ജനങ്ങൾ ചിന്തിച്ചിരുന്നത്.എന്നാൽ അത് അനുവദിക്കുകയും,അവരുമായി രാത്രിയിൽ കിടന്നുറങ്ങുകയും ചെയ്യാം.എന്നിട്ട് ലൈംഗിക വേഴ്ചയുടെ ഫലമായി ഭാവിയിൽ കിട്ടാവുന്ന കുട്ടിയെ തേടുകയും ചെയ്യാം..ഇരുട്ടിൽ നിന്നും പ്രഭാതം പൊട്ടി വിടരുന്നതുവരെ അവർക്ക് തിന്നുകയും കുടിക്കുകയും ചെയ്യാം. എന്നിട്ട് നോമ്പ് രാത്രിവരെ പൂർത്തിയാക്കുക. എന്നാൽ നിങ്ങൾ പള്ളികളിൽ(مَسَاجِد) ഇഅതികാഫിൽ ഇരിക്കുമ്പോൾ അവരു

മായി ലൈംഗിക ബന്ധം പാടില്ല താനും.ഇതൊക്കെയാണ് അല്ലാഹുവിന്റെ അതിരുകൾ. അവയെ സമീപിക്കരുത്. ദൈവം അവന്റെ വചനങ്ങൾ വ്യക്തമാക്കി തരുന്നത് നിങ്ങൾ മുത്തഖികളാകുന്നതിനുവേണ്ടിയാണ്.!

നമുക്ക് ഈ കാര്യങ്ങളൊന്നു ചിന്തിക്കാം. ഈ വചനങ്ങളുടെ അവസാനത്തിൽ "നിങ്ങൾ മുത്തഖികളാകുന്നതിനു വേണ്ടി" എന്നു ഒരിക്കൽ കൂടി ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്.ഈ രൂപത്തിലുള്ള നോമ്പും സ്ത്രീകളുമായി ലൈംഗിക വേഴ്ചനടത്താതിരുന്നാൽ പുരുഷന്മാർ "മുത്തഖി"യാകുമോ?."തഖ് വ"(تَقْوَى) യും,രാത്രിയിൽ സ്ത്രീകളുമായി ബന്ധപ്പെടലും തമ്മിൽ എന്തു ബന്ധമാണുള്ളത്.?ഒന്നു കൂടി ചിന്തിച്ചാൽ ഈ പാരമ്പര്യ വ്യഖ്യാനത്തിൽ ഒരുപാട് ചോദ്യങ്ങൾ നമ്മളിൽ ഉയരുന്നു

ഈ വചനത്തിലെ "റഫസ് "(رفث) എന്നാൽ വാക്കാണോ പ്രവർത്തിയാണോ? തെറ്റായ സംസാരം,അല്ലെങ്കിൽ ദുഷ് പ്രചരണം നടത്തുക എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. നമ്മുടെ പരിഭാഷകർ എന്തുകൊണ്ടാണ് ലൈംഗിക വേഴ്ച എന്നു അർത്ഥം നൽകിയത്?.അറബി ഭാഷയിൽ "മുബാഷറാത്ത് "(مُبَاشَرَات)എന്ന പദം ലൈംഗിക വേഴ്ചക്ക് പറ്റുകയില്ലേ? ലൈംഗിക വേഴ്ചക്ക് മുബാഷറാത്ത് എന്നു നേരെചൊവ്വേ പറയാതെ അല്ലാഹു എന്തുകൊണ്ട് വളഞ്ഞു തിരിഞ്ഞു "റഫസ്:എന്നു ലൈംഗിക വേഴ്ചക്ക് ഉപയോഗിച്ചു. പാരമ്പര്യ മുഫസ്സിറുകൾ പറയുന്നതുപോലെ അല്ലാഹുവിനു ലജ്ജയായതുകൊണ്ടാണോ ഇങ്ങിനെ ഉപയോഗിച്ചത്? എന്തൊരു ഉഗ്രൻ വ്യഖ്യാനം?പക്ഷെ ഇവിടെ ഒരു പ്രശ്നമുള്ളത്. ഇതേ വചനത്തിൽ തന്നെ "മുബാഷറാത്ത്"(ലൈംഗികവേഴ്ച) എന്നു ഉപയോഗിച്ചിട്ടുണ്ടല്ലോ?

എന്താണ് ഇവിടുത്തെ "അന്നിസാ"(النِّسَاء)എന്നതിന്റെ അർത്ഥം?.ദൈവം അതുകൊണ്ട് ഭാര്യ അല്ലെങ്കിൽ ഭാര്യമാർ എന്നാണോ അർത്ഥമാക്കുന്നത്?.അതല്ല അവൻ സൗജ് ,അസ് വാജ് زوج അല്ലെങ്കിൽ أزْوَج എന്നാണോ ഭാര്യമാർക്ക് ഉപയോഗിച്ചിട്ടുള്ളത്?അന്നിസാ (النِّسَاء)എന്നതിൽ ഭാര്യമാർക്ക് പുറമെ ഉമ്മമാരും സഹോദരിമാരും ഉൽപെടുമോ?

സാധാരണ എല്ലാ സ്ത്രീകളെയും ഉദ്ദേശിക്കുന്ന നിസാ എന്ന പദത്തിനു പകരം ഒരു പ്രത്യേക തരം സ്ത്രീകളെ ഉദ്ദേശിച്ചുകൊണ്ട് അന്നിസാ (النِّسَاء) എന്നു ഉപയോഗിക്കാൻ കാരണമെന്താണ്? ആരാണ് ഈ പ്രത്യേക സ്ത്രീകൾ?

പരമകാരുണികനായ ദൈവം പറയുന്നു:

عَلِمَ اللَّهُ أَنَّكُمْ تَخْتَانُونَ أَنْفُسَكُمْ فَتَابَ عَلَيْكُم وَعفا عَنْكُمْ

"നിങ്ങൾ സ്വയം വഞ്ചിക്കുകയായിരുന്നു എന്നും അല്ലാഹു അറിഞ്ഞു. അപ്പോൾ അവൻ നിങ്ങളുടെ പശ്ചാതാപം സ്വീകരിക്കുകയും,നിങ്ങളെപ്പറ്റി മാപ്പാക്കുകയും

ചെയ്തു."(പാരമ്പര്യ വ്യാഖ്യാനം)
എന്തു ചതിയും വഞ്ചനയുമാണ് അവർ ചെയ്യുന്നതെന്ന് അല്ലാഹു മനസ്സിലാക്കുന്നു. എന്നിട്ട് ആ ചതിയും,വഞ്ചനയും തുടരാൻ അല്ലാഹു അനുവദിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്? തിന്മ എപ്പോഴും തിന്മ തന്നെയല്ലേ? അതിനു ഇന്നലെ, ഇന്ന്, നാളെ എന്ന വല്ല വ്യത്യാസവും ഉണ്ടോ?. അതുപോലെ വഞ്ചന എപ്പോഴും വഞ്ചന തന്നെയല്ലേ? അല്ലാഹു കുറ്റമറ്റവനാണ് . അവൻ ഒരിക്കലും ഒരു തിന്മ ചെയ്യാനോ, തെറ്റ് ചെയ്യാനോ പ്രേരിപ്പിക്കുകയില്ല.

ദൈവത്തിന്റെ വീക്ഷണത്തിൽ അത് വഞ്ചന അല്ല എന്നു വെക്കുക.ജനങ്ങൾ അതിൽ പെട്ടുപോയിട്ടുണ്ടെങ്കിൽ എങ്ങിനെയാണ് വഞ്ചനയാവുക.കൂടാതെ ദൈവം കാരുണ്ണ്യവും വിട്ടുവീഴ്ചയും എന്തിനാണ് ചെയ്യുന്നത്.?ഇവിടുത്തെ മറ്റൊരു പ്രശ്നം ഈ വഞ്ചനയെക്കുറിച്ച് ദൈവത്തിനു വ്യക്തമായ അറിവ് ഉണ്ട് എന്നതാണ്.പക്ഷെ നാം പറയുന്നത് ഈ തെറ്റായ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങൾക്ക് അറിയും എന്നുമാണ്. "നിങ്ങൾ എന്താണ് ഈ ചിന്തിച്ചു കൊണ്ടിരിക്കുന്നത്.പക്ഷെ അല്ലാഹു അതിനെ വിലക്കുന്നില്ല" എന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിനു അവരുടെ ചിന്തയെ അവഗണിക്കാമായിരുന്നു.
പരമ കാരുണികനായ ദൈവം പറയുന്നു:

فَالآنَ بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللَّهُ لَكُمْ

"അതുകൊണ്ട് ഇപ്പോൾ അവരുമായി ബന്ധപ്പെടുകയും നിങ്ങൾക്ക് അല്ലാഹു വിധിച്ചത് തേടുകയും,ചെയ്യുവീൻ"(പാരമ്പര്യ വ്യാഖ്യാനം)

"ഇപ്പോൾ അവരുമായി ബന്ധപ്പെടുക"എന്നു പറഞ്ഞതിൽ നിന്നും ജനങ്ങൾ മുമ്പ് ജോഡികളായിരുന്നില്ലേ?.അല്ലെങ്കിൽ പിന്നെ എന്തിനാണ് ഇപ്പോൾ ചെയ്തു കൊള്ളൂ എന്നു അവർ ചെയ്തിരുന്ന വഞ്ചനയുടെ നഷ്ടപരിഹാരം തീർക്കാനുള്ള കൽപന കൊടുത്തത്.അപ്പോൾ നമുക്ക് എന്തു വഞ്ചനയായിരുന്നു അതെന്നും, അവരിൽ നിന്നും എങ്ങിനെയാണ് ബന്ധപ്പെടൽ അവസാനിപ്പിച്ചതെന്നും കണ്ടെത്തേണ്ടിയിരിക്കുന്നു.
പരമ കാരുണികനായ ദൈവം പറയുന്നു.:

وَابْتَغُوا مَا كَتَبَ اللَّهُ لَكُم

" നിങ്ങൾക്ക് അല്ലാഹു വിധിച്ചത് തേടുകയും"(പാരമ്പര്യ വ്യഖ്യാനം)
"നിങ്ങൾക്ക് അല്ലാഹു എന്താണോ കൽപിച്ചത് അത് തേടുക"എന്നു പറഞ്ഞതിൽ നിന്നും നമ്മുടെ മുഫസ്സിറുകൾ ചിന്തിച്ചത് ലൈംഗിക വേഴ്ചയുടെ ഫലമായി കിട്ടുന്ന കുട്ടിയെ തേടാനാണ് എന്നാണ്.പക്ഷെ ഇതേ മുഫസ്സിറുകൾ തന്നെയാണ് 183ാ വചനത്തിലെ "കുതിബ അലൈക്കും"(كُتِبَ عَلَيكم) എന്നുള്ളതിന് നിർബന്ധമാക്കപ്പെട്ടത് എന്ന അർത്ഥം നൽകിയത്.എന്നാൽ ഈ ആയത്തിൽ ഇതുവരേയും ജനിക്കാത്ത ഒരു കുട്ടിയെ തേടാനുമാണ് പറയുന്നത്. എല്ലാ ലൈംഗിക വേഴ്ചയും ഒ

ര ഫലം കിട്ടുമെന്ന പ്രതീക്ഷയിലോ കുട്ടി ജനിക്കണമെന്ന പ്രതീക്ഷയിലോ അല്ല ചെയ്യുന്നത് എന്നു മാം മനസ്സിലാക്കണം.

പരമകാരുണികൻ പറയുന്നു.:

وَكُلُوا وَاشْرَبُوا

തിന്നുകയും കുടിക്കുകയും ചെയ്യുക(പാരമ്പര്യ വ്യാഖ്യാനം)

തിന്നലും കുടിക്കലും എപ്പോഴും ഭക്ഷണം കഴിക്കുന്നതിനും,വെള്ളം കുടിക്കുന്നതിനു മാകണമെന്നില്ല. ഒരു അറിവു നേടുന്നതിനും അതു നടപ്പാക്കുന്നതിനും അത് ഉപ യോഗിക്കും.ഇവിടെ അറബിയിലെ "കുലൂ "(كُلُوا)എന്ന പദത്തിന് തിന്നുക എന്ന് അർത്ഥം നൽകുക വഴി പട്ടിണി കിടക്കുന്ന നോമ്പ് എന്ന അർത്ഥം വന്നതിനെ ക്കുറിച്ച് നമുക്ക് അല്പമൊന്നു ചിന്തിക്കണം.എങ്ങിനെയാണ് തീറ്റയും കുടിയും വില ക്കിയിരിക്കുന്നത്.നമുക്ക് ഈ പദം ഖുർആനിലെ മറ്റു സ്ഥലങ്ങളിൽ എങ്ങിനെ യാണ് ഉപയോഗിച്ചിരിക്കുന്നത് എന്നും അവിടുത്തെ അർത്ഥമെന്താണ് എന്നും നമുക്കു നോക്കാം.2:168 ൽ അല്ലാഹു പറയുന്നു.

يَٰٓأَيُّهَا ٱلنَّاسُ كُلُوا۟ مِمَّا فِى ٱلْأَرْضِ حَلَٰلًا طَيِّبًا وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَٰنِ ۚ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿١٦٨﴾

“ഹേ മനുഷ്യരെ, ഈ ഭൂമിയിലുള്ളതിൽ നിന്നും അനുവദനീയവും , നല്ലതുമായതെ ല്ലാം നിങ്ങൾ തിന്നുകയും എന്നാൽ പിശാചിന്റെ കാലടികളെ പിന്തുടരാതിരിക്ക കയും ചെയ്യുവീൻ അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാണ്"(പാരമ്പര്യ വ്യാ ഖ്യാനം)

ഈ വചനം രണ്ടു കല്പനകളാണ് നമുക്കു നൽകുന്നത്:

ഒന്ന്, ഹലാൽ ആയതും നല്ലതും തിന്നുക.

രണ്ട്,ശൈത്താന്റെ കാലടികൾ പിന്തുടരരുത്.

നാം "കുലൂ “(كُلُوا) എന്നതിനു തിന്നുക എന്ന അർത്ഥമെടുത്താൽ ,ആരാണ് ശുദ്ധ മായതിനു പകരം അശുദ്ധമായതും ഹലാലിനു പകരമായി ഹറാമായതുമായ പി ശാചിന്റെ കാലടികൾ തിന്നുന്നത്.?ഹലാലായതും ശുദ്ധമായതുമായ ദൈവീക കൽപനകളാണ് തിന്നുന്നത്.പിശാചിന്റെ കല്പനകളാണ് അതിന്റെ വിപരീതം, അതാണ് ഹറാമും അശുദ്ധമായതും.പക്ഷെ ആ പിശാച് ഇവിടെ ഒന്നും തിന്നാ നോ കുടിക്കാനോ കൽപന കൊടുത്തിട്ടില്ല.അവൻ നമുക്കു മറ്റു ചിലതാണ് കൽപ ന തന്നിട്ടുള്ളത്.അത് തീറ്റയുമായി ബന്ധപ്പെട്ടതല്ല.അടുത്ത വചനം ഒന്നു നോക്കു:

إِنَّمَا يَأْمُرُكُمْ بِالسُّوء وَالفَحْشَاء وَأَنْ تَقُولُوا عَلى اللَّهِ مَالاتعلمون

"ദുഷ്യവും നികൃഷ്ടവും ദൈവത്തിന്റെ പേരിൽ നിങ്ങൾക്ക് അറിയാത്തത് നിങ്ങൾ പറയാനും മാത്രമെ അവൻ നിങ്ങളോട് കൽപിക്കുകയുള്ളൂ"( പാരമ്പര്യ വ്യാഖ്യാ നം)

അറബയിൽ ഇന്നമാ "إِنَّمَا" എന്നതിന്റെ അർത്ഥം മാത്രം(only)എന്നാണ്.ഇവി

ടെ ആയത്തിന്റെ തുടക്കത്തിൽ പിശാച് നമുക്കു രണ്ടു കൽപനകളാണ് തന്നിട്ടുള്ള ത് എന്നു പറഞ്ഞു. അവ രണ്ടും തീറ്റയും കുടിയുമായി ബന്ധപ്പെട്ടതല്ല.പകരം മനു ഷ്യന്റെ ധാർമ്മികവും,ആശയപരവുമായ വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്.

"സൂഅ" (سوء)എന്നതിന്റെ അർത്ഥം ദൂഷ്യം എന്നാണ്. ഇവിടെ "അസ്സൂഅ"( السوء) എന്നതുകൊണ്ട് ഒരു പ്രത്യേക ദൂഷ്യമാണ് ഉദ്ദേശിക്കുന്നത്.അതായത് ഖു ർആൻ പരിഗണിക്കുന്ന ഒരു പ്രത്യേക സൂഅ ആണ് ഉദ്ദേശം.ദൈവീക കൽപനക ൾക്കെതിരിൽ അവൻ സ്വീകരിച്ച സ്വഭാവമാണ് അത്. സൂറത്ത് അൽബഖറയിൽ ഈ സ്വഭാവം അനുസരക്കേടും അഹങ്കാരവുമായി(അബാ വസ്തക്ബറ أبى واسْتكبر) ബന്ധപ്പെട്ടതാണ്. ശൈത്താന്റെ രണ്ടു സ്വഭാവമാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്.
അബാ "أبَى"(അനുസരണക്കേട്)

തകബ്ബുർ "تكبر"(അഹങ്കാരം)
അനുസരക്കേടും,അഹങ്കാരവും എന്നീ രണ്ടു കാര്യങ്ങളും നമുക്കു തിന്നാനും കുടിക്കാ നും പറ്റാത്തവയാണ്.ശൈത്താന്റെ കാലടികളുടെ പിറകെ നടക്കുക എന്നതും തിന്നാനും കുടിക്കാനും പറ്റാത്തതാണ്.സൂറത്ത് അൽബഖറയിലെ ബാക്കി വചന ങ്ങൾ കൂടി നാം പഠിച്ചാൽ നമുക്കു കുലൂ (كُلُوا) എന്ന പദത്തിന്റെ അർത്ഥം ദൈ വീക കൽപനകളുടെ അറിവു നേടലാണ് എന്നു വളരെ വ്യക്തമാകും.അതുപോലെ ശരിബ (شَرِبَ) എന്നതിന് ആ അറിവുകൾ നമ്മുടെ നിത്യ ജീവിതത്തിൽ നടപ്പാ ക്കലാണ് എന്നും മനസ്സിലാകും.
പരമ കാരുണികനായ ദൈവം പറയുന്നു:

حَتَّى يَتَبَيَّنَ لَكُم الْخَيْطُ الأَبْيَضُ مِنَ الْخَيْطِ الأَسْود من الفجرِ

"പ്രഭാതത്തിലെ കറുത്ത നൂലിൽ നിന്നും വെള്ള നൂൽ വേർപിരിയും വരെ "
(പാരമ്പര്യ വ്യഖ്യാനം)
അൽ-ഫജ്ർ الْفَجْر (the Dawn) പ്രഭാതം അറിയപ്പെ(معْرِفة)ട്ട പദമാണ്.അതു കൊണ്ടു തന്നെ ഇതു സാധാരണ നാം ദിവസവും കാണുന്ന പുലരി അല്ല.അങ്ങി നെയായിരുന്നുവെങ്കിൽ സാധാരണ (نكرة)പദമായ ഫജ്ർ فجر എന്നാണ് ഉപ യോഗിക്കുക. അതുപോലെ കറുത്ത നൂല് വെള്ള നൂലിനെ വ്യക്തമാക്കി തരും എന്നുമല്ല പ്രയോഗിച്ചിട്ടുള്ളത്.പകരം വെള്ള നൂല് കറുത്ത നൂലിനെ വ്യക്തമാക്കി തരുന്നതുവരെ എന്നാണ് പറഞ്ഞിട്ടുള്ളത്.ഇതിനർത്ഥം പ്രഭാതത്തിലെ കിരണ ങ്ങൾ വെള്ള നൂലിനെ കറുത്ത നൂലിൽ നിന്നും വ്യക്തമാക്കി തരുമെന്നാണ് അർ ത്ഥമെങ്കിൽ അൽ-ഫജ്ർ "الْفَجر" എന്നത് കർത്താവിന്റെ അവസ്ഥയായിരിക്കും അങ്ങിനെയെങ്കിൽ الْفَجر എന്ന വാക്കിലെ ر എന്ന അക്ഷരത്തിന് ളമ്മ് (ഉ)ആ യിരിക്കും.അതുപോലെ വെള്ള നൂല് الخيط الابيض എന്നത് കർമ്മവുമായിരിക്കും. അൽ-ഫജ്ർ എന്നത് പ്രത്യേക (معرفة) ആയതിനാൽ ഈ പദം മുമ്പ് ഉപയോ

ഗിച്ചതോ, അല്ലെങ്കിൽ ഖുർആനിൽ വന്ന ഒരു പുതിയ പദമോ ആകാം.

അതുപോലെ ,അറബി പദങ്ങളിൽ ഒരു പ്രത്യേക (മഅരിഫ)പദമായി ഉപയോഗിച്ച പദങ്ങളാണ് ( the white thread)വെള്ള നൂലും (الخيط الابيض) (the black thread) കറുത്തനൂലും (الخيط الاسود). അതുപോലെ അറബി പദമായ അല്ലെൽ "اللّيل" എന്നതും പ്രത്യേക (മഅരിഫ) പദമാണ്. ഈ പദങ്ങളൊക്കെ പ്രത്യേകം അറിയപ്പെട്ട പദങ്ങളായി ഉപയോഗിക്കാനുള്ള കാരണം പിന്നീട് നാം വിശദീകരിക്കുന്നതാണ്.

പരമ കാരുണികൻ പറയുന്നു:

وَلا تُبَاشِرُوهُنَّ وَأَنْتُم عَاكِفُونَ فِى الْمَسَاجِد تِلكَ حُدُوداللّهِ ولاتقربوها

"എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅതികാഫ് ഇരിക്കുമ്പോൾ അവരുമായി ബന്ധപ്പെടുകയും ചെയ്യരുത്."(പാരമ്പര്യ വ്യാഖ്യാനം)

വിശപ്പും ദാഹിച്ചും ചെയ്യുന്ന നോമ്പ് എന്ന ചിന്തയിൽ നിന്നുതന്നെയാണ് ഈ കല്പനയും വന്നിട്ടുള്ളത്. മതത്തിന്റെ ആളുകൾ മസ്ജിദുകളെ(مساجد) ഏറ്റവും വലിയ കാര്യമായിട്ടാണ് കാണുന്നത്.നമുക്ക് അത് നന്നായി അറിയുകയും ചെയ്യാം. പക്ഷെ "തിൽക ഹുദൂദു അല്ലാഹി"تِلْكَ حُدُودَ اللّٰهِ (ഇതാണ് അല്ലാഹുവിന്റെ പരിധികൾ ) ഫലാ തഖ്റബൂഹാ "فَلَا تَقْرَبُوهَا"( അതിനോടു സമീപിക്കരുത്).ഇവിടുത്തെ മറ്റൊരു പ്രശ്നം "ഇത് അല്ലാഹുവിന്റെ പരിധികളാണ്" എന്നു പറഞ്ഞത് നോമ്പുമായി ബന്ധപ്പെട്ടതാണ്. ഇവിടെ നോമ്പു നോൽക്കാനുള്ള ഏക കൽപന മാത്രമേയുള്ളൂ. അപ്പോൾ ഒരു പരിധി മാത്രമെ പരിഗണിക്കാൻ പറ്റുകയുള്ളൂ .അപ്പോൾ പരിധികൾ എന്നു അല്ലാഹു പറയാനുള്ള കാരണമെന്താണ്.?

"അവരോട് സമീപിക്കരുത്" എന്ന കൽപന നോമ്പു നോൽകുന്ന റമദാൻ മാസത്തിൽ മാത്രം ബാധകമായ കാര്യമാണോ? ഇവിടെ സ്ത്രീകളെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അപ്പോൾ ശരിയായ രീതിയിൽ കൽപന പറയുക"ഫലാ തഖ്റബൂഹുന്ന فَلاتَقْرَبُوهُنَّ"എന്നാണ്.എന്നാൽ ഇവിടെ ഫലാ തഖ്റബൂഹാ എന്നു പറയാൻ എന്താണു കാരണം?

ഖുർആനിലെ സൗമ് (صوم) എന്ന പദം പാരമ്പര്യ വ്യാഖ്യാന പ്രകാരം വ്യഖ്യാനിക്കുമ്പോൾ നമുക്കുണ്ടാകുന്ന ചില സംശയങ്ങളും ,ചോദ്യങ്ങളും ചുരുക്കി ഒന്നു വിവരിക്കാം.

നോമ്പ് ഒരിക്കലും ഒരു വ്യക്തിയെ മുത്തഖിയാക്കുന്നില്ല. മുത്തഖിയുടെ ചില വിശേഷണങ്ങൾ നാം 177ാം വചനത്തിൽ നാം കണ്ടു.പക്ഷെ നോമ്പു നോൽക്കുന്ന ഒരു വ്യക്തിയിലും ഇത്തരം ഗുണങ്ങൾ കാണുകയോ അവനിൽ ഇത്തരം പ്രവർത്തനങ്ങൾ സൃഷ്ടിക്കപ്പെടുകയോ ചെയ്യുന്നില്ല.

ആരാണ് ഈ നോമ്പ് പിടിക്കാൻ ശക്തിയുള്ളവൻ. അവന് ഒരു പാവപ്പെട്ടവന്

ഭക്ഷണം നൽകി നോമ്പ് ഒഴിവാക്കാം.ഈ പാവപ്പെട്ടവന്ന നോമ്പു ഒഴിവാക്കാൻ അവന്ന കിട്ടിയ ഭക്ഷണം മറ്റൊരാൾക്കു തിന്നാൻ കൊടുത്താലും മതിയാകുമോ?

നീ റമദാൻ മാസത്തിൽ ജീവിച്ചിരിപ്പുണ്ടെങ്കിൽ നോമ്പ് നോൽക്കണം. അല്ലെങ്കിൽ നോമ്പു നോൽക്കണ്ട.ഇതൊരു അപഹാസ്യമായ പ്രസ്താവനയാണ്. ഇത് ദൈവത്തെ സംബന്ധിച്ച് ശരിയല്ലല്ലോ?.

നോമ്പ് മനുഷ്യരുടെ പ്രയാസങ്ങൾക്കുള്ള ഒരു പാഠമല്ല.

നോമ്പ് സമൂഹത്തിൽ എളുപ്പമുണ്ടാക്കുന്നില്ല ആയാസമോ ഉണ്ടാക്കുന്നില്ല.

നോമ്പ് ദൈവത്തിന്റെ പരമാധികാരം സ്ഥാപിച്ചെടുക്കുന്നില്ല.

നോമ്പ് നോൽക്കുന്ന ഒരു വ്യക്തി ഒരിക്കലും അല്ലാഹ്ഹ എവിടെ എന്നു ചോദിക്കില്ല അതുപോലെ ദൈവം ഞാനടുത്തു തന്നെ എന്നു പ്രതികരിക്കേണ്ടതുമില്ല.

നോമ്പു നോൽക്കുന്ന വ്യക്തികളോടു തെറ്റായി സംസാരിക്കാനും ദുശിച്ച സംസാരത്തിനും അല്ലാഹ്ഹ കൽപിക്കുന്നു.
ദൈവത്തിനു, ജനങ്ങൾ വഞ്ചനയാണ് ചെയ്യുന്നതെന്നറിയുന്നു. അത് തുടരാൻ അല്ലാഹ്ഹ കൽപിക്കുകയും ചെയ്യുന്നു.

അൽ-ഫജ്ർ(الْفَجر)എന്നത് ഒരു പ്രത്യേക പുലരിയാണ് ഏതാണ് അത്?.

എന്താണ് "ആ വെളുത്ത നൂലും" "ആ കറുത്ത നൂലും"?

അ-ല്ലൈൽ أَللَّيل എന്നു വിളിക്കുന്ന "ആ പ്രത്യേക രാത്രി" ഏതാണ്?

അനുവദിക്കപ്പെട്ട എന്തോ ഒന്ന് മസാജിദുകളിൽ (مَسَاجِد)വിലക്കിയിട്ടുണ്ട് . അതെന്താണ്, എന്തുകൊണ്ടാണ് അത് വിലക്കിയത്.?

സൗമിന്റെ (صَوم)യഥാർത്ഥ ലക്ഷ്യം പറഞ്ഞ സൂറത്ത് അൽ-ബഖറയിലെ 188ാം വചനത്തിലേക്ക് ആരും ശ്രദ്ധിച്ചില്ല.

പരമകാരുണികനായ ദൈവം പറയുന്നു:

وَلَا تَأْكُلُوٓا۟ أَمْوَٰلَكُم بَيْنَكُم بِٱلْبَٰطِلِ وَتُدْلُوا۟ بِهَآ إِلَى ٱلْحُكَّامِ
لِتَأْكُلُوا۟ فَرِيقًا مِّنْ أَمْوَٰلِ ٱلنَّاسِ بِٱلْإِثْمِ وَأَنتُمْ تَعْلَمُونَ ﴿١٨٨﴾

ഇതാണ് സൗമിന്റെ(صَوْم) സത്യം. സമൂഹത്തിലെ അനീതി അവസാനിപ്പിക്കുക. എല്ലാ വ്യക്തികൾക്കും അവരുടെ അവസ്ഥ കണക്കിലെടുത്തുകൊണ്ട്  അവന്റെ വിശ്വാസമോ തൊലിയുടെ നിറമോ നോക്കാതെ സമാധാനവും സുരക്ഷയും ഉറപ്പു വരുത്തുക. മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുക. സൗമ് (صَوم) വിശപ്പു സഹിച്ചോ,ദാഹിച്ചോ ഉള്ള ഒരു അനുഷ്ടാനമല്ല.

ഇന്നത്തെ വ്രതം ഭക്ഷണവും,വെള്ളവും ഒഴിവാക്കുക മുഖേന വിശപ്പിലും,ദാഹത്തിലും പങ്കാളിയാവുക എന്നതിൽ കവിഞ്ഞ് ഒന്നുമില്ല.ഖുർആൻ വിശദീകരിച്ച സൗമി (صوم)ന്റെ ലക്ഷ്യങ്ങളെല്ലാം തന്നെ സമൂഹത്തിൽ ഉണ്ടാക്കുന്നതിൽ ഇന്നത്തെ സൗമ് പരാജയപ്പെട്ടിരിക്കുന്നു.ഇനി നമുക്ക് മുകളിൽ വിവരിച്ച വചനങ്ങളെ ഒന്നു കൂടി പുനഃപരിശോധിക്കുകയും,ഖുർആൻ കൊണ്ട് തന്നെ അവ മനസ്സിലാക്കുകയും സൗമി(صوم)ന്റെ ലക്ഷ്യമായി ഖുർആൻ വരച്ചു കാണിക്കുന്ന ചിത്രമെന്താണെന്നു മനസ്സിലാക്കുകയും ചെയ്യാം.

സൗമിന്റെ ലക്ഷ്യം:

ഭക്ഷണ പാനീയങ്ങളും,സ്ത്രീപുരുഷ ബന്ധവും തടഞ്ഞു നിർത്തുക എന്നതല്ല സൗമിന്റെ ലക്ഷ്യം.സമൂഹത്തിലെ സർവ്വ വിധ തിന്മകളെയും നിർത്തൽ ചെയ്യുക(to stop)എന്നതാണ് ഇതിന്റെ ലക്ഷ്യം പിന്നെ സൗമി(صَوم)ന്റെ ലക്ഷ്യമായി ഖുർആൻ വിവരിച്ചത് തഖ് വ (تَقْوَى)(ധാർമ്മി കത) ഉണ്ടാക്കുക എന്നതാണ്.പട്ടിണി വ്രതം ഈ ലക്ഷ്യം ഒരിക്കലും നമുക്ക് നേടിത്തരുന്നില്ല.നോമ്പു നോൽക്കുന്ന വരെ,ചൂടന്മാരും,കുതർക്കികളും,വെറിപിടിച്ചവരും,ആകെ താറുമാറാക്കുന്നവരുമൊക്കെയായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്.മുമ്പു നാം ചർച്ച ചെയ്ത സൂറത്ത് അൽ-ബഖറയിലെ 177 ാം വചനം ഒന്നു നമ്മുടെ ഓർമ്മയിലേക്കു കൊണ്ടു വരിക.മുത്തഖിയുടെ ചില ഗുണങ്ങളും സ്വഭാവങ്ങളും ഇവിടെ ഒന്നു കൂടി ആവർത്തിക്കാം.ഒരു മുത്തഖി അല്ലെങ്കിൽ "തഖ് വ تقوى" എന്ന ഗുണം കിട്ടിയ ജനങ്ങൾ അവരുടെ സാമ്പത്തികവും,ശാരീരികവുമായ എല്ലാകഴിവുകളും മനുഷ്യ ജീവികളുടെ സേവനത്തിനു വേണ്ടി ഉപയോഗിക്കും."തഖ് വ" എന്ന ഗുണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം സമാധാനവും സുരക്ഷയും നൽകലാണ്. കൂടാതെ എല്ലാവർക്കും നീതി ഉറപ്പാക്കണം.സമൂഹത്തിൽ സമാധാനവും സുരക്ഷയും ഉറപ്പാക്കാത്ത ,നീതി നടപ്പാക്കാത്ത ഒരു വ്യക്തിയെ "മുത്തഖി "എന്നു വിളിക്കാൻ പാടില്ല. മറ്റുള്ളവരുടെ പ്രയാസങ്ങൾക്ക് പരിഹാരം കണ്ടെത്താൻ തന്റെ ധനം ചിലവഴിക്കുന്നവനായിരിക്കണം "മുത്തഖി".ഒരു ക്ഷേമ രാജ്യം കെട്ടിപ്പടുക്കണം.വാഗ്ദാനങ്ങൾ നിറവേറ്റണം. എല്ലാ പ്രതിസന്ധികൾക്കും പ്രയാസങ്ങൾക്കുമെതിരിൽ പോരാടണം.ഈ ഗുണങ്ങളൊന്നും തന്നെ പട്ടിണി കിടക്കുന്ന നോമ്പുകരനിലുണ്ടാവുന്നില്ല.ഈ ഉന്നതമായ ഗുണങ്ങളും,സവിശേഷതകളും ഏറ്റെടുക്കണമെങ്കിൽ പോരാട്ടം അത്യാവശ്യമാണ്. ഈ പോരോട്ടത്തിനാണ് "സൗമ് "(صوم)എന്നു പറയുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ "സൗമ് "ചെയ്യുന്ന വ്യക്തി താഴെ പറയുന്നകാര്യങ്ങൾ സംഭാവന ചെയ്യുന്നു.:-

*അവൻ മറ്റുള്ളവർക്ക് സമാധാനം നൽകുന്നു.

*അവൻ തന്റെ സമ്പത്ത് മറ്റുള്ളവർക്ക് ഗുണകരമാകത്തക്കവിധം ഉപയോഗിക്കുന്നു.

*അവൻ സമൂഹത്തിൽ നീതി നടപ്പാക്കാൻ പ്രവർത്തിക്കുന്നു.

*എല്ലാ പൗരന്മാർക്കും സുരക്ഷ ഉറപ്പാക്കും വിധം ഒരു ക്ഷേമ രാജ്യം കെട്ടിപ്പടുക്കു ന്നതിൽ അവൻ പങ്കാളിയാകുന്നു.
*എല്ലാ ജനവിഭാഗത്തിനും ഐശ്വര്യം കൊണ്ടു വരിക എന്നതാണ് അവന്റെ ദൗത്യം.
*അവൻ വാഗ്ദാനങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നു.

*ഏത് പ്രതികൂല സാഹചര്യത്തിലും തന്റെ നിലപാടിൽ ഉറച്ചു നിൽക്കുന്നു.

ഇനി ഖുർആൻ ഉപയോഗിച്ച ചില പദങ്ങൾ നമുക്കൊന്നു പരിശോധിക്കാം:

## നിങ്ങൾ മുത്തഖി ആയിത്തീരുന്നതിനുവേണ്ടി لَعَلَّكُمْ تَتَّقُون

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿١٨٣﴾

“ഓ വിശ്വാസികളെ! നിങ്ങൾ മുത്തഖികളാകുന്നതിനുവേണ്ടി നിങ്ങളുടെ മുമ്പുള്ള വർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ "സ്വിയാമ്" നിങ്ങൾക്കും നിർബന്ധമാക്ക പ്പെട്ടിരിക്കുന്നു.”
എല്ലാ സമുദായത്തിലും പ്രവാചകൻമാർ വന്ന് അദ്ധ്യാപനം നടത്തുകയും അതി ന്റെ പ്രായോഗിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു എന്നത് "സ്വിയാമിന്റെ" പരിധിയിൽ പെടുന്ന കാര്യമാണ്."സ്വിയാമ് "എന്നാൽ ഒരു ആശയത്തിന്റെ പടി പടിയായുള്ള പ്രാവർത്തിക രൂപമോ അല്ലെങ്കിൽ ഒരു ആശയത്തിനനുസരിച്ചു ഒരു സമൂഹത്തിന്റെ പുനഃസൃഷ്ടി നടത്തലോ ആണ്.പക്ഷെ പൂർവ്വ സമൂഹങ്ങളൊക്കെ തന്നെ ആ "സ്വിയാമി"ന്റെ ഈ ലക്ഷ്യത്തിൽ നിന്നും അതിനെ മാറ്റുകയും. വിശ ന്നും, ദാഹിച്ചുമുള്ള നോമ്പാക്കി മാറ്റുകയും ചെയ്തു.നമ്മളും അവരുടെ കാലടികൾ പി ന്തുടരുകയും "സ്വിയാമി"നെ പട്ടിണി നോമ്പാക്കി മാറ്റുകയും ചെയ്തു.

## ഏതാനും ദിവസങ്ങൾ أَيَّامًا مَّعْدُودَات

ഈ പദം ഖുർആനിൽ നാല് സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. രണ്ടു സ്ഥലങ്ങളിൽ ജൂദ ന്മാരെക്കുറിച്ച് സംസാരിക്കുന്നിടങ്ങളിലാണ്.ജൂദന്മാർ വിശ്വസിച്ചിരുന്നത് അവരു ടെ തെറ്റായ പ്രവർത്തനങ്ങളുടെ ഫലം ഏതാനും ദിവസങ്ങളിലെ അനുഭവിക്കേ ണ്ടി വരികയൊള്ളൂ എന്നാണ്.മറ്റൊരു സ്ഥലം ദൈവത്തിന്റെ കല്പനകൾ ധാരാള മായി ദൈവത്തിന്റെ ദിനങ്ങളിൽ ഓർക്കണമെന്നു പറഞ്ഞിടത്താണ്.ഈ ആയ ത്തിന്റെ സാഹചര്യത്തിൽ വന്ന നിർണ്ണയിക്കപ്പെട്ട ദിനങ്ങൾ എന്നു പറയുന്നത് ദൈവീക കൽപനകളുടെ നടപ്പാക്കലിന്റെയും പ്രവർത്തനങ്ങളുടെയും ഫലമായി

തെറ്റ് പ്രവർത്തിച്ചവർക്ക് ശിക്ഷയും നല്ലത് പ്രവർത്തിച്ചവർക്ക് സമാധാനവും ഐശ്വര്യവും ലഭിച്ച കാലയളവ് ആണ്. ഇവിടെ പിന്നെ പറയുന്നത് ആരെങ്കിലും രോഗിയോ, യാത്രയിലോ ആണെങ്കിൽ അവൻ ബുദ്ധിപരമായും ആശയപരമായും ഉള്ള ആ കഴിവുകൾ നേടാൻ മറ്റ് ദിനങ്ങളിൽ അവൻ പരിശ്രമിക്കണം".عَدَّ" എന്നപദത്തിന്റെ മൂല അക്ഷരങ്ങൾ അയ്ൻ,ദാല്,ദാല്. എന്നിവയാണ്.തയ്യാറാവുക എന്നതുപോലെ സംഖ്യ,അളവ്.എന്നിവയും ഈ പദത്തിന്റെ അർത്ഥങ്ങളാണ്. ഈ വചനങ്ങളിലെ സന്ദർഭവും വിഷയവും ബുദ്ധിപരമായും ആശയപരമായും ഉള്ള കഴിവുകൾ നേടാനുള്ള പരിശീലനത്തെയും തയ്യാറെടുപ്പിനേയുമാണ് സൂചിപ്പിക്കുന്നത്. ഇവിടെ രോഗി (ശാരീരിക രോഗമോ,അതല്ല അറിവിന്റെ അഭാവമോ) യോ,യാത്രക്കാരനോ(ശാരീരിക യാത്രയോ, അല്ലെങ്കിൽ ആശയപരവും ബുദ്ധിപരവുമായ യാത്രയോ)മുകളിൽ വിവരിച്ച കഴിവുകൾ നേടാൻ മറ്റ് ദിനങ്ങളിൽ അനുവദിക്കുന്നു.

ചുരുക്കത്തിൽ സ്വിയാം(صِيَام) "കഴിവുകൾ (ബുദ്ധിപരവും ആശയപരവുമായ)ആർജ്ജിക്കാനുള്ള ദിനങ്ങളിൽ" ആണ്. ഈ കാലത്ത് ഒരു മുഅമിൻ (مُؤْمن) സമൂഹത്തെ പുനഃസൃഷ്ടിക്കാൻ വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ ചെയ്യണം.അതുപോലെ അരാജകത്വവും ,അക്രമവും,തീവ്രതയും സമൂഹത്തിലുണ്ടാക്കുന്നവരെ അതിൽ നിന്നും തടയുകയും അതിനുള്ള ശിക്ഷ നൽകുകയും വേണം.

فَمَنْ كَانَ مِنْكُم مَّرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِن أَيَّامٍ أُخَر

“ഇനി ആരെങ്കിലും രോഗിയോ,യാത്രയിലോ ആയാൽ മറ്റ് ദിനങ്ങളിൽ അവൻ യോഗ്യത നേടട്ടേ"

ഇവിടുത്തെ രോഗം ശാരീരിക രോഗമോ യാത്ര ഭൂമിയിലൂടെയുള്ള യാത്രയോ അല്ല. രോഗം എന്നത് അറിവിന്റെ അഭാവവും,യാത്ര ഒരു ആശയമോ,അറിവോ ,നേടാനുള്ളതുമാണ്.ഒരു മുഅമിന്(مؤمن) സ്വിയാമിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനു മുമ്പ് ഇത്തരം ന്യൂനതകളെയും നിന്നും ദൗർബല്ല്യങ്ങളെയും അതി ജീവിക്കണം.അറിവിന്റെ അഭാവം ഉണ്ടെങ്കിൽ ആ അറിവ് നേടണം.അറിവും,ആശയവും നേടാനുള്ളതാണ് അവന്റെ യാത്ര.സമൂഹത്തെ പുനഃസൃഷ്ടി നടത്തുന്ന പരിപാടിയിൽ അവൻ പങ്കു ചേരുന്നതിനു മുമ്പായി ഇതെല്ലാം പൂർത്തീകരിച്ചിരിക്കണം. പക്ഷെ ശാരീരികമായും ആശയപരവുമായ തയ്യാറെടുപ്പ് നടത്തി കൊണ്ട് ഒരാൾക്ക് സ്വിയാമിനുള്ള ശക്തിയും കഴിവുമുണ്ടെങ്കിൽ അവൻ പാവപ്പെട്ടവന്റെ പരിരക്ഷ ഏറ്റെടുത്തുകൊണ്ടു സ്വിയാമ് ആരംഭിക്കണം.

## പാവപ്പെട്ടവന് ഭക്ഷണം നൽകൽ طَعَام مِسْكِين

وَعَلَى الَّذِينَ يُطِيقُونَه فِدية طَعَام مِسْكِين

ആർക്കാണോ സ്വിയാമിനുള്ള ശക്തിയുള്ളത് അവരുടെ പ്രായശ്ചിത്ത്വമായിക്കൊണ്ട് പാവപ്പെട്ടവന് ഭക്ഷണം നൽകണം.

എന്താണ് ഈ പ്രായശ്ചിത്ത്വം.?പ്രായശ്ചിത്ത്വം നൽകാൻ ഇയാൾ വല്ല കുറ്റവും ചെയ്തിട്ടുണ്ടോ?.ഈ വചനങ്ങളിൽ സമൂഹത്തിന്റെ നവോത്ഥാനവും പുനഃസൃഷ്ടിയും നടത്തുക എന്ന അർത്ഥത്തിലാണ് "സ്വിയാമ് "വന്നിട്ടുള്ളത് എന്നു വളരെ വ്യക്തമാണ്. അങ്ങിനെയെടുക്കുമ്പോൾ തീർച്ചയായും അവൻ പ്രായശ്ചിത്ത്വമെന്നോണം പാവപ്പെട്ടവനു ഭക്ഷണം നൽകണം.എങ്കിലേ അവർക്കു സ്വയം പരിഷ്കരണം നേടാൻ കഴിയുകയുള്ളൂ. ദയവു ചെയ്ത് സൂറത്തു അൽ-ബഖറയിലെ 177ാം വചനം ഒന്നു ശ്രദ്ധിക്കുക.അവിടെ "മുത്തഖി"കൾ തങ്ങൾ ഇഷ്ടപ്പെടുന്നതോടൊപ്പം തന്നെ തങ്ങളുടെ സമ്പത്ത് പാവപ്പെട്ടവനു ചിലകഴിക്കുന്നവരായിരിക്കും എന്നു പറഞ്ഞു. നമുക്ക് ഒരു കാര്യം ഇവിടെ വ്യക്തമായി .സ്വന്തം ഉത്തരവാദിത്ത്വങ്ങൾ പൂർത്തിയാക്കാത്തവരെ "സ്വിയാമ് "അതിന് നിർബന്ധിതനാക്കുന്നു.അത് അവരുടെ സമ്പത്ത് പാവപ്പെട്ടവർക്ക് പങ്കു വെച്ചു കൊണ്ടാകണം.വിശക്കുന്നവനു ഭക്ഷണം നൽകുക എന്ന അർത്ഥത്തിനു മാത്രമല്ല ത്വആം(طَعَام)എന്ന അറബി പദം ഉപയോഗിക്കുക. ഈ അറബി പദത്തിന്റെ പരിധിയിൽ ഭക്ഷണം,വസ്ത്രം,വീട്, വിദ്യാഭ്യാസം,ആരോഗ്യം,ആദരവ്, സുരക്ഷ,നീതി എന്നീ ആവശ്യങ്ങളെല്ലാം ഉൾപെടും.

## ദൈവീക കൽപനകൾ പിന്തുടരുക فَمَن تَطَوَّعَ خَيْرًا

فَمن تَطَوَّعَ خَيْرًا فَهُوَ خَيرٌ لَّهُ

“ആര് ദൈവീക കൽപനകൾ അനുസരിക്കുന്നുവോ അത് അവനു തന്നെ നല്ലതാണ്"

തത്വവ്വഅ تَطَوَّعَ എന്ന അറബി പദം അനുസരണം എന്ന അർത്ഥത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്.ഖൈർ(خَير) എന്ന അറബി പദം ഖുർആനിൽ രണ്ടു അർത്ഥങ്ങൾക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ഒന്ന് ദൈവത്തിന്റെ വെളിപാട് അല്ലെങ്കിൽ കല്പന എന്ന അർത്ഥത്തിന്.( 2:105) അതുപോലെ സമ്പത്തിനും മറ്റു സാധനങ്ങൾക്കും ഉപയോഗിച്ചിട്ടുണ്ട്.. ഈ വചനത്തിൽ അല്ലാഹുവിന്റെ വെളിപാടുകളോ, കല്പനകളോ ഒക്കെയാണ് അർത്ഥം. കാരണം ഇവിടെ അനുസരണം പറഞ്ഞതുകൊണ്ട് അതെ ആകാൻ പറ്റുകയൊള്ളൂ.ആരാണോ അല്ലാഹുവിന്റെ കല്പനകൾ പിന്തുടരുകയും അതനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നത് അതിന്റെ ഗുണം അവനു തന്നെയാണ്.യഥാർത്ഥത്തിൽ മനുഷ്യ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും,അവയെ അതിജയിക്കാനും വേണ്ടി ദൈവീക കല്പനകൾ ഉപയോഗിക്കുന്നതിനാണ് "സ്വിയാം" എന്ന പദം ഉപയോഗിക്കുന്നത്.സ്വിയാമിന്റെ ദൗത്യം ഏറ്റെടുക്കുന്നവർ അതിന്റെ നേട്ടം നന്നായി കൊയ്യുന്നു. (പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കുന്നു,എല്ലാവർക്കും നേട്ടം ലഭിക്കുന്നു,ഏതൊരു പൗരനും സമാധാ

നവും സുരക്ഷയും ആസ്വദിക്കുന്നു.)ഈ ആശയം അടുത്ത വചനം വ്യക്തമാക്കുന്നു.

സൗമ് ആണ് നിങ്ങൾക്കു നല്ലത്. وَأَنْ تَصُومُوا خَيرٌ لكُم

وَأَنْ تَصُومُوا خَيرٌ لكُم إِن كُنْتُم تَعْلَمُون

"നിങ്ങൾ അറിയിന്നുവെങ്കിൽ "സൗമ്" ആണ് നിങ്ങൾക്ക് നല്ലത്" വചനത്തിന്റെ ഈ ഭാഗം സൗമി(صوم) പിറകിലുള്ള യുക്തി വ്യക്തമാക്കുന്നു.തഖ് വാ ഉണ്ടാക്കുകയും,തഖ് വ ഉൾക്കൊള്ളുകയും ചെയ്യുന്നവരാരോ അവരുടെ ജോലി യാണ് ദൈവത്തിന്റെ ഔദാര്യം, സത്യസന്ധമായും നീതിപൂർവ്വമായും പ്രചരിപ്പി ക്കുക (പരത്തുക)എന്നത്.ഒരു പൗരനേയും അതു ലഭിക്കാതെ വിടുകയില്ല.സമൂഹ ത്തിലെ എല്ലാവർക്കും ഐശ്വര്യം കൊണ്ടു വരുന്നു.സ്വിയാമിൽ പങ്കെടുക്കുന്നവർ ക്കും അതിന്റെ നേട്ടം ലഭിക്കുന്നു.അതായത് എല്ലാവരിലും സമാധാനവും സുരക്ഷ യും കൊണ്ടുവരുന്നു.

185ാമത്തെ വചനത്തിലെ സൗമിന്റെ ആശയം പൂർണ്ണമായും മനസ്സിലാകണ മെങ്കിൽ ആ വചനത്തിൽ ഉപയോഗിച്ച ചില വാക്കുകളും പദങ്ങളും കൂടി നാം മന സ്സിലാക്കേണ്ടിയിരിക്കുന്നു.

## ഷഹർ شهر

ഷീന്,ഹാ,റാ(ر ه ش) എന്നീ അറബി അക്ഷരങ്ങളാണ് "ഷഹർ" എന്ന വാക്കി ന്റെ മൂല അക്ഷരങ്ങൾ."നല്ലവണ്ണം അറിയുക" അല്ലെങ്കിൽ "പ്രസിദ്ധമാകുക" എന്ന താണ് ഈ വാക്കിന്റെ അർത്ഥം.പ്രസിദ്ധമായിത്തീർന്ന ഏതൊന്നുണ്ടോ അതി നെ ഷഹർ(شهر) എന്നു വിളിക്കുന്നു. ചില പണ്ഡിതന്മാർ മാസത്തിന് ഷഹർ എന്നു പറയാനുള്ള കാരണമായി പറയുന്നത് അത് വർഷത്തിൽ പന്ത്രണ്ടെണ്ണമാ ണെന്നു നല്ലവണ്ണം അറിയുന്നതുകൊണ്ടാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്."ഷഹർ" എന്ന വാക്കിൽ നിന്നാണ് "മഷ്ഹൂർ"(مشهور),"തഷ്ഹീർ"(تَشْهِير) "മുഷാഹി ർ"(مشاهير) എന്ന പദങ്ങളൊക്കെ ഉണ്ടായത്. ഇതിന്റെയൊക്കെ അർത്ഥം നല്ല വണ്ണം അറിയപ്പെട്ടത്(well known or famous) എന്നാണ്.

ഒരു വാള് വാളുറയിൽ നിന്നും ഊരുന്നതിന്നും "ഷഹറ" എന്നു തന്നെയാണ് പറയു ക. ഇവിടെ മുതലാണ് "ഷഹർ" എന്ന വാക്കിൽ നിന്നും വാള് എന്നും യുദ്ധം എ ന്നുമുള്ള അർത്ഥങ്ങൾ ഉരുത്തിരിഞ്ഞുണ്ടായത്.

ചുരുക്കത്തിൽ പ്രസിദ്ധമായിത്തീർന്ന ഒരു സംഗതിയെയോ,സംസാരത്തേയോ വ്യക്തിയേയോ ആണ് "ഷഹർ(شهر)" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതു മല്ലെങ്കിൽ രക്തച്ചൊരിച്ചിലുണ്ടായ ഒരു സാഹചര്യത്തെയും ഈ വാക്കു കൊണ്ട്

അർത്ഥമാക്കും. നമുക്ക ഷഹർ(شهر)എന്ന പദം ഉരുത്തിരിഞ്ഞുണ്ടായതെന്ന് ഈ അധ്യായത്തിലെ തന്നെ 194ാം വചനത്തിൽ നിന്നും മനസ്സിലാക്കാം. പരമകാരുണികൻ പറയുന്നു:

الشَّهرُ الْحَرَامُ بِالشَّهْرِ الْحَرَام وَالْحُرُمَات قِصَاصٌ

" നിരോധിക്കപ്പെട്ട മാസങ്ങൾ നിരോധിക്കപ്പെട്ട മാസങ്ങൾ കൊണ്ടാണ്. എല്ലാ നിരോധിക്കപ്പെട്ട കാര്യങ്ങളും പ്രതിക്രിയയിലാണ്(പാരമ്പര്യ വ്യാഖ്യാനം)

മുകളിലെ വ്യാഖ്യാനത്തിൽ നിന്നും നിങ്ങൾക്ക് വല്ലതും മനസ്സിലായോ?തീർച്ചയായും നിരോധിക്കപ്പെട്ട നാല് മാസങ്ങളെക്കുറിച്ചാണ് അവർ പറയുന്നത്.പക്ഷെ അതിനെ നിരോധിക്കപ്പെട്ട മാസങ്ങൾക്കൊണ്ട് എന്ത് പ്രതിക്രിയയാണ് അർത്ഥമാക്കുന്നത്? ഇവിടെ ഷഹർ(شهر)) എന്ന പദം ഏകവചനത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്.ബഹുവചനമല്ല.മറ്റൊരു വാക്കിൽ പറഞ്ഞാൽ അല്ലാഹു ഷഹർ((شهر)എന്ന പദത്തെക്കുറിച്ചാണ് സംസാരിക്കുന്നത്.അ-ഷ്ഷഹർ(الشّهر) അല്ല.

നിരോധിക്കപ്പെട്ട മാസങ്ങൾക്ക് നിരോധിക്കപ്പെട്ട മാസങ്ങൾകൊണ്ട് നാം എങ്ങിനെ പ്രതിക്രിയ എടുക്കും.ഒരു മാസം മറ്റൊരു മാസത്തിന് എങ്ങിനെ പ്രതിക്രിയയാകും.ഒരു നല്ല കാര്യത്തിന് പകരം മറ്റൊരു നല്ല കാര്യം തിരിച്ചു നൽകാം.അല്ലെങ്കിൽ ഒരു ചീത്ത പ്രവർത്തി ചെയ്തതിനെ അതേ അളവിലുള്ള ഒന്നുകൊണ്ട് തിരിച്ചടിക്കാം.
ഇനി 194ാം വചനത്തിന്റെ തന്നെ അടുത്ത ഭാഗം നോക്കൂ.:

فَمَنِ اعْتَدَى عَلَيْكُمْ فَاعْتَدُوا عَلَيْهِ بِمِثْلِ مَااعْتَدَى عَلَيْكُمْ وَاتَّقُوااللَّهَ وَاعْلَمُواأَنَّ اللَّهَ مَعَ الْمُتَّقِينَ

" ആരെങ്കിലും നിങ്ങൾക്കെതിരിൽ അക്രമം കാണിച്ചാൽ നിങ്ങൾ അതേപോലെ പ്രതിക്രിയ ചെയ്യുക.ദൈവത്തിന്റെ പാതയിൽ നിലകൊള്ളുകയും(തഖ് വ تقوى) ചെയ്യുക.ശരിയായി നടക്കുന്നവന്റെ കൂടെയാണ് ദൈവം എന്നു നിങ്ങൾ മനസ്സിലാക്കുക"

ഇപ്പോൾ നമുക്ക മനസ്സിലായത് ഏതൊരു അക്രമത്തെയും അതേപോലെ ഒന്നു കൊണ്ട് തിരിച്ചു നൽകാം എന്നാണ്.അപ്പോൾ ഷഹർ അൽ-ഹറാ(شَهر الحرَام)മിനെ ഷഹറുൽ ഹറാ(شَهر الحرَام)മുകൊണ്ട് പ്രതികാരം ചെയ്യുക എന്നു പറഞ്ഞാൽ ഷഹറുൽ ഹറാ(شَهر الحرَام) സാധാരണ സാഹചര്യത്തിൽ നിരോധിക്കപ്പെട്ട സാഹചര്യത്തിനോ,അവസ്ഥക്കോ ആണ് പറഞ്ഞിട്ടുള്ളത്.ഒരു ശത്രു നിരോധിത അവസ്ഥയെ അവഗണിക്കുകയും അക്രമം ചെയ്യുകയും ചെയ്താൽ അപ്പോൾ തത്തുല്ല്യമായ ഒന്നു കൊണ്ട് പ്രതിക്രിയ ചെയ്യുക.

## റമളാൻ رَمَضَان

റാ,മീം,ളാദ് (ر م ض)എന്നീ അറബി അക്ഷങ്ങളിൽ നിന്നാണ് റമളാൻ എന്ന വാക്കിന്റ മൂലം.ഈ പദത്തിനും രണ്ട് അർത്ഥങ്ങളാണ് ഉള്ളത്.തീവ്രമായ ചൂട് എന്നതാണ് ഒരു അർത്ഥം.ഗവേഷകരായ പണ്ഡിതർ അഭിപ്രായപ്പെടുന്നത് അറബി കലണ്ടർ ഇസ്ലാമിക കലണ്ടർ ആയി മാറ്റിയതാണ് എന്നാണ്.വർഷത്തിൽ കടുത്ത ചൂടുള്ള കാലത്താണ് റമളാൻ മാസം വന്നിരുന്നത് എന്നതുകൊണ്ട് റമളാൻ എന്നു പേരിട്ടു എന്നുമാണ് പറയുന്നത്. പിൽക്കാലത്ത് സൗരവർഷ കലണ്ടറിനെ ചന്ദ്രവർഷ കലണ്ടറിലേക്കു മാറ്റുകയാണ് ഉണ്ടായത് എന്നാണ്.പക്ഷെ മാസങ്ങളുടെ പേരുകൾ അങ്ങിനെ തന്നെ നിലനിർത്തുകയാണ് ഉണ്ടായത്.കൂടുതൽ അറിയാൻ "ലുഗത്ത് അൽ-ഖുർആൻ(لغَات القرآن)"എന്ന ഗ്രന്ഥം പരിശോധിക്കുക. ഈ പദത്തിന്റെ രണ്ടാമത്തെ അർത്ഥം വാളിന്റെ മൂർച്ചയുള്ള ഭാഗം എന്നാണ്.

റമദാൻ (رَمَضَان)എന്ന അറബി പദത്തിന്റെയും,ഷഹർ (شَهَر) എന്ന അറബി പദത്തിന്റെയും അർത്ഥങ്ങൾ വ്യക്തമാക്കിയ ശേഷം ഖുർആനിൽ ആ പദങ്ങൾ ഉപയോഗിച്ച സ്ഥലങ്ങൾ ഒന്നു പരിശോധിക്കാം.ആ വാക്കുകളുടെയോ പദങ്ങളുടെയോ,ശരിയായ അർത്ഥം നൽകി കൊണ്ട് പ്രസ്തുത ഖുർആനിക വചനങ്ങൾ നാം വായിച്ചാൽ നാം അത്ഭുതപ്പെട്ടുപോകും.

പരമ കാരുണികൻ ആയ ദൈവം പറയുന്നു.

شَهْرُ رَمَضَانَ الَّذِى أُنْزِلَ فِيهِ الْقُرْآنَ هُدًى لِّلنَّاسِ وَبَيِّنَاتٍ مِّنَ الْهُدَى وَالْفُرْقَانِ

"റമദാൻ പോലെയുള്ള സാഹചര്യം കൈകാര്യം ചെയ്യുന്നതിന് ഖുർആൻ അവതരിപ്പിക്കപ്പെട്ടു.അത് മനുഷ്യർക്കുള്ള മാർഗ്ഗ നിർദ്ദേശവും അതിന്റെ വിശദീകരണവും,സത്യവും അസത്യവും വേർതിരിക്കാനുള്ള മാനദണ്ഡവുമാണ്"

فَمَنْ شَهِدَ مِنْكُم الشَّهْرَ فَلْيَصُمْهُ

"അതിനാൽ ആരാണോ ഈ സാഹചര്യത്തിനോ,അവസ്ഥക്കോ സാക്ഷിയാകുന്നത് തീർച്ചയായും അവൻ അതിനു സംഭാവന ചെയ്യുന്നതിനെ നിർത്തുകയും ,മറ്റുള്ളവരെ തടഞ്ഞു നിർത്തുകയും ചെയ്യട്ടെ"

ഷഹർ റമദാൻ (شَهر رَمَضَان) എന്നു പറഞ്ഞാൽ ഒരു മാസത്തിനു സാക്ഷിയാവുക എന്ന അർത്ഥമല്ല നൽകുന്നത്.പിന്നെയോ അല്ലാഹു കൽപിക്കുന്നത് അതിന് ആര് സാക്ഷിയാകുന്നുവോ അവൻ സ്വയം തടയുകയും മറ്റുള്ളവരെഅതിൽ നിന്നും തടയുകയും ചെയ്യട്ടെ. ഇതിൽ നിന്നും വളരെ വ്യക്തമാണല്ലോ അതിനു സാക്ഷിയാകുക എന്നു പറഞ്ഞ ഷഹർ ഒരു മാസത്തെക്കുറിച്ചല്ല എന്ന്.മനുഷ്യർക്ക് ഒരു മാ

സത്തിന്ന സാക്ഷിയാകാനോ അവർക്ക് അതിൽ നിന്നും സ്വയം തടയാനോ മറ്റു ള്ളവരെ തടുക്കാനോ കഴിയില്ല.അതിനാലാണ് നാം അവസ്ഥയെന്നോ,സാഹചര്യ മെന്നോ അർത്ഥം നൽകിയത്.ആ സാഹചര്യത്തെ നാം നിർത്തൽ ചെയ്യുക ത ന്നെ വേണം.

2:184ാമത്തെ വചനത്തിൽ സ്വിയാമ്(صِيَام)കൊണ്ട് വ്യക്തമാക്കുന്നത് നിസ്സ ഹായരുടെ പരിരക്ഷ സ്വീകരിക്കാനാണ്.ഇവിടെ നാം കൽപിക്കപ്പെടുന്നത് സമൂ ഹത്തിൽ "ഷഹർ റമളാൻ(شهر رَمَضَان)എന്ന അവസ്ഥക്ക് സാക്ഷിയായാൽ ന മ്മെ സ്വയം തടഞ്ഞു നിർത്തുകയും മറ്റുള്ളവരെ തടയുകയും ചെയ്യണം.ഒന്നു കൂടി വ്യക്തമാക്കിയാൽ ഒരു തരം തിന്മക്ക് സാക്ഷ്യം വഹിക്കുന്ന അവസ്ഥയുണ്ടാകുക യാണെങ്കിൽ അത്തരം അവസ്ഥയും സാഹചര്യവുമാണ് ഷഹർ റമദാൻ .ഈ തി ന്മ രക്തച്ചൊരിച്ചിലുണ്ടാക്കുന്ന യുദ്ധാവസ്ഥ സൃഷ്ടിക്കാൻ കഴിവുള്ളവതായിരിക്കും. അതിന് സമൂഹത്തിലേക്ക് ചെറുതും വലുതുമായ തിന്മകളെ വലിച്ചിഴച്ചു കൊണ്ടുവ രാൻ കഴിയും. അതിനാൽ ആരാണോ ആ തിന്മക്ക് സാക്ഷിയാകുന്നത് അവൻ സ്വന്തത്തെ അതിൽ നിന്നും തടഞ്ഞു നിർത്തുകയും കഴിയുന്നത്ര മറ്റുള്ളവരെ അതി ൽ നിന്നും തടഞ്ഞു നിർത്തുകയും വേണം.ഫൽ-യസ്വുംഹു(فَلْيَصُمْهُ) എന്നു പറ ഞ്ഞാൽ സ്വന്തത്തെ തടഞ്ഞു നിർത്തുകയും കഴിയുന്നത്ര മറ്റുള്ളവരെ തടഞ്ഞു നിർ ത്തുകയും ചെയ്യുക എന്നാണ് അർത്ഥം.അധികാര സ്ഥാനത്ത് ഇരിക്കുന്നവരും,ഭര ണകർത്താക്കളുമെല്ലാം മറ്റുള്ളവരെ തടയുകയും സാധാരണക്കാർ സ്വയം തടഞ്ഞു നില്ക്കുകയും വേണം. എന്നാൽ ചില ജനങ്ങൾ ഇതുവരെയും തിന്മയോടു പോരാടാ ൻ തയ്യാറാകാത്തവരും സമൂഹത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി ഉത്തരവാദിത്തം ഏ റ്റെടുക്കാത്തവരുമാണെങ്കിൽ അത്തരം ആളുകൾ ആദ്യം വിജ്ഞാനം ആർജിക്കു കയും തന്റെ കഴിവുകളെ (capabilities)വികസിപ്പിച്ചെടുക്കുകയും വേണം.അതെ ന്തുകൊണ്ടാണെന്ന് പരമകാരുണികൻ പറയുന്നു:-

يُرِيدُ اللَّهُ بِكُمُ الْيُسْرَ ولايُرِيدُ بِكُمُ العُسْرَ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللَّهَ عَلَى مَا هَدَىٰكُم وَلَعَلَّكُمْ تَشْكُرُون

“ദൈവം നിങ്ങളിലൂടെ ആയാസമാണ് ആഗ്രഹിക്കുന്നത്.നിങ്ങളിലൂടെ അവ ൻ പ്രയാസം ഉദ്ദേശിക്കുന്നില്ല.നിങ്ങൾ കഴിവുകൾ നേടുകയും ദൈവത്തിന്റെ പര മാധികാരം അവന്റെ കല്പനകളിലൂടെ സ്ഥാപിക്കുകയും നന്ദിയുള്ളവരായിത്തീരുക യും ചെയ്യുക"

സ്വിയാമ്(صِيَام) ഒരാളുടെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതോടുകൂടി സമൂഹ ത്തിൽ നിന്നും പ്രയാസങ്ങൾ ഇല്ലാതാക്കാനും ,ആയാസം ഉണ്ടാക്കാനും സാധി ക്കുന്നു.അവർ കഴിവുകൾ ആർജിക്കുകയും,എങ്കിൽ ദൈവത്തിന്റെ പരമാധികാരം അവന്റെ കല്പനകളുടെ അടിസ്ഥാനത്തിനുള്ള നിയമങ്ങൾ നടപ്പിലാക്കുക വഴി സ്ഥാപിച്ചെടുക്കാനും കഴിയുന്നു.ദൈവത്തിന്റ കല്പനകളുടെ അടിസ്ഥാനത്തിലുള്ള നിയമങ്ങൾക്കു കീഴിൽ ആ സമൂഹം ജീവിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ

ഔദാര്യവും അനുഗ്രഹവും അവർ ആസ്വദിക്കുകയും ചെയ്യുന്നു.ദൈവത്തിന്റെ അനുഗ്രഹത്തെ വേണ്ട വിധത്തിൽ ഉപയോഗിച്ചുകൊണ്ട് അവനോടുള്ള നന്ദി പ്രകടിപ്പിക്കുയും ചെയ്യുന്നു.

ദൈവത്തിന്റെ ഉദാരതയെയും അനുഗ്രങ്ങളെയും അംഗീകരിക്കുക എന്നതിന്റെ അർത്ഥം അവ ശരിയായും,നല്ല നിലക്കും ഉപയോഗിക്കുക എന്നാണ്. ഇതിനർത്ഥം ദൈവത്തിന്റെ ഔദാര്യം അവശ്യമുള്ളവർ ആരോ  അവർക്ക് ആദ്യം നൽകുക.ജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ നൽകുക എന്നതും ഇതിന്റെ അർത്ഥമാണ്. ദൈവത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമാണ് മനുഷ്യാവകാശങ്ങൾ.അവിടെയാണ് സ്വിയാമ് കയറിവരുന്നത്.അതിന്റെ ലക്ഷ്യം തന്നെ മനുഷ്യർക്ക് അവരുടെ അവകാശങ്ങൾ നൽകലാണ്. ഈ ആശയമാണ് നിങ്ങൾ മുന്നോട്ടു കൊണ്ടു വരേണ്ടത്.അപ്പോൾ തീർച്ചയായും ജനങ്ങൾ നിങ്ങളോട് ചോദിക്കും  "ഞങ്ങളുടെ അവകാശങ്ങൾ ഉറപ്പു വരുത്തുന്ന അത്യന്തം ആനന്ദം നൽകുന്ന ഒരു വ്യവസ്ഥിതി എവിടെ?" എന്ന്. അപ്പോൾ നിങ്ങൾ "അങ്ങിനെയുള്ള ഒരു വ്യവസ്ഥിതി തയ്യാറായിട്ടുണ്ട് " എന്നു ഉത്തരം നൽകും പക്ഷെ അതിനുള്ള രണ്ട് നിബന്ധനകൾ അല്ലാഹു പറയുന്നുണ്ട് ഈ ആശയത്തെ മുന്നോട്ടു നീക്കുകയും ഈവ്യവസ്ഥിതി നടപ്പാക്കുക വഴി സമാധാനം നൽകുന്നവൻ ആയിത്തീരുകയും വേണം.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا
دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٦﴾

“എന്റെ ജനങ്ങൾ എന്നെക്കുറിച്ച് നിന്നോടു ചോദിച്ചാൽ. ഞാൻ അടുത്തു തന്നെയുണ്ട് . എന്നെ വിളിക്കുമ്പോൾ ഞാൻ കേൾക്കുകയും വിളിക്കുന്നവനു ഉത്തരം നൽകുകയും ചെയ്യും അതിനാൽ അവൻ മുന്നോട്ടു പോകുകയും എന്റെ കൽപനകൾ നടപ്പാക്കി കൊണ്ട് സമാധാനം ഉണ്ടാക്കുന്നവൻ(مُؤْمِن) ആയിത്തീരുകയും ചെയ്യട്ടെ.അതിന്റെ ഫലമായി അവർ ശ്രദ്ധിക്കുന്നവരായിത്തീരും.”

രക്തച്ചൊരിച്ചിലും,കലഹവും ഉണ്ടാകുന്ന സാഹചര്യങ്ങൾ അവഗണിക്കുക എന്നു മാത്രമല്ല സ്വിയാമിന്റെ ആവശ്യം,മറിച്ച് ദൈവത്തിന്റെ കൽപനകളുടെ ഫലമായി അങ്ങിനെയുള്ള ഒളു സാഹചര്യത്തെ മാറ്റിയെടുക്കൽ കൂടി ഇതിന്റെ അർത്ഥമാണ് മറ്റൊരു വാക്കിൽ പറഞ്ഞാൽ ദൈവത്തിന്റെ പരമാധികാരം കൊണ്ടു മാത്രമെ കലഹങ്ങൾ പരിഹരിക്കാനും,പ്രയാസങ്ങൾ നീക്കം ചെയ്യാനും,അതുപോലെ സമൂഹത്തിൽ സമാധാനവും ആശ്വാസവും കൊണ്ടുവരാനും സാധിക്കുകയുള്ളൂ.

ദൈവീക കൽപനകളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ പുനഃസൃഷ്ടി നടത്തുന്നവർ ആയിരിക്കും സ്വിയാം ചെയ്യുന്നവർ എന്നു നാം കണ്ടു.അതാണ് 2:185 ൽ പറഞ്ഞത്.ആ വചനത്തിൽ അല്ലാഹു നമ്മോടു പറയുന്നത് എപ്പോഴാണോ സമൂഹത്തിൽ നാം അരാജകത്വം കാണുന്നത് അപ്പോൾ നാം ഖുർആനിൽ നിന്നു മാർഗ്ഗ ദർശനം സ്വീകരിക്കുകയും എന്നിട്ട് ആ അരാജകത്വത്തിനെതിരിൽ പോരാട്ടു

കയും സമൂഹത്തെ പുനഃസൃഷ്ടി നടത്തുകയും അവരെ പുരോഗതിയിലേക്കു നയിക്കുകയും വേണം.നാം ഖുർആനിനെ സത്യവും , അസത്യവും വേർതിരിക്കാനുള്ള മാനദണ്ഡമാക്കി ഉപയോഗിക്കണം.അങ്ങിനെ ദൈവത്തിന്റെ പരമാധികാരം നാം സ്ഥാപിച്ചെടുക്കുകയും ചെയ്യണം. അങ്ങിനെ സമൂഹത്തിന്റെ പ്രശ്നങ്ങൾ ദൂരീകരിക്കുകയും അവർക്ക് ആയാസവും സന്തോഷവും കൊണ്ടു വരികയും ചെയ്യാം. എല്ലാ ഓരോരുത്തരും ഐശ്വര്യവും ക്ഷേമവും ആസ്വദിക്കുന്നവരായിത്തീരും. ചില പദ്ധതികൾ ജനങ്ങളിലേക്ക് അവതരിപ്പിക്കുമ്പോഴേക്കും ആ പദ്ധതികളെവിടെ എന്ന് അവർ ചോദിക്കും സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടി ഖുർആനിലെ മാർഗ്ഗ ദർശനം ഉപയോഗിക്കുകയും ജനങ്ങളെ പുരോഗതിയിലേക്കു നയിക്കാൻ വേണ്ടിയുള്ള അത്യന്തം ആന്ദകരമായ പദ്ധതികൾ ഉടൻ വരുന്നതാണ് എന്ന് പ്രതികരിക്കും.

2:187 ലെ സ്വിയാം സമൂഹത്തിലെ മറ്റൊരു പ്രശ്നമാണ് വിവരിക്കുന്നത്.

أُحِلَّ لَكُمْ لَيْلَةَ الصِّيَامِ الرَّفَثُ إِلَىٰ نِسَائِكُمْ ۚ هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ ۗ عَلِمَ اللَّـهُ أَنَّكُمْ كُنتُمْ تَخْتَانُونَ أَنفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنكُمْ ۖ فَالْآنَ بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللَّـهُ لَكُمْ ۚ

"അ-ന്നിസാ"ഉകളോടുള്ള ചീത്ത പെരുമാറ്റം വളരെ വ്യാപകവും അല്ലെങ്കിൽ സമൂഹത്തിൽ സ്വീകാര്യതയുള്ള പെരുമാറ്റവുമായിരുന്നു.പക്ഷെ അവർ നിങ്ങളുടെ സഹോദരീ സഹോദരന്മാർ തന്നെയാണ്.(നിങ്ങളെല്ലാം പൂർവ്വീകരുടെ മക്കൾ തന്നെയാണ്). നിങ്ങളുടെ സ്വന്തം ജനങ്ങൾക്കെതിരിലുള്ള നിങ്ങളുടെ ചതിയെക്കുറിച്ച് അല്ലാഹു അറിഞ്ഞിട്ടുണ്ട്.എന്നാൽ അവൻ നിങ്ങൾക്ക് അനുകൂലമായി തിരിയുകയും മാപ്പ് തരികയും ചെയ്തിരിക്കുന്നു.അതുകൊണ്ട് ഇപ്പോൾ നിങ്ങൾ അവരോട് ഹൃദയംഗമമായ പെരുമാറ്റം സ്ഥാപിച്ചെടുക്കുകയും ,അല്ലാഹു നിങ്ങൾക്ക് വിധിച്ചത് എടുക്കുകയും ചെയ്യുക"

മുകളിൽ പറഞ്ഞ ആയത്തിലെ രണ്ടു പദങ്ങളിൽ നാം പ്രത്യേകം ശ്രദ്ധ ചെലുത്തണം.അതാണ് റഫസ്(رَفَث) എന്നതും,അ-ന്നിസാ(النِّسَاء) എന്നതും.റഫസ്(رَفَث) എന്നാൽ ചീത്ത സംസാരവും പെരുമാറ്റവും എന്നാണ് അർത്ഥം.മറ്റേ പദമായ അന്നിസാ((النِّسَاء)എന്നതിന് സ്ത്രീകൾ എന്നു മാത്രമല്ല അർത്ഥം, സമൂഹത്തിലെ ദുർബലർ,നിസ്സഹായരായ ജനങ്ങൾ,എല്ലാം നഷ്ടപ്പെട്ടവർ എന്നൊക്കെ അർത്ഥങ്ങളുണ്ട്. ഈ വചനത്തിന്റെ തുടക്കത്തിൽ ,ചീത്ത സംസാരവും പെരുമാറ്റവും,അഥവാ ദുർബലരെ ചെറുതാക്കലും,നിയമപരമായി കണ്ടിരുന്നതായി പറയുന്നു. അല്ലാഹു ഇത്തരം പെരുമാറ്റം ഒരിക്കലും അനുവദിക്കില്ല.മോശമായ സംസാരം (തെറ്റായ പെരുമാറ്റവും,മറ്റുള്ളവരെ കൊച്ചാക്കലും) സമൂഹത്തിൽ സ്വീകാര്യമായ പെരുമാറ്റമായിത്തീർന്നു.പണക്കാരും,സ്വാധീനമുള്ളവരും,അഗതികളോടും

ദുർബലരോടും പെരുമാറിയിരുന്നത് തൊട്ടുകൂടാത്തവരോടും അടിമകളോടും പെരുമാറുന്നതുപോലെയായിരുന്നു. അവർ വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും ഒരുപേടിയുമില്ലാതെ അവരെ അപമാനിക്കുകയായിരുന്നു.അതിന്റെ ഫലമായി അവരുടെ അഭിമാനം നഷ്ടപ്പെടുത്തുകയും അവരെ മൃഗങ്ങളേക്കാൾ മോശമായി സ്വാധീനമുള്ളവർ കാണുകയും ചെയ്തിരുന്നു. തിന്മക്കെതിരിൽ പോരാടുകയും അത് സമൂഹത്തിൽ നിന്നും നീക്കം ചെയ്യേണ്ടതിനു പകരം നമ്മുടെ മതനേതാക്കൾ സ്ത്രീകളുമായുള്ള വിഷയങ്ങളിലേക്ക് തിരിയുകയാണ് ചെയ്തത്.റഫസ്(رَفَث) എന്നതിന്റെ ചീത്ത സംസാരവും പെരുമാറ്റവും എന്ന അർത്ഥത്തെ സ്ത്രീ പുരുഷ ബന്ധമാക്കി മാറ്റിയിരിക്കുന്നു.അതുപോലെ അ-ന്നിസാ(النِّسَاء) എന്നതിന്റെ അർത്ഥമായ ദുർബല വിഭാഗം എന്നതിനെ ഭാര്യമാർ എന്നാക്കി മാറ്റി.അതിനാൽ സമൂഹത്തിന്റെപുനഃസൃഷ്ടിക്കു വേണ്ടി പ്രവർത്തിക്കേണ്ട സർവ്വ വിഷയങ്ങളും ഭാര്യയും ഭർത്താക്കന്മാരും തമ്മിലുള്ള ബന്ധപ്പെടലുമാക്കി മാറ്റി വാവ്!

ഇവിടെ അല്ലാഹുവിന്റെ നിയമങ്ങളും കൽപനകളും മാത്രമല്ല അട്ടിമറിച്ചത് അതുകൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ വരെ ഇവർ ശ്രദ്ധിച്ചില്ല.ഒരു തിന്മ എപ്പോഴും തിന്മ തന്നെയാണ്. അതിനു ഇന്നലെയെന്നോ നാളെയെന്നോ ഇന്നെന്നോ വ്യത്യാസമില്ല.ഇന്നലത്തെ ചീത്ത എങ്ങിനെയാണ് ഇന്ന് പുണ്യമായി മാറുന്നത്. ഇന്നലെ റഫസ്(رَفَث)ചീത്തയും തിന്മയുമായിരുന്നു.ഇന്നും അതു തിന്മ തന്നെ,നാളെയും അതു തിന്മ തന്നെയായിരിക്കും. ഒരു തിന്മ അല്ലാഹുവിലേക്കു ചേർത്തു പറയുക എന്നത് ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമാണ്.അല്ലാഹു ദൂഷിച്ച സംസാരവും പ്രവർത്തിയും പരിശീലിക്കാൻ അനുവദിച്ചു എന്നു എങ്ങിനെ നാം പറയും.?മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൂഷിച്ച സംസാരം സംസാരിക്കുകയും മറ്റുള്ളവരെ ചെറുതാക്കി കാണിക്കുകയും ചെയ്യുന്ന സ്വഭാവത്തിലാണ്.അതായത് സമൂഹത്തിലെ ഉന്നത സ്വാധീനമുള്ളവരും,പണക്കാരും അ-ന്നിസാ(ദുർബലരോട്) ഉകളോടു ദൂഷിച്ച സംസാരിക്കുകയും പെരുമാറുകയും അവരെ അപമാനിക്കുകയും ചെയ്യുക എന്നത് നിയപരമായി കാണുന്നു.

നിസാ(نِسَاء)എന്ന പദം മൂസയുടെയും ഫറോവയുടെയും ചരിത്രം പറയുന്നിടത്ത് വന്നിട്ടുണ്ട്. അവിടെ ഫറോവ അബ് നാ(أَبْنَاء)ഉകളെ കൊല്ലുകയും,നിസാ(نِسَاء) കളെ ജീവിക്കാൻ അനുവദിക്കുകയുമായിരുന്നു എന്നു പറയുന്നുണ്ട്.ജൂദായിസത്തിന്റെ പാരമ്പര്യ വ്യഖ്യാനത്തിന്റെ സ്വാധീനത്തിൽ പെട്ടുകൊണ്ട് നമ്മുടെ പണ്ഡിതന്മാരും ഫറോവ പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളെ കൊല്ലുകയായിരുന്നു എന്നു എഴുതി വെച്ചിട്ടുണ്ട് .നമുക്ക് ബനീ ഇസ്രായീലരിലെ അബ് നാ(أَبْنَاء )ഉകൾ ആരാണെന്നും നിസാ(نِسَاء) ആരാണെന്നും ഒന്നു നോക്കാം.

നമ്മുടെ പാരമ്പര്യ വ്യാഖ്യാതാക്കൾ അവകാശപ്പെടുന്നതിനു വിപരീതമായിക്കൊണ്ടാണ് ഫറോവ, മൂസാ അയാളുടെ കൊട്ടാരത്തിൽ കയറിക്കൊണ്ട് വെല്ലുവിളിച്ച

പ്പോൾ അബ്നാءأَبْنَا )ഉകളെ കൊല്ലാൻ ഫറോവ പദ്ധതിയിടുന്നത്. 2:49 ൽ ഫറോവയുടെ വംശജരുമായി ബന്ധപ്പെടുത്തി പറഞ്ഞ കല്പന ഒന്ന് പരിശോധിക്കുക ഇവിടെ ഫറോവയുമല്ല.പുതുതായി ജനിക്കുന്ന കുട്ടികളുമല്ല. രണ്ടാമത്തെ സ്ഥലം 7:127 ൽ പറയുന്നത് അവിടെ മൂസാ ഭരണത്തിനെതിരിൽ വിപ്ലവം അഴിച്ചു വിട്ടപ്പോൾ ഫറോവയുടെ പ്രമാണിമാർ ഫറോവയോട് മൂസയെയും അവന്റെ ആളുകളെയും താങ്കൾ ഒഴിവാക്കി വിടുകയാണോ എന്ന് ചോദിച്ചപ്പോൾ ഫറോവ ഇങ്ങിനെ മറുപടി നൽകി.:

سَنُقَتِّلُ أَبْنَاءهُم وَنَسْتَحْيِى نِسَاءهُمْ

സംശയമില്ല ഞാൻ അവരുടെ അബ് നാ(أَبْنَاء )ഉകളെ കൊല്ലുകയും അവരുടെ  നിസാ(نسَاء)ഉകളെ ജീവിക്കാൻ വിടുകയും ചെയ്യും.”

മൂന്നാമത്തെ വചനമായ 40:25 ൽ ഹാമാനും(هَامَان) ഖാറൂനും (قَارُون) താഴെ പറയുന്ന ഉപദേശം ഫറോവക്കു നൽകുന്നു.

اقْتُلُوا أَبْنَاء الَّذِينَ آمَنُوا مَعَهُ وَاسْتَحْيُوا نِسَاءهُم

"മൂസയുടെ കൂടെ സമാധാനം സ്വീകരിച്ച അബ് നാ(أَبْنَاء)ഉകളെ കൊല്ലുകയും അവരുടെ നിസാ(نِسَاء) ഉകളെ ജീവിക്കാൻ വിടുകയും ചെയ്യുക"

നമ്മുടെ പാരമ്പര്യ വ്യാഖ്യാതാക്കൾ മുകളിൽ പറഞ്ഞ വചനത്തെ പരിഭാഷപ്പെടുത്തിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

"അവരിലെ വിശ്വാസികളായ ആളുകളുടെ  പുതുതായി ജനിക്കുന്ന ആൺകുട്ടികളെ കൊല്ലുകയും അവരുടെ പുതുതായി ജനിക്കുന്ന പെൺകുട്ടികളെ ജീവിക്കാൻ വിടുകയും ചെയ്യുക"

ഈ വ്യാഖ്യനത്തിൽ ഒരുപാട് തെറ്റുകളുണ്ട്. ഒന്ന്, പ്രവാചകനായ മൂസാ ഫറോവയുടെ കൊട്ടാരം സന്ദർശിക്കുകയും വെല്ലുവിളിക്കുകയും ചെയ്ത സന്ദർഭമാണ്.ഹാമാനും,ഖാറൂനുമെല്ലാം അവിടെയുണ്ടായിരുന്നു.. അപ്പോൾ മൂസാ പ്രായപൂർത്തിയായ യുവാവായിരുന്നു.പുതുതായി ജനിച്ച ആൺകുട്ടിയല്ല.രണ്ട്,നിസാءنِسَا)എന്ന പദവും അ-ന്നിസാ(النِّسَاء)എന്ന പദവും പ്രായപൂർത്തിയായ സ്ത്രീക്കാണ് ഉപയോഗിക്കുക. പുതുതായി ജനിച്ച പെൺകുട്ടികൾക്കല്ല.മൂന്ന്,അല്ലദീന ആമനൂ(الَّذِين آمَنُوا) (സമാധാനത്തിൽ വിശ്വസിച്ചവർ) എന്നതുകൊണ്ട് വ്യക്തമാക്കുന്നത് "أَبْنَاء"ആകുകളെയാണ്.അതുകൊണ്ടുതന്നെ أَبْنَاء الَّذِينَ آمَنُواഎന്നു പറഞ്ഞതിൽ നിന്നും വിശ്വാസികളായിത്തീർന്ന അബ് നാഉകളാണ്. ഫറോവക്ക് വിശ്വാസികളായ ആളുകളുടെ മക്കളെ കൊന്നിട്ട് എന്തു കിട്ടാനാണ്. പ്രായപൂർത്തിയാവുകയും സമാധാന സന്ദേശത്തിൽ വിശ്വസിച്ചവരാണ് ഫറോവയുടെ അധികാരത്തെ ചോദ്യം ചെയ്തത്.  അല്ലാതെ അവരുടെ പിറന്നു വീണ കുട്ടികളല്ല.പ്രായപൂർത്തിയെത്തിയവരും

ശാരീരിക കഴിവുള്ളവരുമായ ആളുകളാണ് ഫറോവയുടെ ഏകാധിപത്യത്തെ ചോദ്യം ചെയ്യുകയും അയാൾക്കൊരു തടസ്സമായി നിന്നവരും. പക്ഷെ പഴങ്കഥയുടെയും ,ജൂദന്മാരുടെ കെട്ടുകഥകളുടെയും സ്വാധീനത്തിൽ പെട്ട നമ്മുടെ വ്യഖ്യാതാക്കൾ ഖുർആനിനെ വളച്ചൊടിക്കുകയും ഒരു മുത്തശ്ശിക്കഥ പറയുന്ന ഗ്രന്ഥമാക്കി മാറ്റുകയും ചെയ്തു.അതുകൊണ്ടു തന്നെ ഖുർആനിലെ ഫറോവയുടെ ഏകാധിപത്യത്തെ വെല്ലുവിളിച്ച, മനുഷ്യാവകാശങ്ങളെ തിരിച്ചുകൊണ്ടുവന്ന ഐശ്വര്യ കാംക്ഷികളും ,ധീരന്മായവരുടെ പാഠം എവിടെപ്പോയി?.നമ്മുടെ പാരമ്പര്യ വ്യഖ്യാതാക്കൾ ഈ രൂപത്തിൽ അർത്ഥങ്ങൾ അട്ടിമറിച്ചപ്പോൾ നമ്മുടെ സമൂഹത്തിലെ അബ് നാഉകൾ നിസ്സഹായരാവുകയും, പ്രതീക്ഷകൾ മുഴുവൻ ഉപേക്ഷിക്കുകയും ചെയ്യുവരാകുകയും ചെയ്തു.

നാം നിസാ (نِسَاء) എന്ന അറബി പദത്തിന്റെ അർത്ഥത്തിലേക്ക് വിശദമായി പ്രവേശിക്കുകയാണെങ്കിൽ ആ പദം ഉന്നതരാൽ അടിച്ചമർത്തപ്പെട്ടവരും,അവജ്ഞത അനുഭവിക്കുന്നവരുമായ ആണിനും പെണ്ണിനും ഉപയോഗിക്കും.അതുകൊണ്ടു തന്നെ ഈ നിസ്സഹായരായ ആളുകൾക്ക് അവരുടെ ശബ്ദം ഉയർത്താനോ,ഉന്നതർക്കെതിരിൽ പ്രതികരിക്കാനോ,തങ്ങളുടെ അവകാശങ്ങൾ ഉന്നയിക്കാനോ കഴിയാത്തവരാണ്. ഇതാണ് ഈ വചനത്തിലെ നിസാ (نِسَاء)എന്നതിന്റെ അർത്ഥം.ഇനി ആയത്തിൽ ഉപയോഗിച്ച മറ്റൊരു പദം ലൈൽ (لَيْل)എന്നതാണ് അതിന്റെ അർത്ഥവും ഒന്നു വിശദമാക്കേണ്ടതുണ്ട്.

2:185 ൽ പറഞ്ഞ ഷഹ്റു റമളാൻ (شَهْرُ رَمَضَان)എന്നു പറഞ്ഞതിന്റെ മറ്റൊരു നാമമാണ്2:187 ൽ പറഞ്ഞ ലൈലത്തു അസ്സിയാം(لَيْلَة الصِّيَام) എന്നത്.അസ്സിയാം(الصِّيَام) എന്നതിന്റെ അർത്ഥം വ്യക്തമാണല്ലോ?തിന്മകളെ തടുക്കാനും നിർത്തൽ ചെയ്യാനും,നന്മ വ്യാപിപ്പിക്കാനും അതിലൂടെ സ്വയം പരിഷ്കരിക്കാനുമുള്ള ജനങ്ങളുടെ പ്രവർത്തനമാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്.നന്മ വ്യാപിപ്പിക്കാനോ തിന്മയെ തടുക്കാനോ വേണ്ടി ആരും പ്രവർത്തിക്കാത്ത കാലഘട്ടമാണ് ആ ഇരുളടഞ്ഞ രാത്രികൾ.ഏകാധിപതികൾ അവരുടെ ഏകാധിപത്യങ്ങളും കുറ്റ കൃത്യങ്ങളും തുടർന്നുകൊണ്ടേയിരിക്കുകയും ആർക്കും തങ്ങളുടെ നീതി ആവശ്യപ്പെടാനോ,അവകാശങ്ങൾ ഉന്നയിക്കാനോ കഴിയാത്ത ഒരു കാലം.ഈ കാലഘട്ടത്തെയാണ് ഖുർആൻ ലൈലത്ത അസ്സിയാം ((لَيْلَة الصِّيَام)എന്നു വിളിച്ചത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെട്ട കാലം.സമൂഹത്തെ പുനഃസൃഷ്ടിക്കാനും പരിഷ്കരിക്കാനും ആഗ്രഹിച്ച ഇരുട്ട് അതാണ്.ഇനി നമുക്ക് താഴെ പറയുന്ന വചനത്തിന്റെ അർത്ഥമൊന്നു നോക്കാം.

أُحِلَّ لَكُمْ لَيْلَةَ الصِّيَامِ الرَّفَثُ إِلَىٰ نِسَائِكُمْ

സ്വേച്ഛാധിപത്യത്തിന്റെ ഇരുളടഞ്ഞ രാത്രികളുടെ കാലത്ത് നിസ്സഹാ

യരായ ജനതയോട് മോശമായി പെറുമാറുക എന്നത് നിയമപരമാക്കപ്പെട്ടിരുന്നു.

മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെട്ട കാലത്ത് നിസ്സഹായരും,അഗതികളുമായവരോട് മോശമായി പെറുമാറുക എന്നത് അനുവദിക്കപ്പെട്ടതായി അവർ കണ്ടിരുന്നു പണക്കാർക്കും അധികാരികൾക്കും മറ്റുള്ളവരോട് മോശമായി പെറുമാറുന്നതിലും മറ്റുള്ളവരെ ചെറുതാക്കി കാണുന്നതിലും ഒരു ഭയവും ഉണ്ടായിരുന്നില്ല.

هُنَّ لِبَاسٌ لَّكُمْ وَأَنْتُمْ لِبَاسٌ لَهُنَّ

അവർ നിങ്ങളുടെ വസ്ത്രമാണ്,നിങ്ങൾ അവുടെയും വസ്ത്രമാണ്.

ഇതിനർത്ഥം, നിങ്ങൾ അപമാനിക്കുകയും,മോശമായി പെറുമാറുകയും,തകർക്കുകയും,അവരുടെ അധ്വാനത്തിന്റെ ഫലം കവർന്നെടുക്കുകയും ചെയ്ത ആ പാവങ്ങൾ നിങ്ങളുടെ ജനത തന്നെയാണ്.നിങ്ങളുടെയൊക്കെ പൂർവ്വീകർ ഒന്നു തന്നെയാണ്.അതിനാൽ പണക്കാരാകട്ടെ ,പാവപ്പെട്ടവരാകട്ടെ പരസ്പരം ബന്ധുക്കളാണ്. അവരുടെ അധ്വാനത്തിന്റെ ഫലങ്ങൾ കവർന്നെടുക്കുകയും,അവരെ അപമാനിക്കുകയും ചെയ്യുക വഴി നിങ്ങൾ കുറ്റകരമായ കൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അത്തരം തിന്മയുടെ പ്രവർത്തനങ്ങൾ നിറുത്തിവെക്കേണ്ട സമയമാണ്

عَلِمَ اللَّـهُ أَنَّكُمْ كُنتُمْ تَخْتَانُونَ أَنفُسَكُمْ

ദൈവം നിങ്ങൾ നിങ്ങളുടെ സ്വന്തം ജനങ്ങളോടു കാണിക്കുന്ന വഞ്ചന അറിഞ്ഞിരിക്കുന്നു(നിങ്ങൾ അവരുടെ അധ്വാനത്തിന്റെ ഫലം കവർന്നെടുക്കുന്നത്)

فَتَابَ عَلَيْكُمْ وَعَفَا عَنكُمْ

അപ്പോൾ അല്ലാഹു നിങ്ങളിലേക്കു തിരിയുകയും നിങ്ങൾക്ക് മാപ്പ് നൽകുകയും ചെയതിരിക്കുന്നു.

ഈ വചനങ്ങൾ അവതരിപ്പിക്കുന്ന കാലത്ത് ഉന്നതന്മാർ ചിന്തിച്ചിരുന്നത് സമൂഹത്തിലെ നിസ്സഹായരോട് മോശമായി പെറുമാറുന്നതും,അപമാനിക്കുന്നതും ശരിയായിരുന്നു എന്നാണ്.പണക്കാർ പാവപ്പെട്ടവരുടെ അധ്വാനത്തിന്റെ ഫലം കവർന്നെടുക്കുന്നതിൽ ഒരു മനസ്സിൽ കുത്തും അനുഭവിച്ചിരുന്നില്ല. ഈ സമയത്ത് സമൂഹത്തിലെ നല്ല മനുഷ്യർ അതിനെതിരിൽ പ്രവർത്തിക്കണം.അവർ ഉന്നതന്മാരെ ഇത്തരം തിന്മകൾക്ക് വിധേയരാകുന്നതിൽ നിന്നും തടയണം.അങ്ങിനെ ചെയ്താൽ ദൈവം അവരിലേക്കു അനുകൂലമായി കൊണ്ടു തിരിയും.പക്ഷെ ദൈവത്തിന്റെ അനുഗ്രഹവും കാരുണ്യവും ലഭിക്കണമെങ്കിൽ അവർ ആദ്യമായി വഞ്ചന

നിർത്തുക തന്നെ ചെയ്യണം. ദൈവം ഒരിക്കലും അവന്റെ നിയമങ്ങൾക്ക് മാറ്റം വരുത്തുക ഇല്ല. അതുകൊണ്ട് ഇന്നലെ അസത്യവും,അവിശ്വാസവുമായിരുന്ന എന്തുണ്ടോ ,അത് ഇന്ന് സത്യവും,വിശ്വാസവും ആവുകയില്ല.ദുഃഖകരമെന്നു പറയട്ടെ നമ്മുടെ പൂർവ്വീകർ വഞ്ചനയും,മനുഷ്യാവകാശ ലംഘനങ്ങളും, അല്ലെങ്കിൽ നിസ്സഹായരെ മുതലെടുക്കലും ഒന്നും ഇവിടെ ചിന്തിച്ചതേയില്ല.അവർ റഫസ് (رَفَث) എന്ന അറബി പദത്തെ വെറും ലൈംഗിക ബന്ധമായി മാത്രം കണ്ടു.അവർ ഈ വഞ്ചനയും കള്ളത്തരവുമെല്ലാം അവരുടെ വീക്ഷണങ്ങൾക്കു ഒരു പിന്തുണയായി കണ്ടു.ദുശിച്ച സംസാരം,കൊച്ചാക്കൽ ,അവഹേളനം എന്നീ യഥാർത്ഥ അർത്ഥങ്ങളെ മാറ്റി മറിക്കുന്നതിൽ അവർക്ക് ഒരു പ്രയാസവും തോന്നിയില്ല. ഈ അർത്ഥങ്ങൾ നാം നൽകുക മുഖേനഈ വചനത്തിന്റ യഥാർത്ഥ സന്ദേശം നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.പരമകാരുണികനായ ദൈവം ഉന്നതരായ പണക്കാരോടും, സമൂഹത്തിലെ പാവപ്പെട്ടവരിൽ നിന്നും അകന്നു നിൽക്കുന്നവരോടും,അവരോടു തൊട്ടുകൂടാത്തവരെപ്പോലെ പെറുമറുന്നവരോടും അഭിസംബോധന ചെയ്തുകൊണ്ട് നിങ്ങൾ ചെയ്യുന്ന ഈ വഞ്ചനകൾ അല്ലാഹു അറിയുന്നുണ്ടെന്നും അവർക്ക് മാപ്പ് നൽകുകയാണെന്നും പറയുന്നു.അതിനാൽ നിസ്സഹായരെ അവഹേളിക്കൽ നിർത്തണമെന്നും,സാമൂഹിക ബന്ധങ്ങൾ പുനഃസ്ഥാപിക്കണമെന്നും ,അവരോടു സഹോദരീ സഹോദരന്മാരോടു പെറുമാറുന്നതുപോലെ പെറുമാറണമെന്നും അല്ലാഹു പറയുന്നു.

فَالْآنَ بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللَّهُ لَكُمْ

> അതുകൊണ്ട് അവരുമായി ഉറ്റ സൗഹൃദം സ്ഥാപിക്കുകയും ദൈവീക കൽപനകൾക്കനുസരിച്ച് നിങ്ങൾക്ക് എന്താണ് നിയമാനുസൃതമായിട്ടുള്ളതെന്നു കണ്ടെത്തുകയും ചെയ്യുക.

ഈ വചനത്തിലെ ബാശിറൂഹുന്ന(بَاشِرُوهُنَّ)എന്ന പദത്തിന്റെ അർത്ഥം അട്ടിമറിച്ചുകൊണ്ട് നമ്മുടെ പൂർവ്വീകരായ ഇമാമുകൾ എങ്ങിനെയാണ് വിശുദ്ധമായ ഒരു സന്ദേശത്തെ തകർത്തുകളഞ്ഞത് എന്നു കണ്ടുവോ?സാമൂഹികമായ ഉറ്റ സൗഹൃദ ബന്ധങ്ങളെ കൊണ്ടുപോയി ലൈംഗിക വേഴ്ചയാക്കി മാറ്റി.ഈ ബാശിറൂഹുന്ന എന്ന അറബി വാക്കിന്റെ മൂല അക്ഷരങ്ങളാണ് ബാഅ,ശീൻ, റാഅ(ر ش ب)എന്നിവ.നേരിട്ടു ബന്ധപ്പെടുക എന്നതാണ് ഇതിന്റെ ഭാഷയിലുള്ള അർത്ഥം.ഭാഷാശാസ്ത്രപ്രകാരം രണ്ടു അർത്ഥങ്ങളാണ് ഇതിനുള്ളത്. ഒരാളെ "കണ്ടു മുട്ടുക”,"നല്ല സന്ദേശം കൈമാറുക" എന്നിവയാണ് ആ അർത്ഥങ്ങൾ .നമ്മുടെ വ്യഖ്യാതാക്കൾ “കണ്ടു മുട്ടുക"എന്ന അർത്ഥമെടുക്കുകയും എന്നിട്ട് ലൈംഗിക വേഴ്ച എന്ന അർത്ഥം നൽകുകയുമാണ് ചെയ്തത്.

ഈ വചനത്തിലെ ബാശിറൂഹുന്ന (بَاشِرُوهُنَّ) എന്ന പദത്തിന്റെ അടിസ്ഥാന അർത്ഥമാണ് നല്കുന്നത് . സന്ദർഭത്തിനും ഇവിടെ ചർച്ച ചെയ്യുന്ന വിഷയത്തിനു

അനുയോജ്യമായതും ആ അർത്ഥം തന്നെയാണ്.ഇവിടുത്തെ വിഷയം സമൂഹത്തിലെ ദുർബലരും നിസ്സഹായരുമായ ആളുകളുടെ ദുഃഖകരവും സങ്കടകരവുമായ അവസ്ഥ വിവരിക്കലാണ്.അവരുടെ അവകാശങ്ങൾ തകർക്കപ്പെട്ടിരിക്കുന്നു.അവർ അവഹേളിക്കപ്പെട്ടിരിക്കുന്നു.അവരുടെ അധ്വാനത്തിന്റെ ഫലം കവർന്നെടുക്കപ്പെട്ടിരിക്കുന്നു.പണക്കാരും,സ്വാധീനമുള്ളവരും അവരിൽ നിന്നും അകന്നു നിൽക്കുന്നു.പരമകാരുണികൻ ഈ വഞ്ചന അറിഞ്ഞിരിക്കുന്നു. എന്നിട്ടും അവൻ കഴിഞ്ഞ തെറ്റുകൾ മാപ്പാക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു.അതിനാൽ ഉടനെ ഈ വഞ്ചന അവർ നിറുത്തി വെക്കുകയും തെറ്റുകൾ തിരുത്താനുള്ള വഴികൾ സ്വീകരിക്കുകയും ചെയ്യണം.ഇപ്പോൾ നിസ്സഹായരോടും, ദുർബലരോടും ഉറ്റ സൗഹൃദ ബന്ധം സ്ഥാപിക്കുകയും ചെയ്യുവീൻ(فَالْآنَ بَاشِرُوهُنَّ)കൂടാതെ ദാരിദ്ര്യത്തിന്റയും അനീതിയുടെയും ഇരുണ്ട ദിനങ്ങൾ അവസാനിച്ച എന്ന നല്ല വാർത്ത അവർക്കു നൽകുകയും ചെയ്യുക.ഇന്നുമുതൽ നിങ്ങളുടെ അധ്വാനത്തിന്റെ ഫലം ആരും കവർന്നെടുക്കില്ല.പണക്കാരുടെയും സ്വാധീനമുള്ളവരുടെയും മോശമായ പെരുമാറ്റവും അവഹേളനയും അധിക കാലം ഇനി ഭയപ്പെടേണ്ടി വരില്ല.മറ്റുള്ളവരുടെ അധ്വാനത്തിന്റെ ഫലം കവർന്നെടുക്കേണ്ടതിനു പകരം തങ്ങൾക്കു നിയപരമായി എന്താണോ അനുവദിച്ചത് അതു മാത്രം ചെയ്യുകയും ചെയ്യുന്നു. ഇതിനു അവർക്കുള്ള മാർഗ്ഗം ഖുർആനിന്റെ അവതരണമാണ്.അതാണ് സത്യത്തിന്റെയും അസത്യത്തിന്റെയും ഇടയിൽ വേർതിരിക്കുന്ന മാർഗ്ഗ രേഖ. അങ്ങിനെ സമൂഹത്തിലെ തെറ്റായ പാരമ്പര്യങ്ങളെയും നാട്ടുനടപ്പുകളെയും ,വിശ്വാസങ്ങളെയും തിരിച്ചറിയാൻ കഴിയും.പരമ കാരുണികൻ പറയുന്നു.

وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُم الْخَيْطُ الأَبْيَضُ مِنَ الخيْطِ الأَسْوَدِ مِنَ الفجر

" പ്രഭാത(الفجر)ത്തിന്റെ നിന്നും വെള്ള നൂൽ കറുത്ത നൂലിൽ വേർതിരിയുന്നവരെ തിന്നുകയും കുടിക്കുകയും ചെയ്യുക"

നമ്മുടെ ഇമാമുകളും മുഫസ്സിറുകളും നോമ്പിന്റെ സമയമാണ് ഇവിടെ വിവരിക്കുന്നത്.വെള്ള നൂലുകൊണ്ട് ഇവർ അർത്ഥമാക്കുന്നത് പ്രഭാതത്തിന്റെ തുടക്കവും,കറുത്തനൂലു കൊണ്ട് അർത്ഥമാക്കുന്നത് രാത്രിയുടെ അവസാനവുമാണ്.അതുപോലെ മിനൽ ഫജ് രി(مِنَ الْفَجْرِ) കൊണ്ട് ഇവർ അർത്ഥമാക്കുന്നത് പ്രഭാതത്തെയാണ പാരമ്പര്യ വ്യഖ്യാനങ്ങളെ ഇങ്ങിനെ മനസ്സിലാക്കാം.

“പ്രഭാതത്തിലെ വെള്ള നൂലിൽ നിന്നും രാത്രിയുടെ കറുത്ത നൂല് തിരിച്ചറിയുന്നതുവരെ രാത്രിയിൽ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക"

ഈ വ്യഖ്യാനത്തിലെ അടിസ്ഥാനപരമായ തെറ്റ് എന്താണെന്നു പറഞ്ഞാൽ ഈ പ്രസ്ഥാവനയിലെ കർത്താവ് മനുഷ്യനെയാക്കി എന്നുള്ളതാണ്."നിങ്ങൾ കാണുന്നതുവരെ" എന്നു വിശദീകരിക്കാൻ പറ്റിയ ഒരു അറബി പദം ഈ വചനത്തിലി

ല്ല.രണ്ടാമത്തെ തെറ്റ് അൽ-ഗൈത്തുൽ അബ് യള് "الْخَيْطُ الْأَبْيَضُ"(വെള്ള നൂല്) എന്ന കൂട്ടി ഘടിപ്പിക്കപ്പെട്ട പദം .അതാണ് കർത്താവ്(subjuct) അതിനെ കൊണ്ടു പോയി കർമ്മം(object)ആക്കി.ഇവിടെ" الْخَيْطُ الْأَبْيَضُ"(വെളുത്ത നൂല്)എന്നതാണ് കർത്താവ്(subject)അതുപോലെ "اَلْخَيْطُ الْأَسْوَدِ"(കറുത്ത നൂല്) എന്നത് കർമ്മവുമാണ്. അതിനാൽ വെളുത്തനൂലാണ് കറുത്തനൂലിനെ വേർതിരിക്കുന്നത്.ഇവിടെ വെള്ള നൂല് കൊണ്ടു പ്രഭാത രശ്മികളെയോ,അല്ലെങ്കിൽ പ്രഭാതത്തിന്റെ പൊട്ടിവിടരിലേനേയോ നാം പരിഗണിച്ചാൽ, വെള്ള നൂലോ,അല്ലെങ്കിൽ രാത്രിയിലെ കിരണങ്ങളോ ആയിരിക്കും വേർതിരിക്കുന്നത്.നിലവിൽ ഇവിടെ രാത്രി ഉണ്ടല്ലോ? .അതിനാൽ പ്രഭാത രശ്മികൾ രാത്രിയെ വേർതിരിച്ച് വ്യക്തമാക്കി തരേണ്ട ആവശ്യമില്ല.വ്യക്തമായി പറഞ്ഞാൽ ദിവസത്തിന്റെ തുടക്കത്തെ സൂചിപ്പിക്കുന്നത് പ്രഭാത രശ്മികൾ ആണല്ലോ?.

മൂന്നാമത്തെ തെറ്റ് പരിഭാഷക്കാർ ഇവിടെ പ്രത്യേക പദ(مَعْرِفَةproper noun)മായി എടുത്തിട്ടില്ല എന്നതാണ്.പ്രഭാതം(اَلْفَجر) എന്നത് പ്രത്യേക പദമാണ്.അതുകൊണ്ടു തന്നെ അത് പ്രത്യേക പ്രഭാതമാണ്.ഓരോ ദിവസത്തിന്റെയും തുടക്കത്തിൽ വരുന്ന സാധാരണ അല്ലെങ്കിൽ പൊതുവായ(نكرة common)വരുന്ന പ്രഭാതമല്ല.അതേപോലെ തന്നെയാണ് " الْخَيْطُ الْأَبْيَضُഎന്നപദവും اَلْخَيْطُ الْأَسْوَدِ എന്ന പദവും.രണ്ടും രണ്ട് പ്രത്യേക പദങ്ങളാൽ ഘടിപ്പിക്കപ്പെട്ടവയാണ്.അതുകൊണ്ടു തന്നെ സാധാരണ ദിവസത്തിന്റെ വെളുപ്പോ,സാധാരണ രാത്രിയുടെ കറുപ്പോ അല്ല ഇവിടെ ഉദ്ദേശം.എല്ലാ ദിവസവും പ്രഭാതത്തിൽ നാം കാണുന്ന പ്രഭാത രശ്മികൾക്ക് അറബി ഭാഷയിൽ "خَيْط أَبْيَض"എന്നും അതുപോലെ സാധാരണ രാത്രിയിലെ ഇരുട്ടിന് "خَيْط أَسْود"എന്നുമാണ് പറയുക.

ചുരുക്കി പറഞ്ഞാൽ ഇവിടെ ഘടിപ്പിക്കപ്പെട്ട(مركَّب)ഓരോ വാക്കുകളിലെയും പദങ്ങൾ പ്രത്യേക പദങ്ങൾ ആണ്.ആ വെള്ള(اَلْأَبْيَض the white) അല്ലെങ്കിൽ ആ കറുപ്പ്(اَلْأَسْود the black)എന്നീ രണ്ടു പദങ്ങളും ആ നൂല്(اَلْخَيْط the thread)എന്നതിന്റെ വിശേഷണങ്ങളാണ്.

രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം എന്താണെന്ന വെച്ചാൽ ആ വെള്ള നൂലാണ് ആ കറുത്ത നൂലിനെ വേർതിരിക്കുന്നത്.മറ്റൊരു വാക്കിൽ പറഞ്ഞാൽ ആ വെളുത്ത നൂല് കാണിച്ച തരുന്നതുവരെ ആർക്കും കറുത്ത നൂല് കാണാൻ കഴിയില്ല.അതിനർത്ഥം ഒരു സാധാരണ രാത്രിയാണെങ്കിൽ പുറത്ത് ഇരുട്ടു വീഴുന്നതോടുകൂടി എല്ലാവർക്കും മനസ്സിലാക്കാൻ കഴിയും അത് ഇരുട്ടാണ് എന്ന്.അപ്പോൾ ഇവിടെ ഒന്നിന്റെ വരവിനെക്കുറിച്ച് നമുക്കു വിവരം നൽകപ്പെടുന്ന സംഗതിയാണ്.

അതുപോലെ അല്-ഫജ്ർ(اَلْفَجْر)എന്നതും പ്രത്യേക പദമാണ്.ഒരു പ്രത്യേക രാത്രിയെയാണ് ആ പദം പ്രതിനിദാനം ചെയ്യുന്നത്.നാം ദിവസവും കാണുന്ന

സാധാരണ" പ്രഭാതം" അല്ല.അറബിയിൽ സാധാരണ പ്രഭാതത്തിന് ഫജ്ർ "فجر"എന്നാണ് പറയുക. പക്ഷെ നമ്മുടെ പുരോഹിത വർഗ്ഗം അത്യുന്നമായ ഖുർ ആനിനെ വെറും പാരമ്പര്യ മതഗ്രന്ഥമായി അവതരിപ്പിക്കാനാണ് താല്പര്യം കാട്ടുന്നത്.അതുകൊണ്ടു തന്നെ മുകളിലെ അറബി പദങ്ങൾ അവരുടെ പാരമ്പര്യ മതത്തിനനുസരിച്ച് വ്യാഖ്യാനിക്കാൻ വേണ്ടി ഇവയുടെ അർത്ഥങ്ങൾ മാറ്റി മറിച്ചു കളഞ്ഞു.

ഇവിടുത്തെ "ആ വെള്ള നൂല്" "ആ കറുത്ത നൂല്" "ആ പ്രഭാതം" എന്നീ പദങ്ങളെല്ലാം പ്രത്യേക പദങ്ങളാണ്.അതുപോലെ "ആ വെള്ള നൂല്" എന്നത് കർത്താവ് ആണ് .അതിന്റെ സ്വാധീനം കർമ്മമായ "ആ കറുത്ത നൂലിലാണ്" നടക്കുന്നത്.

ഈ വചനത്തിലെ മൂന്നു പദങ്ങളും ആലങ്കാരിക അർത്ഥങ്ങളാണ് വ്യക്തമാക്കുന്നത്."ആ വെള്ള നൂലും" "ആ കറുത്ത നൂലും" "ആ പ്രഭാതവു"മെല്ലാം എന്താണെന്നു നമുക്കു കണ്ടു പിടിക്കണം.

അൽ-ഫജ്ർ" اَلْفَجر" എന്ന അറബി പദം ഖുർആനിലെ സൂറത്തു അൽ-ഇസ്റാഇൽ 78◌ാമത്തെ വചനത്തിൽ രണ്ടു പ്രാവശ്യം വന്നിട്ടുണ്ട്.അൽ-ഫജ്ർ എന്തിനെയാണ് സൂചിപ്പിക്കുന്നത് എന്ന് ഈ ആയത്ത് നമുക്കു പറഞ്ഞു തരുന്നു.

أَقِمِ الصَّلوةَ لِدُلُوكِ الشَّمْسِ إِلَى غَسَقِ اللَّيْلِ وَقُرْآنِ الْفَجْرِ
إِنَّ قُرْآنِ الْفَجْرِ كَانَ مَشْهُودًا

ക്കൂരിരുട്ടിനെ നീക്കം ചെയ്യുകയും സൂര്യനെ മുന്നോട്ടു കൊണ്ടുവരുന്നതിനും
ദൈവീക കല്പനകൾ സ്ഥാപിക്കുക. ഖുർആൻ അൽ-ഫജ്റും.

നാം ഇവിടെ സ്വിയാമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. സ്വലാത്ത് അല്ല.അതുകൊണ്ട് സ്വലാത്ത് ചെറുതായി ഒന്നു സൂചിപ്പിക്കാം.സ്വലാത്ത് എന്നതിന്റെ അർത്ഥം നമസ്കാരം എന്നല്ല.മറിച്ച് അല്ലാഹുവിന്റെ കൽപകൾ അഥവാ അവന്റെ വ്യവസ്ഥിതിയാണ് (നീതിന്യായ,ഭരണ കാര്യങ്ങളെല്ലാം അടങ്ങുന്ന )സ്വലാത്ത്.ഈ വ്യവസ്ഥിതിയുടെ ഉല്പന്നമാണ് പുതിയ ഒരു പ്രഭാതം.ആ പ്രഭാതം ഐശ്വര്യത്തിനു പ്രതീക്ഷ കൊണ്ടു വരുന്നു.സമൂഹത്തിലെ സാമൂഹിക,സാമ്പത്തിക അസമത്വങ്ങളുടെ ഇരുട്ടിനെ നീക്കം ചെയ്യുന്നു.എന്താണ് ഖുർആൻ അൽ-ഫജ്ർ കൊണ്ടു ഉദ്ദേശിക്കുന്നത്.സൂര്യൻ ഉയരുന്നതോടുകൂടി രാത്രിയുടെ ഇരുട്ട് അപ്രത്യക്ഷമാകുന്നു. അതുപോലെ ഖുർആനിന്റെ തിളങ്ങുന്ന പ്രകാശം കാരണമായി സ്വേച്ഛാധിപത്യത്തിന്റെ ഇരുട്ട് അപ്രത്യക്ഷമാകുന്നു.വെള്ള നൂല് പ്രതിനിദാനം ചെയ്യുന്നത് ഖുർആനിക വചനങ്ങളുടെ തിളക്കത്തെയാണ്. അതുപോലെ സമൂഹത്തിൽ നിലനിന്നിരുന്ന തെറ്റായ പാരമ്പര്യങ്ങളെയും നാട്ടു നടപ്പുകളെയും തെറ്റായ വിശ്വാസങ്ങളെയു

മാണ് കറുത്ത നൂല് പ്രതിനിദാനം ചെയ്യുന്നത്.അതിനാൽ ഖുർആനിക അധ്യാപനങ്ങൾ തെറ്റായ പാരമ്പര്യങ്ങളെയും, വിശ്വാസങ്ങളെയും,വ്യക്തമാക്കി തരികയും സമൂഹത്തിൽ നിന്നും സ്വേച്ഛാധിപത്യത്തിന്റെ ഇരുട്ടിനെ നീക്കം ചെയ്യുകയും ചെയ്യുന്നു.

ഇനി നമുക്ക് അതേ വചനം ചെറുതായി ഒന്നു കൂടി വിശദീകരിക്കാം.

وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُم الْخَيْطُ الأَبْيَضُ مِنَ الخيْطِ الأَسْوَدِ مِنَ الفجر

ഈ ആയത്ത് വ്യക്തമാക്കുന്നത് ദൈവീക കൽപനകൾക്കനുസരിച്ചുള്ള വിജ്ഞാനം സമ്പാദിക്കാനും അവ നടപ്പാക്കാനും എങ്കിൽ അവയുടെ തിളങ്ങുന്ന പ്രകാശം സമൂഹത്തിലെ തെറ്റായ വിശ്വാസങ്ങളെയും ആചാരങ്ങളെയും വ്യക്തമാക്കി തരുകയും അവ നീക്കം ചെയ്യാൻ സഹായിക്കുകയും ചെയ്യും.

ثُمَّ أتِمُّوا الصِّيَامَ إِلَى اللَّيْلِ

പിന്നീട് എല്ലാ ഇരുട്ടിനേയും നീക്കം ചെയ്യേണ്ടതിലേക്ക് അസ്സിയാം(الصِّيَامَ)പൂർത്തിയാക്കുക.
മറ്റൊരു വാക്കിൽ പറഞ്ഞാൽ സത്യത്തിന്റെയും അസത്യത്തിന്റെ ഇടക്കുള്ള വ്യക്തതകൊണ്ടു മതിയാക്കാൻ പറ്റില്ല. മറിച്ച് ഖുർആനിനെ എല്ലാ ഇരുട്ടുംالليل " (സമൂഹത്തിലെ ഇരുണ്ട പ്രവർത്തനങ്ങൾ) പുറത്തു കൊണ്ടുവരുന്നതിനുവേണ്ടി ഉപയോഗിക്കണം.അവയെല്ലാം നിർത്തൽ(അസ്സിയാം) ചെയ്യുകയും വേണം.
ദയവുചെയ്ത് "അല്ലൈൽ" (اللَّيْلِ) എന്ന പദം ഒന്നു ശ്രദ്ധിക്കുക.ഈ പദവും പ്രത്യേക(proper noun)പദം ആണ് .സാധാരണ പകൽ അസ്തമിച്ച ശേഷം നാം കാണുന്ന രാത്രിയല്ല. ഇതൊരു പ്രത്യേക രാത്രിയാണ് .എപ്പോഴാണോ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുകയും സമൂഹത്തിലെ നിസ്സഹായർ അപമാനിക്കപ്പെടുകയും ചെയ്യുന്നത് ഖുർആൻ ആ കാലഘട്ടത്തെയാണ് "ആ ഇരുണ്ട രാത്രി"(اللّيل)എന്നു വിളിച്ചത്.

പരിഷ്കരണ പദ്ധതികൾക്ക് മുന്നിട്ടിറങ്ങുന്നവർക്ക് ദൈവീക ഗ്രന്ഥത്തെക്കുറിച്ച് അഗാധമായ ജ്ഞാനവും അറിവും നേടിയവനാവണം.അതാതിന്റെ സമയത്തിനു മുമ്പ് തന്നെ ഏതൊരു നല്ല വാർത്തയും സങ്കീർണതക്കും,അരാജകത്വത്തിനു കാരണമാകും.ഈ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വം ഏല്പിക്കപ്പെട്ട വ്യക്തികൾ വികസിക്കുകയും ഖുർആനിക അധ്യാപനങ്ങൾക്കനുസൃതമായിട്ടുള്ള പ്രവർത്തങ്ങളുടെ പദ്ധതി നടപ്പാക്കുകയും വേണം.ഒന്നും വാഗ്ദാനം ചെയ്യുന്നത് നല്ലതല്ല.നടപ്പാക്കാൻ കഴിയാത്ത വാഗ്ദാനങ്ങൾ ദാരിദ്ര്യം അല്ലാതെ മറ്റൊന്നും കൊണ്ടു വരില്ല.അതിനാൽ പരമകാരുണികൻ പറയുന്നു.

ق

وَلَا تُبَاشِرُوهُنَّ وَأَنتُمْ عَاكِفُونَ فِي الْمَسَاجِدِ

ഇവിടെ നിങ്ങൾ ദൈവീക കൽപനകളുടെ പഠനത്തിലും അതു നടപ്പാക്കാനുള്ള ആസൂത്രണത്തിലും മുഴുകിയിരിക്കെ ആ ദുർബല ജനവിഭാഗങ്ങൾക്ക് ഒരു നല്ല വാഗ്ദാനങ്ങളും നൽകരുത് എന്നാണ് അല്ലാഹു പറയുന്നത്.

تِلْكَ حُدُودُ اللَّـهِ

ഇവയെല്ലാം ദൈവത്താൽ നിർദ്ദേശിക്കപ്പെട്ട അതിരുകൾ അല്ലെങ്കിൽ പരിധികളാണ്.

فَلَا تَقْرَبُوهَا ۗ

അതിന്റെ അടുത്തേക്ക് വരികയോ മുറിച്ചുകടക്കുകയോ ചെയ്യരുത്.

ദൈവീക കൽപനകളെക്കുറിച്ചും അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ മനുഷ്യാവകാശങ്ങൾ കൊണ്ടുവരാൻ കഴിയുന്നതിനെക്കുറിച്ചും തെറ്റായതും ,ശരിയല്ലാത്തതുമായ പ്രതീക്ഷകൾ വെച്ചുപുലർത്തലിനെക്കുറിച്ചുമാണ് ഇതെന്നു വ്യക്തമാണ്.ദൈവത്തിന്റെ കല്പനകളെക്കുറിച്ചും,നിർദ്ദേശങ്ങളെക്കുറുച്ചുമാണ് ദൈവത്താൽ നിർദ്ദേശിക്കപ്പെട്ട പരിധികൾ(تِلْكَ حُدُودُ اللَّـهِ) എന്നു പറഞ്ഞത്.അവ(تِلْكَ) എന്നു ചൂണ്ടുന്നത് മസാജിദ്(مَسَاجد)എന്ന പദത്തിലേക്കാണ്. ഈ പ്രസ്താവന മസാജിദിനു(مَسَاجد) ശേഷം വന്നതാണ്." അവയാണ് ദൈവത്താൽ നിർദ്ദേശിക്കപ്പെട്ട പരിധികൾ"(تِلْكَ حُدُودُ اللَّـهِ)എന്നു പറഞ്ഞത്.ഇവിടെ മസാജിദുകൾ ആണ് ദൈവത്തിന്റെ പരിധികൾ.

ഒരു വസ്തുവിന്റെ അടുത്തേക്കു പോകുന്ന ആവശ്യകതയെ നിറുത്തി വെക്കാൻ രണ്ടു സാഹചര്യങ്ങളാണ് ഉണ്ടാവുക.ഒന്നുകിൽ ആ വസ്തു ഈ വ്യക്തിക്കു അപകടം ചെയ്യുന്നതായിരിക്കും. അല്ലെങ്കിൽ ആ വ്യക്തി ആ വസ്തുവിനു അപകടം ചെയ്യുന്നവനായിരിക്കും.ഇവിടെ രണ്ടു അപകടവും ഉണ്ടു. ജനങ്ങൾ ,പാകമാകുന്നതിനു മുമ്പ് തിടുക്കത്തിൽ പരിഷ്കരണ പരിപാടികളുടെ മെച്ചത്തെക്കുറിച്ചു പറയുക എന്നത് അത് പരാജയപ്പെടാൻ കാരണമാകും.അവർ ഈ പരിഷ്കരണ പരിപാടികൾ ഏറ്റെടുക്കുക എന്നത് ഹാനികരമായിത്തീരും.അതിന്റെ ഫലമായി ഈ പഗിപാടികളുടെ നേട്ടങ്ങൾ തന്നെ നഷ്ടപ്പെടാൻ ഇടവരും.ഈ പരിധികളെക്കുറിച് ചു(حُدُود ) മനസ്സിലാക്കുന്നതിനു മുമ്പ് സംസാരിക്കുക എന്നത് അപകടകരമായ സ്ഥിതിവിശേഷങ്ങൾ ക്ഷണിച്ചു വരുത്തും. “ഇതിനെ നീ മുറിച്ചു കടക്കരുത് "എന്ന കല്പന പട്ടിണി നോമ്പിനെക്കുറിച്ചല്ല.അങ്ങിനെയാണെങ്കിൽ ദൈവം എങ്ങിനെയാണ് അടുത്തു ചെല്ലാനോ മുറിച്ചു കടക്കാനോ പറ്റാത്ത കല്പനകൾ കല്പിക്കുക?തുടർന്നു പരമകാരുണികൻ പറയുന്നു.

كَذَٰلِكَ يُبَيِّنُ اللَّـهُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَّقُونَ

അങ്ങിനെയാണ് ദൈവം ജനങ്ങൾക്കു അവർ തഖ് വ تَقْوَى നേടേണ്ടതിലേക്കു അവന്റെ കല്പനകൾ വിവരിച്ചുകൊടുന്നത്

ദൈവത്തിൽ നിന്നുള്ള ഈ വചനങ്ങളാണ് അല്ലെങ്കിൽ കൽപനകളാണ് മുത്തഖി (مُتَّقِى)കൾ ആയിത്തീരാൻ നമ്മെ സഹായിക്കുന്നത്.അതായത് ദൈവത്തിന്റെ കല്പനകളും നിർദ്ദേശങ്ങളും പ്രതികരണാത്മകമാക്കിത്തീർക്കുന്നത്. ഈ കല്പനകളുടെ ആകെത്തുകയും സാരാംശവുമാണ് സ്വിയാം(صِيَام).അതിന്റെ അർത്ഥവും ഉദ്ദേശവുമാണ് അടുത്തവചനത്തിൽ വ്യക്തമാക്കുന്നത്.

وَلَا تَأْكُلُوا أَمْوَالَكُم بَيْنَكُم بِالْبَاطِلِ وَتُدْلُوا بِهَا إِلَى الْحُكَّامِ لِتَأْكُلُوا فَرِيقًا مِّنْ أَمْوَالِ النَّاسِ بِالْإِثْمِ وَأَنتُمْ تَعْلَمُونَ

"അന്യായമായി നിങ്ങൾ അന്യരുടെ വസ്തുക്കൾ എടുക്കരുത്.അങ്ങിനെ കിട്ടിയ സമ്പത്തിന്റെ ഒരു ഭാഗം ഭരണകർത്താക്കൾക്കു നൽകുകയും അരുത്.അതു അറിഞ്ഞുകൊണ്ടു നിങ്ങൾ ചെയ്യുന്ന കുറ്റമാണ്."
ഈ വചനങ്ങളെക്കുറിച്ചു അതിന്റെ ശരിയായ അർത്ഥത്തെക്കുറിച്ചും നാം ചിന്തിക്കുകയാണെങ്കിൽ നൂറ്റാണ്ടുകളായി നമ്മുടെ ഇമാമുകൾ എന്നു വിളിക്കപ്പെടുന്നവർ പറയുന്നതിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ചിത്രമാണ് നമുക്കു തരുന്നത്.സൗമിനെക്കുറിച്ചു നാം ഒരു കൂട്ടം പ്രവർത്തനങ്ങളുടെ പദ്ധതി എന്ന നിലക്കു പഠിക്കുകയാണെങ്കിൽ നമ്മുടെ തെറ്റുകൾ മുഴുവൻ അവസാനിപ്പിക്കാനും മനസ്സാക്ഷിയുടെ അത്യുന്നത തലത്തിലേക്കു നമ്മെ പരിഷ്കരിക്കാൻ സഹായിക്കുകയും ചെയ്യും.നാം എപ്പോഴും ദൈവീക കൽപനകൾ പിന്തുടരുന്നു.ദൈവീക കൽപനകൾക്കനുസരിച്ചുള്ള സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി സ്ഥാപിച്ചെടുക്കാൻ പരിശ്രമിക്കുന്നു. ഈ ലക്ഷ്യം സാക്ഷാൽകരിക്കാൻ നമുക്കു സാധിച്ചാൽ എല്ലാ സമൂഹങ്ങളും സമാധാനവും ക്ഷേമവും ആസ്വദിക്കുന്നു.ഒരാളും നിസ്സഹായരായി ഉണ്ടാവുകയില്ല. അങ്ങിനെ നമ്മുടെ താല്പര്യത്തോടുകൂടി ഒരു സമൂഹത്തെ പുനഃസൃഷ്ടിച്ചെടുത്താൽ ,നമ്മുടെ സമൂഹം ആരോഗ്യമുള്ളവരായി തീർന്നാൽ എല്ലാവർക്കും അതിന്റെ നേട്ടം ലഭിക്കുന്നു. നമ്മുടെ സമൂഹത്തിന് രോഗം ബാധിച്ചാൽ നമുക്കും വേദനിക്കുന്നു.(2: 183&184)

നമ്മുടെ സമൂഹത്തിൽ സ്വാർത്ഥതയും അരാജകത്വവും നടമാടുകയാണെങ്കിൽ,ഖുർആനിൽ നിന്നും നാം മാർഗ്ഗ ദർശനം സ്വീകരിക്കുകയും ദൈവീക കൽപനകളുടെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടും നമ്മുടെ സമൂഹത്തിന്റെ കേടുപാടുകൾ തീർക്കാനും നന്നാക്കാനും കഴിയും.സമൂഹം നേരിടുന്ന പ്രയാസങ്ങളെയും വെല്ലുവിളികളെയും നമുക്കു അതിജീവിക്കാൻ കഴിയുന്നു.ഈ പ്രവർത്തനങ്ങളുടെ ആസൂത്രണം നമ്മുടെ സ്വഭാവങ്ങളിലും ഗുണങ്ങളിലും കൊണ്ടുവരൽ ഏറ്റവും നല്ലതാണ്.ഈ പ്രവർത്തനങ്ങളുടെ പദ്ധതിയെക്കുറിച്ചു ജനങ്ങൾ കുറച്ചു അറിയുമ്പോൾ തന്നെ ആശ്ചര്യപ്പെട്ടു കൊണ്ടു ചോദിക്കുംഎങ്ങിനെ അല്ലെങ്കിൽ എപ്പോൾ ഇതിന്റെ വാഹകരായിത്തീരും എന്ന്. ആര് ദൈവീക കൽപനകൾ മനസ്സിലാ

ക്കുകയും അവ എങ്ങിനെ നടപ്പാക്കണമെന്നു അറിയുകയും ,അതിനെ സഹായി ക്കാൻ മുന്നോട്ടു വരികയും ആ പദ്ധതി നടപ്പാക്കുകയും ചെയ്താൽ അത് നിങ്ങൾക്കു സാധിക്കുമെന്ന്  പഠിച്ച വ്യക്തികൾ മറുപടി പറയും.(2:185&186)